KNANAYADEEPAM

# ക്നാനായ ദീപം

Vol: 34 / Issue: 8 August 2023 ₹ 10/-



## സ്വാതന്ത്ര്യദിനാശംസകൾ

# വേർപാടിന്റെ 2 – ാം വർഷം

**14-08-2023**



## ഫാ. ജെയ്സൺ സ്കറിയ

**ഇളവൻകളം, തുരുത്തി**

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

# ക്നാനായ ദീപം

2023 ഓഗസ്റ്റ് പുസ്തകം 34 ലക്കം 8

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

ഓർമ്മകളിൽ ഉമ്മൻചാണ്ടി 10
ഫാ. ജേക്കബ് കല്ലുകുളം

കളിയല്ല കരിയർ... 19
സുനിൽ ഡി. കുരുവിള

വ്യക്തിബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുക 21
സി.കെ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

ജനനത്തിനും മരണത്തിനുമിടയിലെ... 22
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

ക്രിസ്തുവും ബുദ്ധനും 23
റിയു റോയി മുളമൂട്ടിൽ

വിശുദ്ധ ഗീവർഗീസ് 25
അഖിൽ മനോജ് മാത്യു

ഏവൻഗേലിയോൻ ദീപം 26
മ്സമ്രോനോ സിബിൻ എം. സാബു

ദൈവമാതാവായ വി. കന്യക മറിയാം 28
ബിജു ഇ.പി. ബാംഗ്ലൂർ

പാപവും പാപമോചനവും... 29
ജയ്നമ്മ മർക്കോസ് നടുവിലേപറമ്പിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 30

39 മാതൃകാ കുടുംബജീവിതം
ഫാ. ഡോ. ജയിംസ് തോടത്തിൽ

41 മല്പാനോട് ചോദിക്കാം

42 വിജയം
അഞ്ചു ലിജോ ഇലവൻകളം

44 കാൽപ്പാടുകൾ
എബി

45 മാട്രിമോണിയൽ

49 കുശവനും കളിമണ്ണും
സീമ തോമസ് കന്നിയേൽ


**SCAN & PAY**

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)


Visit www.knanayadeepam.in


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




# ക്നാനായ ദീപത്തിന്റെ മാന്യവായനക്കാർക്ക് ക്രിസ്തുയേശുവിന്റെ നാമത്തിലുള്ള സ്നേഹവന്ദനങ്ങൾ

ഇൻഡ്യയുടെ വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ കലാപം പൊട്ടിപ്പുറപ്പെട്ടിട്ട് മാസങ്ങളായി. 2023 മെയ് 3 ന് ആരംഭിച്ച കലാപത്തിന് ഇതുവരെയും ശമനം ഉണ്ടായിട്ടില്ല. അവിടെനിന്നും അതീവ ദുഃഖകരമായ വാർത്തകളാണ് ദിനംപ്രതി വന്നുകൊണ്ടിരിക്കുന്നത്. ഔദ്യോഗികമായ കണക്കനുസരിച്ച് ഇരുന്നൂറോളം മനുഷ്യർക്ക് ജീവൻ നഷ്ടപ്പെട്ടു. ആയിരക്കണക്കിനു മനുഷ്യർക്ക് ഗുരുതരമായി പരുക്കേറ്റു. അയ്യായിരത്തിലധികം വരുന്ന വീടുകൾ നശിപ്പിച്ചു. ഇരുനൂറിലധികം ഗ്രാമങ്ങൾ തകർക്കപ്പെട്ടു. മുന്നൂറിലധികം ക്രിസ്ത്യൻ പള്ളികൾ തകർത്തു. ലക്ഷക്കണക്കിനാളുകൾ സ്വന്തം നാടും വീടും ഉപേക്ഷിച്ച് പലായനം ചെയ്യുന്നു. ഇത്രയെല്ലാം സംഭവിച്ചിട്ടും നേതൃത്വസ്ഥാനത്തുനിന്നും അപകടകരമായ മൗനം തുടരുകയാണ്. സമാധാനശ്രമങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് പകരം സമ്പൂർണ്ണ നിശ്ശബ്ദത പാലിച്ചുകൊണ്ട് വീണ്ടും ഒരു രാജ്യം, ഒരു മതം, ഒരു നിയമം എന്നത് ആവർത്തിച്ച് ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചാണ് ഉത്തരവാദിത്വപ്പെട്ടവർ സംസാരിക്കുന്നത്. രാജ്യത്ത് വൈര്യം സൃഷ്ടിച്ച് വ്യത്യസ്ത മതവിഭാഗങ്ങൾക്കിടയിൽ സംഘർഷവും കലാപവും സൃഷ്ടിക്കാനിടയാകുന്ന തരത്തിലുള്ള ഒരു നടപടിയും ആരുടെ ഭാഗത്തു നിന്നായാലും പ്രതിഷേധാർഹമാണ്. രാജ്യത്താകെയും പ്രത്യേകിച്ച് മണിപ്പൂരിൽ സമാധാനം പുന:സ്ഥാപിച്ച് ജനങ്ങളെ സംരക്ഷിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തയ്യാറാകണം.

മുസ്ലീം മുന്നേറ്റത്തോടുകൂടി സിറിയ, ലബനോൻ, ഇറാക്ക്, തുർക്കി എന്നീ രാജ്യങ്ങളിൽ സിറിയൻ ഓർത്തഡോക്സ് സഭ അംഗസംഖ്യയിലും പ്രവർത്തനത്തിലും ദിനംപ്രതി ശുഷ്കിച്ചു വരികയാണ്. പാത്രിയർക്കാ ആസ്ഥാനം തന്നെ നിലനില്പിനുവേണ്ടി മാറ്റി സ്ഥാപിക്കപ്പെട്ടു. പുരാതന കാലത്തെ പല ദയറാകളും പള്ളികളും അന്യാധീനപ്പെട്ടിരിക്കുകയാണ്. അവിടെ എല്ലാം ഇപ്പോഴും കലാപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതെല്ലാം ലോകാവസാനത്തിന്റെ ലക്ഷണങ്ങൾ ആണ്. നല്ലൊരു വിഭാഗം ആളുകളും അനിഷ്ടമായ സത്യങ്ങൾ പറയുവാൻ മടിയുള്ളവരാണ്. സത്യം പറയേണ്ടിടത്ത് പറയാതിരിക്കുകയും അതനുസരിച്ച് പ്രവൃത്തിക്കേണ്ടിടത്ത് പ്രവൃത്തിക്കാതിരിക്കുകയും ചെയ്യുന്നത് നട്ടെല്ലില്ലായ്മയാണ് കാണിക്കുന്നത്.

1974-മുതലുള്ള കാലങ്ങളിൽ അക്രൈസ്തവനായ ഒരാളെ പരിചയപ്പെടുമ്പോൾ നമ്മൾ യാക്കോബായക്കാരൻ ആണെന്നു മനസ്സിലായാൽ ഉടൻ നമ്മുടെ സുഹൃത്ത് ഒരു ചെറു പുഞ്ചിരിയോടെ ചോദിക്കും. മെത്രാൻ കക്ഷിയാണോ ബാവാകക്ഷിയാണോ എന്ന്. അല്ല ഞാൻ ക്നാനായക്കാരനാണെന്ന് ഇപ്പോൾ പറഞ്ഞാൽ ഉടൻ ചോദിക്കും നീ സമുദായ പക്ഷമാണോ, സഹായ പക്ഷമാണോ എന്ന്. ഈ ചെറു പുഞ്ചിരിയിൽ അദ്ദേഹം അർത്ഥമാക്കുന്നത്, നീ ക്രിസ്തുവിന്റെ പേരും പറഞ്ഞ് നടന്ന് തമ്മിലടിക്കുന്ന വെള്ള തേച്ച ശവക്കല്ലറ അല്ലേ എന്നാണ്. അതായത് മറ്റുള്ളവരുടെ മുമ്പിൽ ഈ സഭയിൽപ്പെട്ട ആള് ആണ് എന്ന് അന്തസ്സോടെ തുറന്നു പറയാൻ പറ്റാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്.

സാധാരണക്കാരായ ആളുകളെ സംബന്ധിച്ചിടത്തോളം സഭാവഴക്കുകളിലും കേസുകളിലും സ്വതവേ തീരെ താല്പര്യമില്ലാത്തവരാണ്. അതുകൊണ്ട് തർക്കങ്ങളുടെ ന്യായ അന്യായങ്ങളെക്കുറിച്ച് പഠിക്കുവാനോ മനസ്സിലാക്കുവാനോ അവർ മുതിരാറില്ല. പക്ഷേ ഇടവകവികാരിമാരുടേയും, ഭദ്രാസന മെത്രാപ്പോലീത്തായുടെയും ആഹ്വാനങ്ങൾ, ദൈവത്തിൽനിന്നും അവർവഴി വരുന്ന ആഹ്വാനങ്ങൾ ആണ് എന്നു കരുതി ഉൾക്കൊള്ളാറുണ്ട് എന്നു മാത്രം. അവരെ സംബന്ധിച്ചിടത്തോളം റോം, അന്ത്യോഖ്യാ, ശീമ, ദേവലോകം എന്നൊക്കെ പറയുന്നത് സ്വർഗ്ഗത്തിന്റെ തൊട്ടു താഴെയുള്ള ഒരു തട്ട് എന്നാണ് ധാരണ. ഇങ്ങനെയുള്ള ജനത്തിന്റെ മുമ്പിൽ, വിശ്വാസം, വിശ്വാസ വിപരീതം, പത്രോസ്, തോമ, പാറ, കൈവപ്പ്, മുടക്ക്, സ്വർഗ്ഗത്തിന്റെ താക്കോൽ, സിംഹാസനം, ആരുഢൻ എന്നൊക്കെ പ്രസംഗിച്ച് അവരെ ചിന്താക്കുഴപ്പത്തിൽ ആക്കി, അവരുടെ അജ്ഞതയേയും നിഷ്കളങ്കമായ ആത്മാർത്ഥതയേയും ചൂഷണം ചെയ്ത് അവരെക്കൊണ്ട് കയ്യാങ്കളികൾ ചെയ്യിച്ച് മുതലെടുക്കുകയാണ് ഇപ്പോഴത്തെ പല അച്ചന്മാരും, തിരുമേനിമാരും, നേതാക്കന്മാരും ചെയ്യുന്നത്. സഭയിലെ വഴക്കുകളിൽ മുൻപന്തിയിൽ നിൽക്കുന്നവരെ ശ്രദ്ധിച്ചാൽ സ്ഥാനമോഹികളായ സാമാന്യം വിദ്യാഭ്യാസം ലഭിച്ച പുതുമടിശ്ശീലക്കാരാണ് മുഖ്യമായും എന്നു മനസ്സിലാക്കാം.

ഏതൊരു പ്രസ്ഥാനമായാലും അതിനൊരു നിയമസംഹിത ഉണ്ടായിരിക്കും. ആ പ്രസ്ഥാനത്തിലെ അംഗങ്ങൾ എല്ലാവരും അതിലെ നിയമങ്ങൾ അനുസരിച്ച് പ്രവൃത്തിക്കുവാൻ ബാദ്ധ്യസ്ഥരാണ്. പക്ഷേ നിയമസംഹിത അനുസരിച്ച് പ്രവൃത്തിക്കുമ്പോൾ ഓരോ വ്യക്തിയുടെയും ഇഷ്ടാനിഷ്ടങ്ങൾ മുഴുവൻ സാധിച്ചു കിട്ടിയെന്നു വരികയില്ല. അങ്ങനെ വരുമ്പോൾ അസംതൃപ്തരായ ആളുകൾ റിബൽ ആയി നിന്നുകൊണ്ട് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഇവരെ കണ്ടെത്തി പ്രശ്നങ്ങൾ ചർച്ച ചെയ്തു ശാശ്വത സമാധാനം ഉണ്ടാകണം. അതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

യേശുമിശിഹാ ആരാണെന്നു ചിന്തിക്കുകയോ മിശിഹായുടെ രക്ഷയുടെ അനുഭവത്തിൽ ജീവിക്കുകയോ ചെയ്യാതെ പള്ളിക്കു കുറെ നേർച്ചകളും വഴിപാടുകളും കൊടുത്താൽ മതിയെന്നു കരുതി പോരുന്ന സ്വഭാവക്കാർ സഭയിൽ ധാരാളം ഉണ്ട്. നമ്മുടെ കർത്താവോ, വിശുദ്ധ മാതാവോ, വിശുദ്ധന്മാരോ സങ്കൽപ്പിക്കപോലും ചെയ്തിട്ടില്ലാത്ത കാര്യങ്ങളാണ് ഇന്ന് അവരുടെ പേരിൽ പല പള്ളികളിലും നടക്കുന്നത്. എന്നാൽ ക്രിസ്തീയ വിശ്വാസപ്രകാരം ക്രിസ്ത്യാനികളുടെ സകല ഭക്തിയുടെയും പ്രവർത്തനങ്ങളുടെയും ഗതിവിഗതികളുടെയും ആശാകേന്ദ്രം ക്രിസ്തുവാണ്. ക്രിസ്തുവിനോടുള്ള സ്നേഹത്തെ പ്രതി തന്റെ മാതാവിനോടും, വിശുദ്ധന്മാരോടും ഉള്ള ബഹുമാനവും ആത്മീയ സംസർഗ്ഗവും പാലിപ്പാൻ ക്രിസ്ത്യാനികൾ കടപ്പെട്ടവരാകുന്നു.

*(ശേഷം പേജ് 9-ൽ)*

# നമ്മുടെ ഭദ്രാസന മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

ആഗസ്റ്റ് മാസം പതിനഞ്ചാം തീയതി വരെ ശൂനോയോ നോമ്പ് നാം ആചരിച്ചു. പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ഏറ്റവും അനുഗ്രഹകരമായി നാം ആചരിച്ചു. എന്നാൽ ഈ നോമ്പ് ആചരണത്തിലൂടെയും, പെരുന്നാൾ ആചരണത്തിലൂടെയും, എത്ര മാത്രം വിശുദ്ധിയിലേക്ക് നമുക്ക് എത്തുവാൻ സാധിച്ചു. അതുപോലെ ദൈവവുമായുള്ള ബന്ധത്തിൽ എത്രമാത്രം അടുക്കുവാൻ നമുക്ക് സാധിച്ചു. നോമ്പും പെരുന്നാളും ബാഹ്യമായി മാത്രം ആചരിക്കേണ്ട ഒന്നല്ല എന്നത് എപ്പോഴും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അവ നമ്മുടെ ആത്മീയ ജീവിതത്തെ കൂടുതൽ ശക്തിയുള്ളതാക്കി മാറ്റണം. അത് നമ്മെ പരിവർത്തനത്തിലേക്ക് നയിക്കണം. കൂടുതൽ മെച്ചപ്പെട്ട നാമായി പരിണമിക്കുവാൻ അവ ഇടയാക്കുമ്പോൾ നോമ്പ് ആചരണവും, പെരുന്നാളുകളും കൂടുതൽ അർത്ഥവത്തായിത്തീരും. ദൈവമാതാവിന്റെ നാമത്തിലുള്ള നോമ്പും പെരുന്നാളും മാതാവിന്റെ വിനയത്തിലേക്കും, സമർപ്പണ അനുഭവത്തിലേക്കും നമ്മെ നയിക്കണം. ദൈവഹിതത്തിനനുസരിച്ചുള്ള ജീവിതത്തിനായി നമ്മെ സമർപ്പിക്കേണ്ടതുണ്ട്. അതിന് നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സെപ്റ്റംബർമാസം 1 മുതൽ 8 വരെ ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനോട് അനുബന്ധിച്ച് എട്ടു ദിവസം നാം നോമ്പ് ആചരിക്കുന്നുണ്ടല്ലോ. ഇവിടെയും നമ്മുടെ ചിന്ത ഇതിലൂടെ നമ്മെ ദൈവതിരുമുമ്പാകെ സമർപ്പണത്തിന് വിധേയരാക്കണം എന്നതാണ്.

സെപ്റ്റംബർമാസം 14 ന് സ്ലീബാ പെരുന്നാൾ നാം ആചരിക്കുന്നു. കുസ്തന്തീനോസ് ചക്രവർത്തിയുടെ മാതാവ് ഹെലനി രാജ്ഞി കർത്താവിന്റെ കുരിശ് കണ്ടെത്തിയപ്പോൾ കർത്താവിന്റെ കുരിശിൽ മൃതശരീരം തൊടുവിക്കുകയും അത് ജീവനുള്ളതായിത്തീരുകയും ചെയ്തുവെന്ന് സഭാപാരമ്പര്യം നാം പഠിക്കുന്നുണ്ടല്ലോ. സ്ലീബാ രക്ഷയുടെ അടയാളവും, വിജയത്തിന്റെ കൊടിയുമാണ്. കുരിശിനെ നാം ബഹുമാനിക്കുന്നവരാണ്. സ്ലീബാ നമുക്കെന്നും പ്രത്യാശയാണ്. അത് ജീവിതത്തിൽ വരുന്ന പ്രതിസന്ധികളെയും പ്രയാസങ്ങളെയും വഹിക്കുവാനും, ക്രിസ്തുയേശുവിനോട് ചേർന്ന് വിശ്വാസ ജീവിതത്തിൽ മുന്നേറുവാനും ഇടയാക്കണം.

ആഗസ്റ്റ് 15 ന് 76-ാമത് ഇന്ത്യൻ സ്വാതന്ത്ര്യദിനം ആചരിച്ചുവല്ലോ. സ്വതന്ത്രഭാരതത്തിൽ ജാതി, മതവിശ്വാസങ്ങൾക്ക് അതീതമായി എല്ലാവർക്കും സ്വാതന്ത്ര്യത്തോടെയും, സാഹോദര്യത്തോടെയും ജീവിക്കുവാനുള്ള അവകാശമുണ്ട്. ഇത് സാധ്യമാകേണ്ടത് പരസ്പര ബഹുമാനത്തോടെ ആയിരിക്കണം. നമ്മുടെ വ്യക്തി ജീവിതത്തിലും പരസ്പര ബഹുമാനവും സാഹോദര്യവും കാത്തു സൂക്ഷിക്കുവാൻ ഇടയാകണം. ഇതിനോട് അനുബന്ധിച്ച് ഒരു ചിന്ത കൂടെ ഉത്ബോധിപ്പിക്കട്ടെ. തലമുറകളായി കുടിയേറ്റം ഉണ്ടായിരുന്നുവെങ്കിലും അത് ജോലിയോടുള്ള ബന്ധത്തിലായിരുന്നു എങ്കിൽ ഇന്ന് പഠനത്തിനായും തുടർന്നുള്ള ജോലിക്കായും വിദേശങ്ങളിലേക്ക് പോകുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. ഇവിടെത്തന്നെ ഉന്നതമായ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാകണം. അതുപോലെ ഉന്നതമായ ജോലിക്കുള്ള അവസരങ്ങളും സൃഷ്ടിക്കുവാൻ സർക്കാരുകളും, ബന്ധപ്പെട്ടവരും ശ്രദ്ധിക്കേണ്ടതുണ്ട്. എല്ലാ സ്ഥലങ്ങളിലും നമ്മുടെ ദൈവാലയങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അവിടുത്തെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ എല്ലാവരും ശ്രദ്ധിക്കണം. നാം എവിടെ ആയിരുന്നാലും നമ്മുടെ തനിമ കാത്തു സൂക്ഷിക്കുന്ന ജനതയായിതീരേണ്ടത് വളരെ അത്യാവശ്യമാണ്.

ഇന്ത്യയുടെ വടക്കു കിഴക്കൻ പ്രദേശമായ മണിപ്പൂരിൽ വളരെ ദിവസങ്ങളായി പ്രക്ഷോഭങ്ങളും അതിനോടനുബന്ധിച്ച് മനുഷ്യാവകാശലംഘനങ്ങളും അരങ്ങേറിക്കൊണ്ടിരിക്കുന്നു. വളരെയധികം ആളുകൾ പ്രത്യേകിച്ച് യുവതികൾ ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വാർത്ത പല മാധ്യമങ്ങളിലൂടെ അറിയുന്നുണ്ടല്ലോ. പല ദൈവാലയങ്ങളും ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അവിടെയുള്ളവർ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നു. അവരുടെ വിഷമതകളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. അവിടുത്തെ പ്രക്ഷോഭങ്ങൾ അവസാനിപ്പിക്കപ്പെടുവാനും സമാധാന അന്തരീക്ഷം പുന: സ്ഥാപിക്കപ്പെടുവാനും ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നു. അതോടൊപ്പം അധികാരികൾ വേണ്ടതായ നടപടികൾ കൈക്കൊള്ളണമെന്നും അഭ്യർത്ഥിക്കുന്നു.

*(ശേഷം പേജ് 9-ൽ)*

# സമുദായ വാർത്തകൾ



 റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട ക്നാനായ സമുദായാംഗങ്ങളെ,

ജൂൺ മാസത്തിലെ ക്നാനായ ദീപത്തിലെ സമുദായ വാർത്തകൾക്കു ശേഷം ജൂലൈ മാസത്തിലെ സമുദായ വാർത്തയാണ് ഇവിടെ കുറിക്കുന്നത്. ജൂലൈ 5-ാം തീയതി ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി കൂടുകയുണ്ടായി. ആ കമ്മിറ്റിയിൽ എടുത്ത പ്രധാന തീരുമാനങ്ങൾ ഇവിടെ രേഖപ്പെടുത്തുന്നു. ഭരണഘടനപ്രകാരം 2022-2023 ലെ സമുദായത്തിന്റെ വാർഷിക റിപ്പോർട്ടും കണക്കും ഓഗസ്റ്റ് 31 ന് മുമ്പായി അസ്സോസിയേഷൻ അവതരിപ്പിച്ച് പാസ്സാക്കേണ്ടിയതിനാലും സമുദായത്തിലെ സമകാലിക വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കുന്നതിനു വേണ്ടിയും ഈ റ്റേമിലെ അവസാനത്തെ അസ്സോസിയേഷൻ ഓഗസ്റ്റ് മാസം 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് ക്നാനായ അസ്സോസിയേഷൻ അപ്രേം സെമ്മിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ കൂടുവാൻ കമ്മിറ്റി തീരുമാനിച്ചു. കൂടാതെ സമുദായത്തിലെ പ്രഗത്ഭരായ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും വിവിധ മേഖലയിൽ പ്രാവീണ്യം നേടിയവർക്കും വേണ്ടി എല്ലാ വർഷവും നടത്തിവരുന്ന മെറിറ്റ് അവാർഡ് വിതരണം ഈ വർഷം സെപ്തംബർ 3-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിയ്ക്ക് അപ്രേം സെമിനാരിയിൽ വച്ച് ബഹു. മന്ത്രി ഉൾപ്പെടെയുള്ള വിശിഷ്ട അതിഥികളുടെ സാന്നിദ്ധ്യത്തിൽ നടത്തുവാൻ തീരുമാനിച്ചു.

തെങ്ങേലി പള്ളിയിലെ വാർഷിക പൊതുയോഗ മിനിറ്റ്സ് ഇതുവരെയും സമുദായ ഓഫീസിൽ സമുദായ മെത്രാപ്പോലീത്തായുടെ അംഗീകാരത്തിനായി വന്നിട്ടില്ലാത്തതിനാൽ ആ ദൈവാലയത്തിലെ വികാരിയ്ക്ക് ഭരണഘടന വകുപ്പ് 36 പ്രകാരം നോട്ടീസ് കൊടുക്കുവാൻ സമുദായ മെത്രാപ്പോലീത്തായോട് രേഖാമൂലം അപേക്ഷിക്കുവാൻ തീരുമാനിച്ചു. ആ ദൈവാലയത്തിലെ പുതിയ ഭരണസമിതിയ്ക്ക് സമുദായ മെത്രാപ്പോലീത്തായുടെ അംഗീകാരം ലഭിക്കുന്നതുവരെ ചുമതല ഏറ്റെടുക്കുവാൻ ഭരണഘടനപ്രകാരം അധികാരം ഇല്ലാത്തതാകുന്നു. ആയതിനാൽ സമുദായ മെത്രാപ്പോലീത്താ മിനിറ്റ്സ് അംഗീകരിക്കുന്നതുവരെ ആ ദൈവാലയത്തിലെ വികാരിയുടെ ശമ്പളം തടഞ്ഞു വയ്ക്കുവാൻ തീരുമാനിച്ചു.

സമുദായത്തിലെ സാമ്പത്തിക പ്രതിസന്ധികൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ഭരണഘടന 158 (ഡി) അനുസരിച്ച് നസ്രേത്ത് ആശ്രമം കമ്മിറ്റിയെ അടുത്ത ക്നാനായ കമ്മിറ്റിയിൽ വിളിച്ചുവരുത്തി ചർച്ച ചെയ്യുവാൻ തീരുമാനിച്ചു.

ക്നാനായ ഭരണഘടനയ്ക്ക് വിരുദ്ധമായും അസ്സോസിയേഷന്റെ അധികാരത്തിൽ കൈകടത്തിയും പരി. പാത്രിയർക്കീസ് ബാവായെ തെറ്റിദ്ധരിപ്പിച്ചു കൊണ്ട് സഹായമെത്രാൻമാർ അയപ്പിച്ച കല്പന അമേരിക്കയിലെയും യൂറോപ്പിലെയും ദൈവാലയങ്ങളിൽ വായിപ്പിക്കാതെ പ്രതിഷേധിച്ച ദൈവാലയങ്ങളിലെ ജനങ്ങളെ ഇങ്ങനെ ഒരു സാഹചര്യത്തിൽ എത്തിച്ചതിന് ഉത്തരവാദിത്വം കല്പന അയപ്പിച്ച സഹായ മെത്രാൻമാർക്ക് തന്നെയാണെന്ന് യോഗം വിലയിരുത്തി.

ക്നാനായ സമുദായത്തിന്റെ അഡ്മിസ്ട്രേഷനിൽ ഉണ്ടായിരുന്ന അമേരിക്ക, കാനഡ, യൂറോപ്പ് എന്നീ രാജ്യങ്ങൾ സമുദായത്തിൽ നിന്നും മാറ്റി പുതിയ മേഖലാ അഡ്മിനിസ്ട്രേഷൻ ആക്കി കല്പന അയപ്പിച്ചത് ക്നാനായ സമുദായം അംഗീകരിക്കുന്നില്ല എന്നും പ്രസ്തുത കല്പന ക്നാനായ സമുദായത്തിലെ ജനങ്ങൾക്ക് പരി. സിംഹാസനത്തോട് അവമതിപ്പുണ്ടാക്കുവാനും വിശ്വാസം നഷ്ടപ്പെടുവാനും മാത്രമേ ഉപകരിച്ചിട്ടുള്ളൂ എന്നും ആയതിനാൽ ക്നാനായ കമ്മിറ്റിയുടെ പ്രതിഷേധം രേഖപ്പെടുത്തി.

30-05-2023 ൽ കൂടിയ മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ മീറ്റിംഗിൽ വൈദികർ ഉൾപ്പെടെയുള്ളവരുടെ ഐക്യകണ്ഠേനയുള്ള തീരുമാനപ്രകാരം ക്നാനായ കമ്മിറ്റി സമുദായ മെത്രാപ്പോലീത്തായോട് അപേക്ഷിച്ചത് അനുസരിച്ച് സമുദായത്തിലെ പ്രശ്ന പരിഹാരത്തിന് സഹായമെത്രാച്ചൻമാരേയും വൈദിക കൗൺസിലിനേയും ക്നാനായ കമ്മിറ്റിയേയും ക്ഷണിച്ച് വരുത്തി സംയുക്തമായി സമുദായ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ മീറ്റിംഗ് കൂടണം എന്ന് അറിയിച്ചതിന്റെ വെളിച്ചത്തിൽ സമുദായ മെത്രാപ്പോലീത്ത സഹായമെത്രാച്ചൻമാർക്ക് ഉൾപ്പെടെ രേഖാമൂലം കത്ത് കൊടുത്തു 18-07-2023 രാവിലെ 11 മണിയ്ക്ക് അപ്രേം സെമ്മിനാരിയിൽ മീറ്റിംഗ് കൂടുവാൻ തീരുമാനിച്ചു. ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലും പ്രസ്തുത ദിവസം കൃത്യസമയത്ത് സെമിനാരിയിൽ എത്തി. എന്നാൽ സഹായമെത്രാച്ചൻമാർ ആ മീറ്റിംഗിന് എത്തിയില്ല. സമുദായത്തിലെ വിഷയങ്ങൾ തീരുന്നതിന് ക്നാനായ അസ്സോസിയേഷനും വൈദിക കൗൺസിലും ക്നാനായ കമ്മിറ്റിയും സമുദായ മെത്രാപ്പോലീത്തായും ആത്മാർത്ഥമായിട്ട് ശ്രമിച്ചിട്ടും സഹായമെത്രാച്ചൻമാർ അതിൽ സഹകരിക്കുന്നില്ല എന്ന് വളരെ ദുഃഖത്തോടെ അറിയിക്കട്ടെ.

ഈ മീറ്റിംഗിൽ സഹായമെത്രാച്ചൻമാർ പങ്കെടുക്കാതിരുന്നതുകൊണ്ട് ഞങ്ങൾ മനസ്സിലാക്കുന്നത് സമുദായത്തിലെ വിഷയങ്ങൾ അവസാനിപ്പിക്കുന്നതിന് സഹായമെത്രാച്ചൻമാർക്ക് താൽപര്യമില്ല എന്നാണ്. ദൈവം എല്ലാവർക്കും നല്ല തീരുമാനങ്ങൾ എടുക്കുവാൻ ശക്തി നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ക്നാനായ സമുദായത്തിലെ വിഷയങ്ങൾ ഇവിടെത്തന്നെ പറഞ്ഞു തീർത്താൽ പരി. ബാവായ്ക്ക് അത് സന്തോഷമേയുള്ളൂ എന്നാണ് മലങ്കരയുടെ ചാർജ് ഉള്ള പരി. ബാവായുടെ സെക്രട്ടറി ആയ അഭി. ക്രിസ്റ്റഫെറോസ് തിരുമേനി പറഞ്ഞിട്ടുള്ളത്.

അമേരിക്കയിലുള്ള റവ. ഫാ. മർക്കോസ് എം.ചാലുപറമ്പിലും, റവ.ഫാ.റെനി ഏബ്രഹാം കിഴക്കേതിലിനും എതിരായി ഉണ്ടായ പരി. ബാവായുടെ കല്പനക്കെതിരെ ആ രണ്ട് വൈദികരും കോട്ടയം കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോടതി ഈ കേസിലെ പ്രതികളായ സമുദായ മെത്രാപ്പോലീത്തായോ മറ്റ് സഹായമെത്രാച്ചൻമാരോ വാദികളായ റവ. ഫാ. മർക്കോസ് ചാലുപറമ്പിലിനേയും, ഫാ. റെനി ഏബ്രഹാം കിഴക്കേതിലിനേയും വൈദികർ എന്ന നിലയിലോ വികാരി എന്ന നിലയിലോ എതിരായി ബാധിക്കുന്ന യാതൊരു കല്പനയും പള്ളികളിൽ വായിക്കുവാനോ പ്രസിദ്ധപ്പെടുത്തുവാനോ അവരുടെ പേരിൽ നടപടി എടുക്കു

വാനോ IA കേസ് തീരുന്നതുവരെ മെത്രാന്മാരെ തടഞ്ഞുകൊണ്ട് തൽസ്ഥിതി തുടരുന്നതിന് കോടതി ഉത്തരവ് ഇട്ടു.

ബഹു. വൈദികരെ അവരുടെ നിലനിൽപ്പിനുവേണ്ടി ഇങ്ങനെ ഒരു സാഹചര്യത്തിൽ കോടതി കയറ്റുന്നതിൽവരെയും കൊണ്ടെത്തിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ചവരോട് ദൈവം ക്ഷമിക്കട്ടെ.

കുറച്ച് ദിവസമായി സോഷ്യൽ മീഡിയയിൽ കൂടി ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. സേവേറിയോസ് തിരുമേനിയേയും, സമുദായ സെക്രട്ടറിയേയും, ക്നാനായ കമ്മിറ്റി അംഗങ്ങളെയും ഫേക്ക് ഐഡിയിൽ കൂടിയും വോയിസ് മെസ്സേജിൽ കൂടിയും ചിലയാളുകൾ വ്യക്തിഹത്യ ചെയ്തുകൊണ്ടിരിക്കുകയാണ്.

ഇതിന് ഒന്നുരണ്ട് കാരണങ്ങളുണ്ട്. ഒരു കാരണം പരി.പത്രിയർക്കീസ് ബാവായെ തെറ്റിദ്ധരിപ്പിച്ച് അമേരിക്കയിലുള്ള രണ്ട് വൈദികരുടെ മേൽ നടപടിയെടുപ്പിച്ച കല്പന ക്നാനായ സമുദായത്തിലെ ഒരു ദൈവാലയത്തിലും വായിക്കുവാൻ ജനം സമ്മതിച്ചില്ല എന്ന് മാത്രമല്ല ആ വൈദികർ ബാവായുടെ കല്പനയ്ക്ക് കോടതിയിൽ നിന്ന് സ്റ്റേ കൂടി വാങ്ങിച്ചപ്പോൾ അതിന്റെ ദേഷ്യം തീർക്കുവാൻ ഒരു ദിവസം 10,15 വാറോലകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഉത്ഭവം എവിടെ നിന്നാണെന്ന് വ്യക്തമായി ഞങ്ങൾക്ക് അറിയാം. എന്നാൽ അവരെപ്പോലെ തരം താഴുവാൻ ഞങ്ങളുടെ മാന്യത ഞങ്ങളെ അനുവദിക്കുന്നില്ല. അതുകൊണ്ട് ഞങ്ങൾ ആരെയും വ്യക്തിഹത്യ ചെയ്യുവാൻ തുനിയുന്നില്ല.

എന്നാൽ നട്ടാൽ കിളിർക്കാത്ത നുണകൾ ഫേക്ക് ഐഡിയിൽ കൂടി പലപ്രാവശ്യം പറയുമ്പോൾ സമുദായ അംഗങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണ ഉണ്ടാകാതിരിക്കുവാൻ വേണ്ടിയാണ് ഇത് ഇവിടെ കുറിക്കുന്നത്.

2018 ൽ ഇപ്പോഴത്തെ ക്നാനായ കമ്മിറ്റി ചാർജ് എടുത്തപ്പോൾ സമുദായത്തിൽ ഒഴിഞ്ഞ ഖജനാവ് മാത്രമല്ലായിരുന്നു മൂന്നുകോടി രൂപയുടെ ഇൻകം ടാക്സ് ബാധ്യതയും, ഒന്നരക്കോടി രൂപയുടെ ബാങ്ക് ലോൺ ഭീഷണിയും, ചോർന്നൊലിച്ച അപ്രേം സെമിനാരിയുമാണ് ഞങ്ങൾ ഏറ്റെടുത്തത്.

ഇതു പലപ്രാവശ്യം ഞങ്ങൾ പറഞ്ഞിട്ടുള്ളതാണെങ്കിലും വീണ്ടും പറയേണ്ടതായി വരുന്നു.

സമുദായത്തിന്റെ നെല്ലിക്കൽ വസ്തുവിൽ ഈ ബാധ്യതകൾ മുഴുവൻ വരുത്തിവച്ചത് മുൻഭരണസമിതി ആണെന്നുള്ളതിന് ആർക്കെങ്കിലും സംശയം ഉണ്ടോ?

ഒന്നരക്കോടി രൂപ ബാങ്ക് ലോൺ എടുത്ത് ഒരു സെന്റിന് 410000/രൂപ വിലവെച്ച് എഗ്രിമെന്റ് എഴുതി 35 സെന്റ് വസ്തുവിന് ഒരു കോടതി പതിനെട്ടുലക്ഷം രൂപ അഡ്വാൻസ് കൊടുത്തു എഗ്രിമെന്റ് രജിസ്റ്റർ ചെയ്ത് എന്ന് കേൾക്കുന്നു. പിന്നീട് ഒരു സെന്റിന് മൂന്നു ലക്ഷത്തി തൊണ്ണൂറ് ആയിരം ആയി കുറച്ച് വാങ്ങി. ഒടുവിൽ അഡ്വാൻസ് കൊടുത്ത ഒരു കോടി പതിനെട്ട് ലക്ഷത്തിന് 30 സെന്റ് സ്ഥലം മാത്രം വാങ്ങിയെന്ന് പറയുന്നു. ഇപ്പോൾ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുമായി സമുദായം കേസ് നടത്തുന്നു. ഒരു വരുമാനം ഇല്ലാത്ത ഈ 30 സെന്റ് സ്ഥലം എന്തിനു വാങ്ങിയെന്നോ എന്ത് ഉപയോഗത്തിന് ആണെന്നോ ഞങ്ങൾക്കറിയില്ല. സമുദായ അംഗങ്ങൾ തന്നെ ചിന്തിക്കുക. ഒരു കൊന്നത്തെങ്ങു മാത്രം അവിടെ നിൽപ്പുണ്ട്.

ഭരണം മാറിയപ്പോൾ ഒരു ഫയലോ ഒരുതുണ്ട് പേപ്പറോ താക്കോലുകളോ ഞങ്ങളെ ഏൽപ്പിച്ചിരുന്നില്ല. കൂടാതെ ഫാർമസി കോളേജിൽ ഓവർഡ്രാഫ്റ്റ് ഉണ്ടായിരുന്നു. ഇത്രയും മാത്രം ഞങ്ങൾക്കറിയാം. ഇത് കൂടാതെ വൈദീക വിദ്യാർത്ഥിക്കുള്ള എൻഡോവ്മെന്റ് ഫണ്ടിലുണ്ടായിരുന്ന 25 ലക്ഷം രൂപ, ഒരിക്കലും നിറയാത്ത വാട്ടർ ടാങ്ക്, അനങ്ങാത്ത ലിഫ്റ്റ്, നിലമ്പൂരിലെ സ്കൂളിന്റെ ചുറ്റുമതിൽ അങ്ങനെ പലതും. കണക്കുകൾ പറഞ്ഞാൽ തീരില്ല.

ഇത്രയും വരുമാനം ഈ കൊച്ചു സമുദായത്തിൽ ഉണ്ടായിരുന്നു എന്ന് സാധാരണ ജനം അറിഞ്ഞതിന്റെ വെപ്രാളമാണ് ഈ വാറോലയൊക്കെ അവർ വിടുന്നതിന്റെ ഒരു കാരണം.

ഞങ്ങൾ വന്നപ്പോൾ ആദ്യം ചെയ്തത് സെമിനാരിയുടെ ജപ്തി ഭീഷണിയിൽ നിന്നും രക്ഷ നേടുന്നതിന് 25 ലക്ഷം രൂപ സമുദായ സ്ഥാപനങ്ങളിൽ നിന്നും സ്വരൂപിച്ച് ഇൻകം ടാക്സിനു സ്റ്റേ വാങ്ങി.

പിന്നീട് ചോർന്നൊലിച്ച് താഴെ വീഴുവാൻ ഒരുങ്ങിനിന്നിരുന്ന സമുദായ ആസ്ഥാന മന്ദിരമായ മോർ അപ്രേം സെമിനാരിയുടെ ചോർച്ച നിർത്തി നവീകരിക്കുന്നതിന് ശ്രദ്ധ കൊടുത്തു. 20 ലക്ഷം രൂപ അടച്ച് നെല്ലിക്കലെ വസ്തുവിന്റെ ബാങ്ക് ജപ്തി ഭീഷണി താൽക്കാലികമായി തടയിട്ടു.

തോട്ടയ്ക്കാട് കോളേജിനുവേണ്ടി 10 ഏക്കർ സ്ഥലം വാങ്ങി കെട്ടിടം പണിയുന്നു. ഒരു സ്കൂളിനുവേണ്ടി ബേസിക് ഫെസിലിറ്റിപോലും ഇല്ലാത്ത അഫിലിയേഷൻ നഷ്ടപ്പെടുവാൻ തുടങ്ങിയ വടപുറം സ്കൂളിൽ പുതിയ കെട്ടിടം പണിത് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി. കൊടുങ്ങല്ലൂരിൽ സമുദായ പൈതൃക സ്മാരക പ്രോജക്ട് പണി തീർത്തു കൂദാശ ചെയ്തു. ഓതറ ഫാർമസി കോളേജ് പുതിയ ബ്ലോക്ക് നിർമ്മിച്ചു. അസ്സോസിയേഷൻ ഹാൾ നവീകരിച്ച് മനോഹരമാക്കി. പാലിയേറ്റീവ് കെയറും, ദുരിതാശ്വാസ പ്രവർത്തനങ്ങളും ആയി കൈത്താങ്ങലിന്റെയും വലിയ വികസന പ്രവർത്തനങ്ങളുടെയും പാതയിൽ കൂടിയാണ് സമുദായം പൊയ്ക്കൊണ്ടിരിക്കുന്നത്. ഓരോ സമുദായ സ്ഥാപനങ്ങളിൽ നിന്നും തന്നെ ആണ് ഇതിനൊക്കെ ഞങ്ങൾ പണം കണ്ടെത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ ബാങ്കിലെ ലോൺ അടയ്ക്കുവാൻ ഒരു സ്ഥാപനത്തിന്റെയും കമ്മിറ്റിക്കാർ പണം തരികയില്ല. കാരണം അവരുടെ കാലത്തെ വരുമാനം കൊണ്ട് സമുദായത്തിന് സ്വത്ത് സമ്പാദിക്കാനും നല്ല പ്രവർത്തികൾ ചെയ്യുവാനും ആണ് എല്ലാവർക്കും ആഗ്രഹം. എന്നാൽ ക്നാനായ കമ്മിറ്റിയ്ക്ക് സമുദായത്തിന്റെ മൊത്തത്തിലുള്ള ഉത്തരവാദിത്വം ഉള്ളതുകൊണ്ട് പല എതിർപ്പുകളെയും മറികടന്ന് പ്രവർത്തിക്കേണ്ടതായി തന്നെ വരുന്നു.

ഇത്രയും വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടും ഒരു രൂപപോലും ലോൺ എടുക്കാതെ സമുദായത്തിന്റെ വരുമാനം ശരിയായ രീതിയിൽ ഉപയോഗിക്കുന്നത് കൊണ്ട് മാത്രമാണ് ഇങ്ങനെയുള്ള കാര്യങ്ങൾ ഞങ്ങൾക്ക് ചെയ്യുവാൻ സാധിച്ചത്.

എന്നാൽ പലപ്രാവശ്യവും മുൻകടം കൊണ്ടുള്ള ബാങ്ക് ഭീഷണി വരുമ്പോൾ നിലവിൽ ഉള്ള ക്നാനായ സ്ഥാപന കമ്മിറ്റിക്കാരുടെ എതിർപ്പിനെ മറികടന്ന് ബാങ്കിൽ 40 ലക്ഷം രൂപ പലപ്രാവശ്യമായി അടച്ചുകൊണ്ടിരുന്നു. ഏറ്റവും ഒടുവിൽ കഴിഞ്ഞ വർഷം ക്ലിമ്മീസ് സ്കൂളിൽ നിന്നും 20 ലക്ഷം രൂപ ബാങ്കിൽ അടച്ചാണ് നെല്ലിക്കലെ സ്ഥലം ബാങ്ക് ജപ്തിയിൽ നിന്ന് മോചനം പ്രാപിച്ചത്. ഇപ്പോൾ വീണ്ടും മുൻഭാരവാഹികൾ വരുത്തി വച്ച കടബാധ്യതയാൽ സമുദായ അക്കൗണ്ടുകൾ NPA ആവുകയും നെല്ലിക്കലുള്ള മനോഹരമായ സ്ഥലം ബാങ്കുകൾ സർഫാക്സി ആക്ട് അനുസരിച്ച് ഏറ്റെടുക്കാൻ നോട്ടീസ് തന്നുകൊണ്ടിരിക്കുന്നു.

ഞങ്ങളുടെ ഭരണസമയത്ത് തന്നെ ഫാർമസി കോളേജിലെ മുൻപ് ഉണ്ടായിരുന്ന എല്ലാ ബാധ്യതകളും അടച്ചു തീർത്ത് അവിടെ ബാങ്കിൽ വച്ചിരുന്ന എല്ലാ രേഖകളും തിരിച്ചെടുത്തു. എപ്പോൾ ആവശ്യം വന്നാലും OD റിന്യൂ ചെയ്യാം

എന്ന് കണ്ടീഷനിലാണ് രേഖകൾ തിരിച്ചു വാങ്ങിയത്. ആ രേഖകൾ (ആധാരം) സമുദായത്തിനുവേണ്ടി സമുദായ മെത്രാപ്പോലീത്തായുടെ പേരിലുള്ളതാണ്. അത് സൂക്ഷിക്കേണ്ടത് സമുദായ ഓഫീസിലാണ്. എന്നാൽ നെല്ലിക്കൽ വസ്തുവിന്റെ ബാധ്യത തീർക്കുവാൻ അത് തിരികെ വാങ്ങുന്നതിനുവേണ്ടി നസ്രേത്ത് ആശ്രമം പ്രസിഡന്റായ സമുദായ മെത്രാപ്പോലീത്താ കഴിഞ്ഞ നസ്രേത്ത് ആശ്രമം കമ്മിറ്റിയിൽ പങ്കെടുത്തു. 45 ലക്ഷം രൂപയോളം വർഷങ്ങളായി നസ്രേത്ത് ആശ്രമത്തിന്റെ അക്കൗണ്ടിൽ കിടക്കുമ്പോൾ സമുദായത്തിന്റെ ബാധ്യതകൾ തീർക്കുന്നതിനുവേണ്ടി സൗത്ത് ഇന്ത്യൻ ബാങ്കിലേയ്ക്ക് നേരിട്ട് അടയ്ക്കുവാൻ ആവശ്യപ്പെട്ടപ്പോൾ അതേ തുടർന്ന് വാറോല വരുവാൻ തുടങ്ങി.

ഒരു സ്ഥാപനത്തിനുവേണ്ടി സ്ഥലം വാങ്ങുമ്പോൾ ആ സ്ഥാപനത്തിനെ പ്രതിനിധീകരിച്ച് ഒരാൾ ഒപ്പിടണം. അതിനുവേണ്ടി ഓതറ ഫാർമസി കോളേജിനെ പ്രതിനിധീകരിച്ച് സമുദായ മെത്രാപ്പോലീത്തായാണ് ആധാരത്തിൽ ഒപ്പിട്ടിരിക്കുന്നത്. ഒരു കാരണവശാലും ഭമി പണയപ്പെടുത്തി തോട്ടയ്ക്കാട് കോളേജ് പണിയില്ല എന്ന് ക്നാനായ കമ്മിറ്റി തീരുമാനം എടുത്തിരിക്കുകയാണ്.

മുൻ ഭാരവാഹികൾ സമുദായത്തിന് വരുത്തിവച്ച കടബാധ്യതകൾ ഇപ്പോൾ സമുദായ സ്ഥാപനങ്ങളിൽ നിന്നും സ്വരൂപിച്ച് സമുദായത്തിന്റെ കടം തീർക്കേണ്ട എന്നാണോ പറയുന്നത്?

ഈ സമുദായത്തോട് ഒരു ആത്മാർത്ഥതയും സ്നേഹവും നിങ്ങൾക്ക് ഇല്ല എന്ന് തെളിഞ്ഞു കഴിഞ്ഞിരിക്കുകയാണ്. വീണ്ടും ഫേക്ക് ഐഡിയിൽകൂടി വാറോലകൾ എഴുതിക്കൊണ്ടിരുന്നോളു, ക്നാനായ കമ്മറ്റി അതിന്റെ പ്രവർത്തനവുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുക തന്നെ ചെയ്യും. നുണ പ്രചരണങ്ങൾ ക്നാനായ സമുദായത്തിലെ ജനങ്ങൾ പുച്ഛിച്ച് തള്ളും.

ക്നാനായ സമുദായത്തിൽ എന്ത് കാര്യം ഉണ്ടായാലും ഉടൻ സമുദായ സെക്രട്ടറിയുടെ തലയിൽ കെട്ടിവയ്ക്കാൻ ചിലഭാഗത്തു നിന്ന് ശ്രമങ്ങൾ നടക്കുന്നുണ്ട്. ഓരോ സ്ഥാപനങ്ങൾക്കും അതിന്റേതായ ഭരണസമിതിയും സെക്രട്ടറിയും മാനേജരും ഒക്കെ ഉണ്ട്. അവിടുത്തെ പണം ഇടപാടുകളും ബാങ്ക് സംബന്ധമായി ഉണ്ടാകുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നത് അവർ തന്നെയാണ്. സമുദായ സെക്രട്ടറിയുമായി ഒരു ബന്ധവുമില്ല. എന്നിരുന്നാലും സെക്രട്ടറിയെ ആക്രമിക്കുക എന്നത് ചിലരുടെ ശൈലിയായി മാറിയിരിക്കുകയാണ് അത നുസരിച്ച് പ്രവർത്തിക്കട്ടെ. ജനം ഇത് കണ്ടുകൊണ്ടിരിക്കുകയാണ് എന്നു മാത്രം പറയുന്നു.

ഈ ക്നാനായ കമ്മിറ്റി നിലവിൽ വന്നതിനുശേഷം എന്തു ചെയ്തു എന്ന ചിലരുടെ ചോദ്യത്തിന് കോവിഡിന്റെയും പ്രളയത്തിന്റെയും കാലങ്ങളെ അതിജീവിച്ച് ദൈവാനുഗ്രഹം കൊണ്ട് പ്രകടന പത്രികയിൽ പറഞ്ഞതിൽ കൂടുതൽ ചെയ്ത പ്രവർത്തനങ്ങൾ തന്നെ ഉത്തരം.

1) ചോർന്നൊലിച്ചുനിലം പൊട്ടാറായ മോർഅപ്രേം സെമിനാരി നവീകരിച്ചു വാസയോഗ്യമാക്കി. പുറത്തുനിന്നുള്ള അതിഥികൾ വരുമ്പോൾ ലജ്ജ കൂടാതെ സ്വീകരിച്ചു തിരുമേനിയെ സന്ദർശിക്കുവാൻ ഉള്ള നിലയിൽ അപ്രേം സെമിനാരി നവീകരിച്ചു.

2) കൊടുങ്ങല്ലൂരിൽ സ്ഥലം വാങ്ങി പൈതൃക സ്മാരകം നിർമ്മിച്ചു.

3) വടപുറം സ്കൂൾ പുതിയ കോൺക്രീറ്റ് ബിൽഡിംങ്ങ് നിർമ്മിച്ചു പഴയ കെട്ടിടങ്ങൾ നവീകരിക്കുകയും ചെയ്തു.

4) ചിങ്ങവനം ക്ലീമീസ് സ്കൂൾ ആധുനികവൽക്കരിച്ചു.

5) തോട്ടക്കാട് 10 ഏക്കർ വസ്തു സമ്പാദനം നടത്തി അവിടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾകൊണ്ടു വരുന്നതിനുള്ള നാലുകോടി രൂപ എസ്റ്റിമേറ്റ് ഉള്ള ബിൽഡിംഗ് പണി നടന്നുകൊണ്ടിരിക്കുന്നു.

6) തോട്ടയ്ക്കാട് തുടങ്ങുവാൻ പോകുന്ന കോളേജിലേക്ക് എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും സംസ്ഥാന ഗവൺമെന്റിൽ നിന്നും B A., B.Com, BCA തുടങ്ങിയ കോഴ്സുകൾക്ക് അംഗീകാരം വാങ്ങിക്കഴിഞ്ഞിരിക്കുന്നു. പാരാ മെഡിക്കൽ കോഴ്സുകൾക്ക് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

7) ഓതറ ഫാർമസി കോളേജിൽ പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കുന്നു. ലേഡീസ് ഹോസ്റ്റലിൽ പുതിയ ലിഫ്റ്റ് വാങ്ങി ഇൻസ്റ്റോൾ ചെയ്തു. ബാസ്ക്കറ്റ്ബോൾ കോർട്ടും നിർമ്മിച്ചു.

8) സേവേറിയോസ് പാലിയേറ്റീവ് കെയർ ചിങ്ങവനത്ത് ആരംഭിച്ചു.

9) പ്രളയകാലത്തു ക്യാമ്പുകൾ തുറക്കുകയും, ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

10) മലബാർ മേഖലയിൽ ഉണ്ടായ പ്രളയകാലത്തും കൈത്താങ്ങലുമായി സമുദായ നേതൃത്വം നിലമ്പൂരിലും മറ്റും നേരിട്ട് എത്തി സഹായം എത്തിച്ചു.

11) കോവിഡ് കാലത്ത് കേന്ദ്ര ഗവൺമെന്റിന്റെ വന്ദേ ഭാരത പദ്ധതി പ്രകാരം വിദേശ രാജ്യങ്ങളിൽ അകപ്പെട്ട ക്നാനായക്കാർക്ക് തിരികെ വരുവാൻ മുൻഗണന സഹായം എത്തിക്കുവാൻ സമുദായ സെക്രട്ടറിയുടെ ഉന്നതതല സ്വാധീനം കൊണ്ടു സാധിച്ചു.

12) കോവിഡ് കാലത്ത് ബഹുമാനപ്പെട്ട വൈദികർക്ക് ശമ്പളത്തിന് ഒരു കുറവും വരാതെ സമയാസമയം നൽകുവാൻ സാധിച്ചു.

13) കോവിഡ് കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സമുദായത്തിന്റെ കൈത്താങ്ങായി 5 ലക്ഷം രൂപ നൽകി ഭാഗഭാക്കായി.

14) സമുദായ മെത്രാപ്പാലീത്തായുടെ പേരിൽ സേവേറിയോസ് ദുരിതാശ്വാസ സഹായനിധി രൂപീകരിച്ചു സഹായങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു.

15) വൈദികരുടെ ശമ്പളം ഏറ്റവും കുറഞ്ഞത് 9000 –ൽ നിന്ന് 16000 ആയി ഉയർത്തി.

16) ബഹുമാനപ്പെട്ട വൈദികർക്ക് ബിലീവേഴ്സ് മെഡിക്കൽ കോളേജും ആയി ചേർന്ന് ഹെൽത്ത് ഇൻഷുറൻസ് കാർഡും മറ്റ് ആനുകൂല്യങ്ങളും ഒരുക്കി.

17) മുൻ ഭരണ സമിതി അടയ്ക്കാതെ ഇരുന്ന വൈദികരുടെ PF കുടിശിഖ അടച്ചു തീർത്തു.

18) അകാലത്തിൽ നമ്മളിൽ നിന്നും വിട്ടുപോയ ജെയ്സൺ ഇളവംകുളം അച്ചന്റെ കുടുംബത്തിന് കൈത്താങ്ങലായി സഹായനിധി ശേഖരിച്ച് നൽകി.

19) മുൻ ഭരണസമിതി വരുത്തി വച്ച കടബാധ്യതകളുടെ കൂടുതൽ പങ്കും അടച്ചു തീർത്തു.

20) മുൻ ഭരണസമിതി വരുത്തി വച്ച വൻ ഇൻകം ടാക്സ് ബാധ്യതയിൽനിന്ന് കോടതിയിൽ പോയി ഓർഡർ വാങ്ങി. കൂടാതെ പണം അടച്ചു സമുദായത്തെ ജപ്തി ഭീഷണിയിൽനിന്നും രക്ഷിച്ചു.

21) ഓതറ നസ്രേത്ത് ആശ്രമത്തിലെ കിച്ചനും മുറികളും ഉൾപ്പെടെ നവീകരിച്ചു പ്രവർത്തനക്ഷമമാക്കി.

22) സുഖാർ ധ്യാനകേന്ദ്രം നവീകരിച്ച് ഒരു സമ്പൂർണ്ണ ധ്യാനകേന്ദ്രം ആക്കി മാറ്റി.

23) വാകത്താനത്ത് സമുദായവക മിഷൻപള്ളിയുടെ സ്ഥലം തിരിച്ചുപിടിച്ചു.

24) ബാംഗ്ലൂരിൽ കോടികൾ വിലവരുന്ന വസ്തു സമുദായത്തിന്റെ പേരിലേക്ക് ആധാരം എഴുതി വാങ്ങി.

25) മോർ അപ്രേം സെമിനാരിയിൽ ഉള്ള ലൈബ്രറി വിപുലീകരിച്ചു.

26) സമുദായ നേതൃത്വത്തിന്റെ പ്രവർത്തന ഫലമായി മൂന്നോക്കരിലെ പിന്നോക്ക സമുദായങ്ങളുടെ ലിസ്റ്റിൽ ഇടം പിടിച്ചു. സംവരണ അവകാശം ലഭിച്ചു.

27) സമുദായവക തോട്ടങ്ങളായ കുൽപ്പമല എസ്റ്റേറ്റിലും എഡേസ തോട്ടത്തിലും സമയാസമയങ്ങളിൽ സന്ദർശിക്കുകയും ആവശ്യമായ നടപടികളും നിർദ്ദേശങ്ങളും സ്വീകരിച്ച് കൂടുതൽ വരുമാനം ഉണ്ടാക്കി.

28) ക്നാനായ സമുദായത്തിന്റെ പാർലമെന്റായ ക്നാനായ അസ്സോസിയേഷൻ ഹാൾ ശീതീകരിച്ച് നവീകരിച്ചു.

29) റാന്നി മോതിരവയലിൽ സമുദായത്തിന് ഒരു വ്യക്തി 10 വർഷം മുമ്പ് സംഭാവന ചെയ്ത സ്ഥലത്ത് ഭവന രഹിതർ ആയ 15 കുടുംബങ്ങൾക്ക് വീട് വച്ചു കൊടുക്കുവാൻ പ്രോജക്ടിന് സ്പോൺസേഴ്സിനെ കണ്ടെത്തി. നിർമ്മാണം തുടങ്ങുവാനുള്ളകട്ടേഷൻ ക്ഷണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

30) ക്നാനായ സമുദായത്തിന് ഏലിയാസ് ത്രീതീയൻ പാത്രിയർക്കീസ് ബാവ നൽകിയിട്ടുള്ള 42 -ാം നമ്പർ കല്പന പ്രകാരമുള്ള ഉൾഭരണ സ്വാതന്ത്ര്യത്തെയും സമുദായ ഭരണഘടനയെയും സംരക്ഷിക്കുവാൻ അഹോരാത്രം പ്രയത്നിച്ചു കൊണ്ടിരിക്കുന്നു.

2020 മാർച്ച് മുതൽ 2022 മാർച്ച് വരെ കൊറോണ വ്യാപിച്ച് കേരളം ലോക്ക്ഡൗണായി കിടന്ന സമയത്താണ് ഇത്രയും പ്രവർത്തനങ്ങൾ ചെയ്തത്. കാലാവധി അഞ്ചുവർഷം ഉണ്ടായിരുന്നതിൽ മൂന്നുവർഷം മാത്രമേ ഉപയോഗിക്കുവാൻ സാധിച്ചുള്ളു. സമുദായത്തിന് എതിരേ 62 കേസുകളും നടത്തേണ്ടതായി വന്നു.

മുൻ കേരള മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ ക്നാനായ സമുദായ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ ക്നാനായ മാനേജിംഗ് കമ്മിറ്റിയുടെയും വൈദിക കൗൺസിലിന്റെയും സംയുക്ത യോഗം അനുശോചനം രേഖപ്പെടുത്തി. ക്നാനായ സമുദായത്തെ തൊട്ടറിഞ്ഞു സ്നേഹിച്ചിരുന്ന മനുഷ്യ സ്നേഹിയായിരുന്നു ഉമ്മൻ ചാണ്ടിയെന്ന് സമുദായ വലിയ മെത്രാപ്പോലീത്താ അനുസ്മരിച്ചു. സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, വികാരി ജനറാൾ ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരി, ട്രസ്റ്റി തോമസുകുട്ടി മറ്റക്കാട്ട്, ഫാ.മോനായി കെ. ഫിലിപ്പ് കർക്കിടകംപള്ളിയിൽ, ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, സാബു കണ്ണാറ്റിപ്പുഴ, രാജു വള്ളപ്പുരയ്ക്കൽ എന്നിവർ അനുശോചന പ്രസംഗം നടത്തി.

ക്നാനായ സമുദായത്തിന്റെ ആസ്ഥാനമായ ചിങ്ങവനത്ത് കേരളത്തിന്റെ ജനകീയ നേതാവ് ബഹു. ഉമ്മൻചാണ്ടിയുടെ ഭൗതീക ശരീരം എത്തിയപ്പോൾ മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ ആദരാഞ്ജലികൾ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ജനനായകന്റെ ഭൗതിക ശരീരത്തിൽ പുഷ്പചക്രം സമർപ്പിച്ചു അനുശോചനം അറിയിച്ചു. സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം, വൈദിക ട്രസ്റ്റി മോനായി. കെ. ഫിലിപ്പ്, വില്ലി വടാമറ്റം, ദയറാപള്ളി വികാരി റവ.ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട്, ക്നാനായ കോൺഗ്രസ് പ്രസിഡന്റ് റവ.ഫാ. ജേക്കബ് കല്ലുകുളം എന്നിവർ പങ്കെടുത്തു.

ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിക്കുവേണ്ടി

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

സമുദായ സെക്രട്ടറി

---

## *എഡിറ്റോറിയൽ*
*(പേജ് 4 തുടർച്ച)*

എന്നാൽ കർത്താവിന്റെ കാര്യങ്ങളോടു തുല്യമായോ, അതിനേക്കാൾ വലുതായോ വിശുദ്ധ മാതാവിനെയോ, പരിശുദ്ധന്മാരെയോ കണക്കാക്കുകയാണെങ്കിൽ അതു ഭയങ്കരമായ ജീവിത അധഃപതനത്തെയാണ് കാണിക്കുന്നത്. ഇന്ന് നമ്മുടെ ഇടയിൽ കാണുന്ന ഒരു വിരോധാഭാസം ക്രിസ്തീയ ജീവിത പ്രമാണങ്ങൾക്ക് വില കൽപ്പിക്കാത്തവർപോലും പള്ളിയിലെ പരിശുദ്ധന്മാരെ ദേവാംശമുള്ളവരായും പരിശുദ്ധ മാതാവിനെ ഏതോ ഒരു ദേവിയെപ്പോലെയും ബഹുമാനിക്കുകയോ ആരാധിക്കുകയോ ചെയ്യുന്നു എന്നു തോന്നിപ്പോകാവുന്ന ചില അനുഷ്ഠാനങ്ങൾക്ക് താല്പര്യം കാണിച്ചുകൊണ്ട് പണം സമ്പാദിച്ച് ധൂർത്തടിക്കുന്ന പ്രവണതയാണ്. നമ്മുടെ പിതാക്കന്മാർ കാണിച്ചുതന്ന മാതൃക പ്രകാരം സ്തുതിക്കു യോഗ്യൻ ക്രിസ്തു അത്രേ എന്നു കണ്ട് ആരാധിക്കേണം.

സ്തുതി ദൈവത്തിന്നുയരത്തിൽ
തൻമാതാവിന്നുന്നതിയും
മഹിമാമുടി സഹദേന്മാർക്കും
മൃതരിൽ കരുണയുമുണ്ടാകട്ടെ.

ഈ പ്രമാണം അനുസരിച്ച് ജീവിച്ച് ദൈവത്തിൽനിന്നും നന്മകൾ അനുഭവിക്കുവാൻ നമുക്ക് ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

## *മെത്രാപ്പോലീത്തായുടെ സന്ദേശം*
*(പേജ് 5 തുടർച്ച)*

കേരള ജനതയെ ഒന്നടങ്കം ദുഃഖത്തിലാക്കിയ ഒന്നാണല്ലോ കേരളത്തിന്റെ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ വേർപാട്. സാധാരണക്കാരോടൊപ്പം ആയിരുന്ന ഒരു ജനസേവകൻ. 'അസ്തമിച്ചപ്പോൾ പ്രഭ കൂടിയ സൂര്യൻ' എന്ന് പലരും വിശേഷിപ്പിച്ച ഒരു പൊതു പ്രവർത്തകൻ. ക്നാനായ സമുദായത്തിന്റെ ഉത്തമ സുഹൃത്ത്. നമ്മുടെ സിറിയൻ ക്നാനായ കുടിയേറ്റ വാർഷികത്തിലും, സമുദായത്തിന്റെ മറ്റു പൊതുചടങ്ങുകളിലുമെല്ലാം സ്ഥിരം അതിഥി. ജനഹൃദയങ്ങളിൽ ഇന്നും നിറഞ്ഞുനിൽക്കുന്ന പ്രിയ നേതാവിന്റെ ജീവിതത്തിനായി ദൈവത്തെ സ്തുതിക്കുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ സമുദായത്തിന്റെ ആദരാഞ്ജലി അർപ്പിക്കുവാൻ സാധിച്ചു. അദ്ദേഹത്തിന്റെ ആത്മാവിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുന്നു. പൊതു പ്രവർത്തകർ എങ്ങനെ ആയിരിക്കണമെന്ന ഉത്തമ മാതൃക സമ്മാനിച്ച പ്രിയ ഉമ്മൻചാണ്ടിക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു.


കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**

**(സമുദായ മെത്രാപ്പോലീത്ത)**

# ഓർമ്മകളിൽ ഉമ്മൻ ചാണ്ടി

ഫാ. ജേക്കബ് കല്ലുകുളം (മാനേജിംഗ് എഡിറ്റർ)



കേരളത്തിൽ പുതുപ്പള്ളി എന്ന പേരിനെ പ്രസിദ്ധമാക്കിയ നാമധേയമാണ് ശ്രീ. ഉമ്മൻ ചാണ്ടി. കേരളത്തിന്റെ പത്താമത്തെ മുഖ്യമന്ത്രിയായിരുന്നു. 1943-ൽ ജനിച്ച് 1977-ൽ തൊഴിൽ വകുപ്പ്മന്ത്രി, 1982-ൽ ആഭ്യന്തരമന്ത്രി, 1991-ൽ ധന വകുപ്പുമന്ത്രി, 2004-ൽ മുഖ്യമന്ത്രി, 2011-ൽ വീണ്ടും മുഖ്യമന്ത്രി. ഈ സ്ഥാനങ്ങൾ വഹിച്ച് 2023 ജൂലൈ 18 ന് നിത്യതയിലേയ്ക്ക് മറയപ്പെട്ട പുതുപ്പള്ളിയുടെ കുഞ്ഞൂഞ്ഞ്.

ജാതിയും മതവും കക്ഷിരാഷ്ട്രീയവും കൊണ്ട് വെട്ടിമുറിച്ച കേരളത്തെ മരണം കൊണ്ട് ചേർത്തുനിർത്തിയ മഹാനായ ഒരു മനുഷ്യൻ ആയിരുന്നു ഉമ്മൻചാണ്ടി. എം.സി. റോഡിലെ ജനസാഗരത്തെ ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസമില്ലാതെ ഇഴഞ്ഞുനീങ്ങിയ വിലാപയാത്ര ആധുനിക കാലത്തെ മാധ്യമങ്ങൾ ഏറെയുള്ളപ്പോൾ ഒരു നോക്കു കാണുവാൻ ജനസാഗരം ഇരമ്പിയ കാഴ്ചയായിരുന്നു ഉമ്മൻ ചാണ്ടിയുടെ വിലാപയാത്ര. അദ്ദേഹം ലോകത്തിന് എന്തെല്ലാം നൽകിയെന്ന് മരണശേഷമാണ് ലോകം വിളിച്ചു പറയുന്നത്.

ജനസമൂഹത്തെ ചേർത്തു പിടിച്ച ഒരു മഹാത്മാവായിരുന്നു ഉമ്മൻ ചാണ്ടി. എപ്പോഴും ജനസമൂഹങ്ങൾക്കിടയിൽ ചേർന്നു നടന്ന ഒരു വ്യക്തിത്വമായിരുന്നു. വളരെ കുറച്ച് ഉറങ്ങി കൂടുതൽ പ്രവർത്തിച്ച മനുഷ്യനായിരുന്നു. കേരളത്തിന്റെ ജന മനഃസാക്ഷിയെ ചേർത്തു നിർത്തിയ മനുഷ്യൻ. ആധുനിക കാലത്തിന് ഒരു നേർകാഴ്ചയുടെതായി മാറിയിരിക്കുന്നു ഉമ്മൻ ചാണ്ടിയുടെ ജീവിതം.

ഒരു രാഷ്ട്രീയക്കാരൻ എന്തായിരിക്കണമോ ആയതിന്റെ നേർകാഴ്ചയാണ് ഉമ്മൻ ചാണ്ടി. ഒപ്പം ഒരു ആത്മീയ നേതാവ് എങ്ങനെ ആകണമോ ആയതിന്റെയും ചിത്രമാണ് ഉമ്മൻ ചാണ്ടി. സാധാരണ മനുഷ്യരുടെ ആവശ്യങ്ങൾ അറിഞ്ഞ് അവരിലേയ്ക്കിറങ്ങിച്ചെന്ന് പ്രവർത്തിച്ച വ്യക്തിത്വം. അവിടെയാണ് ദൈവസ്നേഹം വെളിപ്പെടുന്നത്. തന്റെ ജീവിത സാക്ഷ്യത്തിലൂടെ ലോകത്തിന് ഉമ്മൻ ചാണ്ടി വെളിപ്പെടുത്തിയ സ്നേഹത്തിന്റെ തെളിവായിരുന്നു കേരളത്തിൽ ഒരാൾക്കും ലഭിക്കാത്ത യാത്രാമൊഴി. കേവലം നാല് അഞ്ച് മണിക്കൂർ കൊണ്ട് ഓടിത്തീരേണ്ട വഴി രണ്ടു പകലും ഒരു രാത്രിയും കൂടി ഓടിത്തീർന്നത്. പിന്നിട്ട വഴിത്താരകളിൽ മഴയെപ്പോലും അവഗണിച്ചുകൊണ്ട് യാത്രാമൊഴിയേകാൻ ജനസഹസ്രങ്ങൾ കാത്തിരുന്ന കാഴ്ച ആധുനിക ലോകത്തിൽ വേറിട്ട ഒരു കാഴ്ച നമുക്ക് നൽകി.

ഹൃദയം പിളർക്കുന്ന ആരോപണങ്ങൾ നിറഞ്ഞപ്പോഴും, ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അതിനെ നേരിട്ട വ്യക്തിത്വം-നേരിന്റെ മനഃസാക്ഷിയുമായി ജീവിച്ച മഹാത്മാവ്-പുകമറപോലെ വന്ന എല്ലാത്തിനേയും നേരിട്ട് വിജയിക്കുവാൻ-തള്ളിപ്പറഞ്ഞ നാവുകൾ കൊണ്ട് തിരിച്ച് പറയിപ്പിച്ച് മടങ്ങിയ നേതാവായിരുന്നു.

കേരളം കണ്ട മികച്ച മുഖ്യമന്ത്രിമാരിൽ ഒരാളായിരുന്നു ശ്രീ. ഉമ്മൻ ചാണ്ടി. കേരളത്തിന്റെ വികസനത്തിന് ഊന്നൽ കൊടുത്ത ഭരണാധികാരിയായിരുന്നു. ദീർഘവീക്ഷണമുള്ള നേതാവായിരുന്നു.

കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, സ്മാർട്ട്സിറ്റി, കണ്ണൂർ വിമാനത്താവളം തുടങ്ങിയവയിലേയ്ക്ക് നോക്കുമ്പോൾ അദ്ദേഹത്തിന്റെ വികസന കാഴ്ചപ്പാടുകൾ വെളിവാകും.

ആർക്കും സമീപിക്കാവുന്ന നേതാവ് - ഞായറാഴ്ച പുതുപ്പള്ളിയിൽ മുടങ്ങാതെ എത്തിച്ചേരുന്ന നേതാവ്. ഐക്യരാഷ്ട്രസഭയുടെ അവാർഡിനർഹനാക്കിയ പതിനൊന്നു ലക്ഷം ജനങ്ങളുടെ പരാതികൾ പരിഹരിച്ച ജനസമ്പർക്ക പരിപാടിയുടെ നായകൻ. ചെയ്യുന്ന പ്രവൃത്തികൾക്ക് പ്രശസ്തി ആഗ്രഹിക്കാത്ത നേതാവ്. ഒരു നേതാവ് എങ്ങനെ ആയിരിക്കണമെന്ന് ആധുനിക കാലത്ത് വേറിട്ട കാഴ്ചയുടെ പാഠപുസ്തകമായി കേരളത്തിനു മുൻപിൽ തെളിഞ്ഞ നേതാവ്.

ക്നാനായ സമൂഹത്തെ സംബന്ധിച്ച് ഒരിക്കലും മറക്കാനാകാത്ത വ്യക്തിത്വം. നമ്മുടെ ഏത് ആവശ്യങ്ങൾക്കും ഓടിയെത്തുന്ന നേതാവ്. സിറിയൻ വാർഷികസംഗമ വേദികളിലെ സ്ഥിരസാന്നിധ്യം. ജീവിച്ചിരുന്നതിനെക്കാൾ കൂടുതൽ മരണത്തിലൂടെ ശക്തനായ നേതാവ്. പുതുപ്പള്ളി മുതൽ പുതുപ്പള്ളി വരെയുള്ള 79 കുഞ്ഞുകുഞ്ഞു വർഷങ്ങൾ 2023 ജൂലൈ 18 ന് അവസാനിക്കുമ്പോൾ ജനഹൃദയങ്ങളെ തൊട്ടറിഞ്ഞ ഒരു ജനനായകന്റെ മടക്കം. ഹൃദയത്തോട് ചേർത്ത് പിടിച്ച് ജനസാഗരം. നേതൃത്വം എന്നാൽ അധികാരമല്ല - പദവിയുമല്ല, മറിച്ച് സ്വാധീനമാണ് എന്ന് തെളിയിച്ച മഹാവ്യക്തിത്വം. സമയത്തെ നടന്ന് തോൽപ്പിച്ച നേതാവ്, നെഞ്ചിലേക്ക് കല്ലെറിഞ്ഞവനോട് ക്ഷമിച്ച സ്നേഹമനസ്സിന്റെ ഉടമ. ജനനായകന് ക്നാനായ സമൂഹത്തിന്റെ യാത്രാമൊഴികൾ.

# വിവാഹിതരായി



Advt - O

തുരുത്തിക്കാട് സെന്റ് ജോൺസ് ക്നാനായ പള്ളി ഇടവകയിൽ വെണ്ണിക്കുളം കൈതാരത്ത് പുത്തൻപീടികയിൽ ബിജു ജേക്കബിന്റെയും സിൽവി ബിജുവിന്റെയും മകൾ **NAVEENA ANN BIJU** (P.W.C. Bangalore) ഉം, റാന്നി ചരുവുപറമ്പിൽ കുറിയാക്കോസ് എബ്രഹാമിന്റെയും (റ്റിറ്റൻ) ഷൈനി എബ്രഹാമിന്റെയും മകൻ **SEBIN ABRAHAM** (Philadelphia) ഉം തമ്മിലുള്ള വിവാഹം 15/07/2023 ൽ റാന്നി സെൻറ് തോമസ് ക്നാനായ വലിയപള്ളിയിൽ റവ. ഫാ. ജിക്കു സക്കറിയ ചരുവുപറമ്പിലിന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

## *Congratulations*



Advt - O

**Nayna Ann Aby** daughter of Aby T Alex & Sene Jacob (Thekkumthara, Trivandrum) has achieved **Bronze Medal** in **Shitoryu National Karate Championship 2023** held at Mysore. And got selected to participate in **World Karate Championship in Indonesia representing team INDIA**. She is the member of St.Ignatius Church, Pattoor.

## *Congratulations*



**Jacob Philip Thomas**

Masters in Renewable Energy Engineering from Univ. of Central Lancashire UK July 2023

S/o Dr. K.P. Thomas & Dr. Valsala Thomas, Kozhimattom (H), Neelamperoor.

He is a member of St. Johns Dayara Church, Chingavanam.

Brothers-
Philip & Remya Singapore
Abraham & Janis Canada

Advt - O

**50th Wedding Anniversary**
**20/08/2023**



## Jolly Jacob & V C Jacob

**Vadakkemannil House,**
**Mannamaruthy, Ranny**

*Best Wishes from*
Jobina & Robin, Jitto & Suby,
Jisha & Lincu, Jinju & Jacob
and grandchildren

Advt - O


## ഉമ്മൻചാണ്ടിയുടെ വസതി സന്ദർശിച്ചു



ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, ക്നാനായ കോൺഗ്രസ്സ് ഭാരവാഹികൾക്കൊപ്പം ഉമ്മൻചാണ്ടിയുടെ വസതി സന്ദർശിച്ച് കുടുംബാഗങ്ങളെ കാണുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഫാ. ജേക്കബ് കല്ലുകുളം (പ്രസിഡന്റ്) സമീപം

## ജനനായകനായ ഉമ്മൻ ചാണ്ടിക്ക് ക്നാനായ സമൂഹത്തിന്റെ യാത്രാമൊഴി




ക്നാനായ സമുദായ മെത്രാപ്പോലീത്ത **അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**, സമുദായ സെക്രട്ടറി **ശ്രീ. ടി. ഒ. ഏബ്രഹാം തോട്ടത്തിൽ** എന്നിവർ ആദരാഞ്ജലികൾ അർപ്പിക്കുന്നു.





# ST MARY'S KNANAYA CHURCH CHICAGO



**Milan Mathew**
Vattathil
President



**Bejoy Zachariah**
Malathusseril
Secretary



**Ginu Thomas**
Vadakel
Acting Trustee



**Raju**
Malikarukayil
Joint Secretary



**Don Jacob**
Malikarukayil
Committee member



**James**
Orappangal
Committee member



**Nikhil Sabu**
Puthuchirayil
Committee member



**Manoj Abraham**
Valiyaveettil Padical
Committee member



**Richin Thomas**
Kizhakemundakal
Committee member



**Jino**
Palakudiyil
Committee member



**Sylvia Jacob**
Kizhakke Mundackal
Vanitha Samajam
Secretary



**Nimisha Nikhil**
Puthuchirayil
PRO



**Joana Thomas**
Vadakel
Sunday school
Principal



**Jayamol Zachariah**
Malathusseril
Vanitha Samajam
Trustee

Advt - O

# സെന്റ് പീറ്റേഴ്സ് ചാരിറ്റബിൾ ട്രസ്റ്റ് ഉത്ഘാടനം



തിരുവല്ല: സെന്റ് പീറ്റേഴ്സ് ചാരിറ്റബിൾ ട്രസ്റ്റിന്റെയും മെഡിക്കൽ സെമിനാറിന്റെയും ഉത്ഘാടനം ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവഹിച്ചു. അഭി. കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, അഭി. കുറിയാക്കോസ് മോർ ഇവാനിയോസ് മെത്രാപ്പോലീത്ത, രാജു എബ്രഹാം Ex. M L A, Fr. തോമസ് ജേക്കബ്, Fr. സിജിൽ ജോസ്, Fr. മാത്യു കുരുവിള, Fr. കൊച്ചുമോൻ തോമസ്, Fr. ജെയിൻ തോമസ്, ജേക്കബ് മാത്യു, കെ. കെ. കുര്യൻ, കെ.സി. കുര്യാക്കോസ്, ബിൻസൺ എം. തോമസ്, എബ്രഹാം മാത്യു, അനി സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു. മെഡിക്കൽ സെമിനാർ Dr. ഉഷ പുതുമന നയിച്ചു.



Advt - O

# ST.PETER'S KNANAYA CHURCH, KUWAIT

## MANAGING COMMITEE 2023-2024

### TRUSTEE



**CHESSY K CHERIAN**
VENNUVILATHU ALUMOOTIL,
KALLISHERY

### VICAR



**Rev.Fr. SIJIL JOSE**
VILANGANPARA
VAKATHANAM

### SECRETARY



**SUNIL JOSEPH**
KADAKKETHU
MANNAMARUTHY

### COMMITTEE MEMBERS



**MATHEW ABRAHAM.C**
CHALUPARAMBIL
RANNI



**SAJAN MATHEW**
KOCHUPURAKAL
MANNAR



**SINU CHERIAN**
MURICKOLIPUZHA
MANNAMARUTHY



**ANISH THOMAS**
IKKATTU
PUTHUVELIL
AYTHALA




**SONY JOY**
ARACKAL
NEELAMPEROOR



**TOMY THOMAS**
MODIYIL
VENPALA



**ROBY THOMAS**
PAZHAYATTU
THONIKADAVU



**ROJISH SKARIAH**
MATHURAMKOTTU
OZHUVANPARA



**SINJU RAJU**
MATTAKKATTU
OZHUVANPARA



**DONA JOSEPH**
EDASSERIL
VELLUTHURUTHY



**PHILIP SKARIAH**
KALATHIL
NEELAMPEROOR



**RINTO ABRAHAM**
OTTAPLACKAL
EDAKULAM



**SAJI PUNNOOSE**
AMPALAPPATTU
THIRUVANVANDOOR



**SHEBEY THOMAS**
KURUPPANPARAMBIL
ERAVIPEROOR

Advt - O

# വിവാഹിതരായി




കോട്ടയം സെന്റ് മേരീസ് ക്നാനായ വലിയപള്ളി ഇടവകയിൽപെട്ട വലിയവീട്ടിൽ **V.C. Kuriakose**-ന്റെയും **Elsy Kuriakose**-ന്റെയും മകൻ **RICHU KURIAKOSE** ഉം, റാന്നി സെന്റ്തോമസ് വലിയപള്ളി ഇടവകയിൽപെട്ട കളരിക്കമുറിയിൽ **Kuriakose K.G.**-യുടെയും **Beena Kuriakose**-ന്റെയും മകൾ **CHACHU KURIAKOSE** ഉം തമ്മിലുള്ള വിവാഹം 15/07/2023 ൽ കോട്ടയം സെന്റ് മേരീസ് വലിയ പള്ളിയിൽ നടത്തപ്പെട്ടു.

Advt - O





Advt - O



## 40 – ാം ചരമദിനം

10 – 8 – 2023

## ഫാ. വി. ഒ. ഏലിയാസ്

വലിയപറമ്പിൽ
കുന്നംങ്കരി
വെളിയനാട്

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോ
രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 4 – ാം ചരമവാർഷികം

04 – 08 – 2023



## റോസമ്മ മാത്യു

കൊച്ചേത്ത്, അഞ്ചാനി, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 1 – ാം ചരമവാർഷികം

04 – 09 – 2023



## V. A. കുരുവിള (പാപ്പച്ചൻ)

വാഴൂത്ര, നീലംപേരൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

# 13 –ാം ചരമവാർഷികം

**20 – 08 – 2023**



## പി. റ്റി. തോമസ് (തങ്കച്ചൻ)

**പൂവക്കുളത്ത്, മഴുക്കീർ, കല്ലിശ്ശേരി**

ഞങ്ങളുടെ പപ്പ ഞങ്ങളെ വിട്ടുപിരിഞ്ഞിട്ട് പതിമൂന്ന് വർഷം തികയുന്നു. സ്വർഗത്തിൽ കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S



# കളിയല്ല കരിയർ: നല്ല ആസൂത്രണം അനിവാര്യം!

സുനിൽ ഡി. കുരുവിള

'A little learning is a dangerous thing.
Drink deep, or taste not the Pierian Spring'

മക്കളെ ആരാക്കണം എന്ന കാര്യത്തിൽ മിക്ക മാതാപിതാക്കളും ആശങ്കയിലാണ്. കുട്ടികളും ഏതു വഴി തിരഞ്ഞെടുക്കണം എന്നറിയാതെ പലപ്പോഴും ബുദ്ധിമുട്ടുന്നു. ഈ ആധുനിക കാലത്തും ഡോക്ടർ, എഞ്ചിനീയറിനപ്പുറത്തേക്ക് ചിന്തിക്കാൻപോലും കഴിയാത്ത അനേകർ. ജോലിസാധ്യത പരിഗണിക്കുമ്പോൾ തന്നെ ജോലിചെയ്യേണ്ടതു നമ്മളുടെ കുട്ടിയാണ് എന്നുകൂടി ചിന്തിച്ചു വേണം കരിയർ പ്ലാൻ ചെയ്യാൻ.

ന്യൂ ജെൻ കോഴ്സ്: എടുത്തുചാട്ടം വേണ്ട.

Artificial intelligence, Data science, Robotics മുതലായ കോഴ്സുകൾ പഠിക്കാൻ എല്ലാവരും ചാടി ഇറങ്ങേണ്ട. കണക്കിന് നല്ല കഴിവുള്ളവരും ഉയർന്ന പഠന ശീലങ്ങൾ ഉള്ളവരും ഇറങ്ങിത്തിരിച്ചാൽ മതി. മികച്ച സ്ഥാപനത്തിൽ പഠിക്കുക എന്നത് ഏറ്റവും പ്രധാനം. ഗണിതശാസ്ത്രം, കമ്പ്യൂട്ടർ സയൻസ് ബിരുദമോ എഞ്ചിനീയറിംഗോ പഠിച്ചതിനു ശേഷം ഇത്തരം കോഴ്സുകൾ പഠിക്കുന്നത് മികച്ച കരിയർ നേടാൻ സഹായിക്കും!

സൈക്കോളജി, ഫോറൻസിക്ക് സയൻസ്, ഏവിയേഷൻ, pharm D മുതലായ കോഴ്സുകൾ കണ്ണുമടച്ചുപോയി ചേരേണ്ടതില്ല. ജേർണലിസം, ബയോടെക്നോളജി, ആസ്ട്രോഫിസിക്സ് പോലുള്ള കോഴ്സുകൾ ബിരുദ തലത്തിൽ തന്നെ പഠിക്കണമെന്നില്ല. അതൊക്കെ ബിരുദശേഷം 'സ്പെഷ്യലൈസ്' ചെയ്യുന്നതാവും ഉചിതം.

നല്ല വ്യക്തിത്വ വികസനം, അറിവ്, നേതൃത്വപാടവം, ആശയവിനിമയശേഷി ഇവ നമ്മെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കും. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്തു നന്നായി ആസൂത്രണം ചെയ്യുന്നവർക്കേ മികച്ച നേട്ടം കൊയ്യാനാവുകയുള്ളൂ. കുട്ടിക്കാലത്തു തന്നെ നല്ല മനോഭാവവും അധ്വാനശീലവും അറിവും നൈപുണ്യവും വളർത്തിയെടുക്കുക. അച്ചടക്കം, ആത്മവിശ്വാസം ആശയവിനിമയ പാടവം എന്നിവ നിങ്ങളെ ബഹുദൂരം മുന്നിൽ എത്തിക്കും. തീരുമാനങ്ങൾ എടുക്കാനുള്ള കഴിവും പ്രശ്നങ്ങളെ നേരിടാനുള്ള ധൈര്യവും പ്രതിസന്ധികളെ തരണം ചെയ്യാനുള്ള വിശ്വാസവും ഉയർന്ന കരിയറുകൾ ആഗ്രഹിക്കുന്നവർ നേടിയെടുക്കണം.

വിദേശത്തു MBBS പഠിക്കാൻ പോകുന്ന കുട്ടികളിൽ ഭൂരിപക്ഷത്തിനും ഒരു നല്ല കരിയർ നേടിയെടുക്കാൻ കഴിയുന്നില്ല. കുട്ടികൾക്ക് അഭിരുചിയില്ലാത്തതും, കോഴ്സിന്റെ നിലവാരമില്ലായ്മയും, അവസരങ്ങൾ കുറയുന്നതും licensing പരീക്ഷകളുടെ കാഠിന്യവുമൊക്കെ കാരണങ്ങളാണ്.

വിദേശ രാജ്യത്തുപോയി ജോലി ചെയ്യാനും പണം സമ്പാദിക്കാനും സ്ഥിരതാമസമാക്കാനും ആഗ്രഹിക്കുന്നവർക്ക് ഏറ്റവും നല്ല പഠനമേഖലയാണ് പാരാമെഡിക്കൽ. എന്നാൽ പാരാമെഡിക്കൽ കോഴ്സുകൾ എല്ലാം മികച്ചവയല്ല. അഭിരുചി ഇല്ലാത്തവർക്കും നല്ല സ്ഥാപനങ്ങളിൽ പഠിക്കാത്തവർക്കും പിന്നീട് ഭാവി 'പാര' ആയേക്കാം. നല്ല അച്ചടക്കവും അദ്ധ്വാനവും വേണ്ട മേഖലയാണ്.

ഈ രംഗത്ത് നല്ല നിലവാരമുള്ള ഡിഗ്രികൾ കരസ്ഥമാക്കി രണ്ടു വർഷം എക്സ്പീരിയൻസ് നേടുന്നവർക്ക് അമേരിക്ക, കാനഡ, യൂറോപ്പ്, ഓസ്ട്രേലിയ, ഗൾഫ് നാടുകളിൽ വലിയ സാദ്ധ്യതകൾ ലഭിക്കും. എന്നാൽ അത്തരം അവസരങ്ങൾ മുതലെടുക്കാം എന്ന് കരുതി അഭിരുചിയോ താല്പര്യമോ ഇല്ലാത്തവർ അതിനു മുതിരാതിരിക്കുന്നതാണ് നല്ലത്. അതുപോലെതന്നെ നിലവാരം കുറഞ്ഞ സ്ഥാപനങ്ങൾ പഠിക്കാനായി തിരഞ്ഞെടുത്താൽ തൊഴിലില്ലായ്മ ആയിരിക്കും ഫലം. കോവിഡിനു ശേഷമുള്ള ലോകം കൂടുതൽ quality ക്ക് പ്രാധാന്യം നൽകുന്നതായിരിക്കും. ഏതു രംഗത്തു പഠിക്കാൻ പോകുമ്പോഴും ആ രംഗത്തിനു ചേരുന്ന അഭിരുചിയും വ്യക്തിത്വവും കഴിവും മനോഭാവവും അനിവാര്യമാണ്. അവയാണ് നമ്മെ മികച്ച professionals ആക്കുന്നത്.

TOP PARAMEDICAL COURSES

* Nursing GNM / BSc
* Physiotherapy
* Occupational Therapy
* OTT (Operation Theatre Technology)
* Dialysis Technology
* MLT (Medical Lab Technology)
* X-Ray Technology
* Radiography
* Medical Imaging Technology
* Medical Record Technology
* Ophthalmic Technology
* Audiology and Speech Therapy
* Optometry
* Anaesthesia Technology
* Public health & Hygiene
* Nutrition & Dietetics
* Rural Health Care
* Community Health Care
* Child Development
* Psychology & Counselling
* Pharmacy etc

നേഴ്സിംഗ് രംഗത്ത് മാത്രം ലോകത്ത് ആറ് മില്യൻ തൊഴിൽ അവസരങ്ങൾ ഉണ്ട് എന്ന് UN വെളിപ്പെടുത്തുന്നു. എല്ലാവർക്കും സയൻസ് പഠിക്കാൻ കഴിയണമെന്നില്ല. ഇനി കഴിയുന്നവർ തന്നെ മെഡിക്കൽ/പാരാ മെഡിക്കൽ രംഗം ഇഷ്ടപ്പെടണം എന്നില്ല. നന്നായി ആലോചിച്ചു ആസൂ

ത്രണം ചെയ്തു മാത്രം കരിയർ തെരഞ്ഞെടുക്കുക.

ഇംഗ്ലീഷിന് നല്ല നിലവാരമുള്ള കുട്ടികൾക്കാണ് വിദേശ രാജ്യത്തൊക്കെ ജോലി ലഭിക്കുക. ആഴത്തിലുള്ള subject/ domain അറിവും പ്രായോഗിക അറിവും വളരെ അനിവാര്യം.

മിക്ക കോളേജുകളിലും നല്ല പഠനസൗകര്യങ്ങളോ, ഹോസ്പിറ്റൽ സൗകര്യങ്ങളോ, നിലവാരമുള്ള അദ്ധ്യാപകരോ, പ്രാക്ടിക്കൽ ട്രെയിനിംഗ് സൗകര്യങ്ങളോ ഇല്ല. അത്തരം കോളേജുകളിൽ പഠിച്ചാൽ യാതൊരു ഭാവിയും ഉണ്ടാകില്ല.

പഠനം ആസൂത്രണം ചെയ്യുമ്പോൾ ഈ കാര്യങ്ങൾ ശ്രദ്ധിക്കാം.

1. സ്ഥാപനത്തിന് ശരിയായ അക്രഡിറ്റേഷൻ ഉണ്ടോ എന്ന് നിങ്ങൾ പരിശോധിക്കണം. അംഗീകൃത അക്രഡിറ്റിംഗ് ഏജൻസി കോളേജിനും അതിന്റെ വ്യത്യസ്ത കോഴ്സുകൾക്കും അംഗീകാരം നൽകുന്നു എന്നാണ് ഇതിനർത്ഥം. നമ്മുടെ രാജ്യത്തെ നേഴ്സിംഗ് കോഴ്സുകളുടെ അഫിലിയേറ്റ് ഏജൻസിയാണ് ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ. സ്റ്റേറ്റ്/ നാഷണൽ accreditation ഉം പഠിക്കുന്ന കോഴ്സിന് യൂണിവേഴ്സിറ്റി അംഗീകാരവും ഉണ്ട് എന്ന് ഉറപ്പു വരുത്തുക.

2. ഹോസ്പിറ്റൽ സൗകര്യം: മികച്ച പരിശീലന സൗകര്യമുള്ള ഹോസ്പിറ്റലുകൾ സ്വന്തമായുള്ള കോളേജുകളിൽ മാത്രം admission എടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. നല്ല പരിശീലനമാണ് മെഡിക്കൽ രംഗത്ത് നമ്മളെ കഴിവുള്ളവരാക്കുന്നത്.

3. ഫാക്കൽറ്റികളുടെ നിലവാരം: മികച്ച അദ്ധ്യാപകർ സ്ഥാപനത്തിൽ സ്ഥിര ജോലിക്കാരായി ഉണ്ട് എന്ന് ഉറപ്പു വരുത്തുക.

4. ലബോറട്ടറി സൗകര്യം: മികച്ച ലബോറട്ടറി സൗകര്യം ഏറ്റവും പ്രധാനം.

5. ലൈബ്രറി സൗകര്യം: പഠനത്തിനും പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനും എക്സ്ട്രാ റീഡിംഗിനും വേണ്ട പുസ്തകശേഖരമുള്ള ലൈബ്രറി ഉണ്ട് എന്ന് ഉറപ്പു വരുത്തുക.

6. ഹോസ്റ്റൽ സൗകര്യം: വീട്ടിൽനിന്നു മാറിത്താമസിക്കുമ്പോൾ ഏറ്റവും പ്രധാനമാണ് ഉയർന്ന നിലവാരമുള്ള നല്ല ഭക്ഷണവും വൃത്തിയും നല്ല പഠന അന്തരീക്ഷവും ഉള്ള ഹോസ്റ്റൽ സൗകര്യം. മിതമായ ഫീസുള്ളതാണെന്നും ഉറപ്പാക്കുക.

7. എക്സ്ട്രാ കരിക്കുലർ/റിക്രിയേറ്റീവ് സൗകര്യങ്ങൾ

8. Placement/internship സൗകര്യങ്ങൾ.

ആവശ്യമെങ്കിൽ ഗൈഡൻസ് എടുക്കുക.

ആശംസകൾ:

*(സുനിൽ കുരുവിള, ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും; പ്രമുഖ മാനവശേഷി വികസന പരിശീലകനും കൗൺസിലറും കരിയർ ഗൈഡുമാണ്, Ph. + 91 9847400712. Email: insightmission@gmail.com., 'Sunil Kuruvilla' എന്ന You Tube ചാനലിലും ലഭ്യമാണ്.)*

## മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ മോർ അപ്രേം സെമ്മിനാരി, ചിങ്ങവനം

### നോട്ടീസ്

മാന്യരെ,

മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷന്റെ ഒരു യോഗം താഴെപ്പറയുന്ന വിഷയങ്ങളെക്കുറിച്ച് ആലോചിക്കുന്നതിന്, **2023 ഓഗസ്റ്റ് 22 ചൊവ്വാഴ്ച രാവിലെ 10.30 ന്** മോർ അപ്രേം സെമിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ കൂടുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. ടി. അസ്സോസിയേഷൻ യോഗത്തിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്

### കാര്യപരിപാടി

1. പ്രാർത്ഥന, ധ്യാനം
2. അനുശോചനം
3. നോട്ടീസ് വായന
4. സത്യപ്രതിജ്ഞ
5. ക്നാനായ സമുദായത്തിന്റെ മേഖലകളിൽ ഭരണഘടനാ വിരുദ്ധമായി ഉടലെടുത്തിരിക്കുന്ന പ്രതിസന്ധികളും/പരിഹാര നിർദ്ദേശങ്ങളും
6. പ്രമേയങ്ങൾ, ചോദ്യോത്തരങ്ങൾ
7. 2022-2023 വർഷങ്ങളിലെ സമുദായ വാർഷിക റിപ്പോർട്ട്, വരവ്ചെലവ് കണക്കുകൾ, ബാക്കിപത്രം.
8. 2023-2024 സാമ്പത്തീക വർഷത്തേക്കുള്ള സമുദായ ബഡ്ജറ്റ്
9. പ്രസിഡന്റ് അനുവദിക്കുന്ന മറ്റ് ഇതരവിഷയങ്ങൾ



ചിങ്ങവനം,
24-07-2023

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
(അസോ. സെക്രട്ടറി)

# വ്യക്തി ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുക

സി.കെ. ചാക്കോ, വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

സാമൂഹിക ജീവിയായ മനുഷ്യൻ വ്യക്തിബന്ധങ്ങൾ സ്ഥാപിക്കാനും നിലനിർത്താനും ആഗ്രഹിക്കുന്നു. ജീവിതം അർത്ഥപൂർണ്ണവും സന്തോഷപ്രദവുമാക്കുന്നതിന് ഉത്തമമായ വ്യക്തിബന്ധങ്ങൾ വേണം. ചിലർ ഇക്കാര്യത്തിൽ വമ്പിച്ച വിജയം വരിക്കുമ്പോൾ വേറെ ചിലർ പരാജയമടയുന്നു. വിജ്ഞാനത്തിന്റെ കൊടുമുടി പിടിച്ചടക്കുന്നതു കൊണ്ടോ, സാമ്പത്തിക ഔന്നത്യം കൈവരിച്ചതുകൊണ്ടോ വ്യക്തിബന്ധങ്ങൾ സുദൃഢമാകണമെന്നില്ല. അങ്ങനെയുള്ളവർ ഇക്കാര്യത്തിൽ തികഞ്ഞ പരാജയമായി കണ്ടിട്ടുണ്ട്. ഉന്നത സ്ഥാനീയനും അതിപ്രശസ്തനുമായ ഒരു മഹാനെപ്പറ്റി ഓർക്കുന്നു. ആകാശത്തിനു കീഴിലുള്ള ഏതു വിഷയത്തെക്കുറിച്ചും ആധികാരികമായും പണ്ഡിതോചിതമായും സംസാരിക്കും. അനവധി ഭാഷകൾ കൈകാര്യം ചെയ്യും. സന്ദർശിച്ചിട്ടില്ലാത്ത രാജ്യങ്ങൾ ഇല്ലെന്നുതന്നെ പറയാം. പക്ഷെ, വ്യക്തിബന്ധങ്ങൾ പുലർത്തുന്നതിൽ അദ്ദേഹം ഒരു പരാജയമായി പലരും കരുതി. അഹന്ത, പ്രതിപക്ഷ ബഹുമാനമില്ലായ്മ തുടങ്ങിയ ചില പോരായ്മകൾ അതിന് കാരണമായി ചൂണ്ടിക്കാണിച്ചേക്കാം.

സമശീർഷനായ മറ്റൊരാളേയും ഓർക്കുന്നു. ഭൗതിക തലത്തിൽ വലിയ ഔന്നത്യമൊന്നും അവകാശപ്പെടാനില്ല. ആശയ സംവേദനത്തിൽ മികവൊന്നുമില്ല. ഭാഷാ നൈപുണ്യവും പരിമിതം. എങ്കിലും ബൃഹത്തായ ഒരു സുഹൃദ് വലയം അദ്ദേഹത്തിനുണ്ടായിരുന്നു. വ്യക്തി ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിൽ അദ്ദേഹം ദത്തശ്രദ്ധനായിരുന്നു. ഈ രണ്ടുപേരെക്കുറിച്ചും അവർക്ക് പരിചിതനും അവരുടെ സുഹൃത്തുമായ ഒരു മഹാൻ പ്രസ്താവിച്ചത്, ഒരാൾ എന്റെ ബുദ്ധിമണ്ഡലത്തിലും മറ്റെയാൾ എന്റെ ഹൃദയത്തിലും വസിക്കുന്നു എന്നാണ്.

വ്യക്തികളുമായി സ്നേഹബന്ധം സ്ഥാപിക്കുകയും അത് അന്യൂനം നിലനിർത്തുകയും ചെയ്യുന്നത് ജീവിത വിജയത്തിനും നേട്ടത്തിനും ആവശ്യമായ കാര്യമാണ്. സൗഹൃദം സ്ഥാപിക്കാൻ ചിലപ്രാഥമിക കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

**1. പുഞ്ചിരിക്കുന്ന മുഖം**

സംഭാഷണമൊന്നും ഇല്ലാതെതന്നെ വിടർന്ന പുഞ്ചിരി സമ്മാനിക്കുമ്പോൾ നല്ല തുടക്കമായി. “ഞാൻ നിങ്ങളെ ഇഷ്ടപ്പെടുന്നു.” “നിങ്ങളെ കാണുന്നതിൽ സന്തോഷമുണ്ട്”. എന്നിങ്ങനെ പല സന്ദേശവും പുഞ്ചിരി കൈമാറുന്നു, അതിനോട് പ്രതികരിക്കാത്തവർ തന്നെ ചുരുക്കമായിരിക്കും. നല്ല പുഞ്ചിരി, നല്ല ഹൃദയത്തിൽ നിന്നേ പുറപ്പെടുകയുള്ളു. അത് ആരിലും സ്വാധീനം ഉളവാക്കുകയും ചെയ്യും.

**2. മറ്റുള്ളവരെ ശ്രദ്ധാപൂർവ്വം ശ്രവിക്കുവാനുള്ള സന്നദ്ധത.**

ഇതുണ്ടെങ്കിൽ മാത്രമേ സ്നേഹിതരെ സമ്പാദിക്കുവാൻ കഴിയൂ. ശ്രദ്ധാപൂർവ്വം കേൾക്കുമ്പോൾ സംസാരിക്കുന്ന ആളിന് നമ്മോട് പ്രിയം വർദ്ധിക്കുന്നു. പലരുടേയും പരാതി “ഞാൻ പറയുന്നതു കേൾക്കാൻ ഉള്ള ക്ഷമപോലും കാണിക്കാറില്ല’,’ “എനിക്ക് പറയാനുള്ള അവസരം നൽകാറില്ല” എന്നിങ്ങനെയാണ്. അപരനെ ആദരിക്കുമ്പോൾ മാത്രമേ അയാൾ പറയുന്നത് കേൾക്കാൻ ശ്രമിക്കുകയുള്ളു. ശ്രവിക്കുക എന്നത് നിശ്ശബ്ദമായ ഒരു പ്രതികരണമല്ല, താല്പര്യപൂർവ്വമായ ഒരു പ്രവർത്തിയാണ്. സംഘർഷം നിറഞ്ഞ സാഹചര്യങ്ങളിൽ, അതെപ്പറ്റി പറയാൻ അവസരം നൽകുകയും അത് ശ്രദ്ധാപൂർവ്വം കേൾക്കുകയും ചെയ്താൽ അന്തരീക്ഷം ലാഘവപ്പെടും.

**3. ശ്രവിക്കുമ്പോൾ ചെയ്യേണ്ട കാര്യമാണ്, നല്ല കാര്യങ്ങൾക്ക് അഭിനന്ദനവും പ്രശംസയും അറിയിക്കുക എന്നുള്ളത്**

ഒരു നല്ല വാക്ക് കേൾക്കാൻ ഇഷ്ടപ്പെടാത്തവർ ആരാണുണ്ടാവുക? ആത്മാർത്ഥതയിൽ നിന്നുയരുന്ന പ്രശംസാവാക്കുകൾ സന്ദീപനിക്ക് തുല്യമാണ്. മറ്റുള്ളവരെപ്പറ്റി നല്ലതൊന്നും പറയാനില്ലാത്തവർക്ക് സ്നേഹിതർ ഇല്ലാതെ പോകുന്നെങ്കിൽ അതിശയിക്കാനില്ല.

**4. തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോൾ അത് വിനയത്തോടും സൗമ്യമായ ഭാഷയിലും മറ്റുള്ളവരെ മുറിപ്പെടുത്താത്ത വിധത്തിലും ആകുവാൻ ശ്രദ്ധിക്കുക.**

അറുത്ത്മുറിച്ച് “അത് തെറ്റാണ്” എന്ന് പറയുമ്പോൾ അത് നിശ്ചയമായും നല്ല പ്രതികരണമുണ്ടാക്കുകയില്ല. ഒരു യൂറോപ്യനും, ഒരിന്ത്യാക്കാരനും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ഒരാൾ ഇങ്ങനെ വിലയിരുത്തുന്നു. നന്ദിയെന്നും ക്ഷമിക്കണമെന്നും’ എന്നുമുള്ള വാക്കുകൾ സ്വാഭാവികമായി ആദ്യത്തെ ആളിൽനിന്ന് ഉയരുന്നു. എന്നാൽ രണ്ടാമത്തെ ആളിൽനിന്ന് അവ വിരളമായിട്ടേ ഉയരാറുള്ളു. നമുക്ക് തെറ്റു പറ്റുമ്പോൾ അത് സമ്മതിക്കാനും മാപ്പിരക്കാനും കഴിഞ്ഞാൽ ബന്ധങ്ങൾ അന്യൂനം നിലനിൽക്കും. നമ്മുടെ മഹാമനസ്കതയുടെ അടയാളമായി അത് അംഗീകരിക്കുകയും ചെയ്യും.

മറ്റുള്ളവരുമായി അഭിപ്രായഭിന്നതകളോ സംഘർഷങ്ങളോ ഉണ്ടാകുമ്പോൾ സ്വന്തം സ്ഥാനം അന്ധമായി ന്യായീകരിക്കാനുള്ള ശ്രമം ആശാസ്യമല്ല. മറ്റെ ആളിന്റെ സ്ഥാനത്തുനിന്ന് ചിന്തിക്കാൻ ശ്രമിക്കേണ്ടതാണ്. അപ്പോൾ അയാളുടെ ഭാഗത്ത് ചില ന്യായീകരണങ്ങൾ കാണാൻ കഴിഞ്ഞെന്നുവരാം. ജീവിതത്തിൽ ഒരു തിരിഞ്ഞുനോട്ടം നടത്തുമ്പോൾ എത്ര ബാങ്ക് നിക്ഷേപം ഉണ്ടാക്കിയെന്നതിനേക്കാൾ ഉത്തമമായി കരുതേണ്ടത് എത്ര സ്നേഹിതരെ സമ്പാദിക്കുവാൻ കഴിഞ്ഞു എന്നതും അവരുമായുള്ള സൗഹൃദം വളർത്തിയെടുക്കുന്നതിൽ എത്രമാത്രം വിജയിച്ചു എന്നുള്ളതുമാണ്.

*“നമുക്ക് പരസ്പരം പുഞ്ചിരിച്ചുകൊണ്ട് ഇടപെടാം, കാരണം, പുഞ്ചിരി സ്നേഹത്തിന്റെ തുടക്കമാണ്”*

*വി. മദർ തേരേസാ–*

# ജനനത്തിനും മരണത്തിനുമിടയിലെ ജീവിത വെല്ലുവിളികൾ

റ്റി. കെ. തോമസ് തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

ഒരു പൈതൽ ജനിക്കുമ്പോൾ ആ ജനനത്തിൽ പലരും ഏറെ സന്തോഷിക്കുകയും, ആ വ്യക്തി പിന്നീട് ഈ ഭൂമിയിൽ നിന്നു വേർപിരിയുമ്പോൾ പലരേയും ദുഃഖത്തിൽ ആഴ്ത്തുകയും ചെയ്യുന്നു എന്നത് പച്ചയായ യാഥാർത്ഥ്യമാണ്. ജനനത്തിനും മരണത്തിനുമിടയിൽ ചിലർക്ക് ഒരു ദീർഘ ഇടവേളയും മറ്റു ചിലർക്ക് ഹ്രസ്വമായ ഇടവേളയും നിശ്ചയിച്ചാണ് ദൈവം മനുഷ്യനെ ഭൂമിയിലേയ്ക്കയക്കുക. ഈ ഇടവേളകളിൽ മനുഷ്യൻ, ശൈശവം, ബാല്യം, കൗമാരം, വാർദ്ധക്യം എന്നീ ദിശകളിൽകൂടി കടന്നു പോകുന്നു. ശൈശവം പൂർണ്ണമായും മാതാപിതാക്കളുടെ സംരക്ഷണത്തിലായിരിക്കുന്ന ഒരു കാലഘട്ടമാണ്. സ്വന്തമായി ഒന്നും ചെയ്യാൻ കഴിയാതെ, മാതാപിതാക്കളുടെ അമിത പരിപാലനം ആസ്വദിച്ച് ബന്ധുമിത്രാദികളുടെ സ്നേഹവും, വാത്സല്യവും ഏറ്റുവാങ്ങി, ചിന്താകുലങ്ങളില്ലാതെ, തുലോം അദ്ധ്വാനമില്ലാതെ സുഖനിദ്ര ആസ്വദിച്ചുള്ള ഒരു ജീവിത കാലഘട്ടം. ബാല്യത്തിങ്കലേക്കു കടക്കുമ്പോൾ സ്വയം എന്തെങ്കിലും ഒക്കെ ചെയ്യുവാൻ കഴിയുന്ന ഒരവസ്ഥ. (ഉദാ: മുമ്പിൽ എത്തുന്ന ഭക്ഷണം, പാനീയം ഇവ സ്വയം ഭക്ഷിക്കുകയും പാനം ചെയ്യുകയും, വസ്ത്രം സ്വയം ധരിക്കുക തുടങ്ങിയവ ഒക്കെ അല്പമായെങ്കിലും ചെയ്യാൻ കഴിയുക). ശൈശവത്തിൽ മാതാപിതാക്കൾ നൽകേണ്ട അത്രയും ശ്രദ്ധ വേണ്ടാത്ത ഒരു കാലഘട്ടം തന്നെയാണ് ബാല്യം. എങ്കിലും ബാലൻ നടക്കേണ്ട വഴി അവനെ അഭ്യസിപ്പിച്ചുകൊണ്ടിരിക്കേണ്ട ഒരു കാലഘട്ടം എന്ന പ്രത്യേകതയും ബാല്യത്തിനുണ്ട്. കൗമാരം എന്നത് മാതാപിതാക്കൾക്ക് മക്കളിൽ ഏറെ ശ്രദ്ധ ചെലുത്തേണ്ട ഒരു കാലഘട്ടം തന്നെ എന്നു പറയാതെ വയ്യ. പഠനസംബന്ധിയായി മാതാപിതാക്കളിൽ നിന്നും അകന്നു നിൽക്കേണ്ടി വരുന്ന മക്കളെ കൂട്ടുകാരുടെ ചൂഷണങ്ങളിൽ നിന്നും, പതിയിരിക്കുന്ന അപകടങ്ങളായ മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കൾക്ക് മക്കൾ അടിമപ്പെടാതെയും, പെൺമക്കൾ ആണെങ്കിൽ അവരെ ആൺസുഹൃത്തുക്കളുടെ ചതിയിൽപ്പെടാതെ സ്വയം സൂക്ഷിക്കുവാനും ഒക്കെ പ്രാപ്തരാക്കുവാനുള്ള ഭാരിച്ച ഉത്തരവാദിത്വം ഈ കാലഘട്ടത്തിൽ മാതാപിതാക്കൾക്കുണ്ട്. മതം, വിശ്വാസം, ആചാരം, ഇവ എല്ലാം മക്കളെ ശീലിപ്പിക്കേണ്ടതും, പലതിനോടും "നോ" പറയാൻ അവരെ പ്രാപ്തരാക്കേണ്ട വലിയ ഉത്തരവാദിത്വവും, കൗമാരത്തിലെ വെല്ലുവിളിയാണ്. യൗവ്വനം എന്നത് തികച്ചും തീരുമാനങ്ങളുടെ കാലഘട്ടമാണ്. വിദ്യാഭ്യാസം പൂർത്തീകരിച്ച്, ഒരു തൊഴിൽ കണ്ടെത്തുക, കുടുംബത്തിന്റെ അഭിവൃദ്ധിയിൽ പങ്കാളിയാകുക, സഹോദരങ്ങൾക്കു മാതൃകയായി ജീവിക്കുക, ജീവിത പങ്കാളിയെ കണ്ടെത്തുക തുടങ്ങി ഏറെ ഉത്തരവാദിത്വങ്ങളുടെ കാലഘട്ടം. യൗവ്വനത്തിൽ സൃഷ്ടാവിനെ അറിഞ്ഞും, അനുഭവിച്ചും, പകർന്നുകൊടുത്തും, കുടുംബത്തെ ഒത്തൊരുമയോടെ നയിച്ചും, മാതാപിതാക്കളെയും, ജീവിത പങ്കാളിയേയും, സഹോദരങ്ങളെയും, എല്ലാം ഒരുമിച്ച് ഒരു കുടക്കീഴിൽ കൊണ്ടുപോകുക, മക്കൾക്ക് ജന്മം നൽകുക, ജോലിസ്ഥലത്തും, സമൂഹത്തിലും എന്നു വേണ്ട എല്ലാ മേഖലകളിലും, സാക്ഷ്യം ഉള്ള വ്യക്തിയായിരിക്കാൻ ഏറെ ശ്രദ്ധചെലുത്തേണ്ട ഒരു കാലഘട്ടമാണ് യൗവ്വനം. ഉത്തരവാദിത്വത്തിന്റെയും, സഹനത്തിന്റെയും, സഹിഷ്ണുതയുടെയും, കൂടി കാലഘട്ടമാണ് യൗവ്വനം. വാർദ്ധക്യം ജീവിതത്തിന്റെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാലഘട്ടമായി തന്നെ കണക്കാക്കി ജീവിക്കേണ്ട സമയമാണ്. കൺമുന്നിൽ കാണുന്ന പലതും കണ്ടില്ലന്നും, കേട്ടില്ലെന്നും, നടിച്ചു ജീവിക്കുവാനും, ലഭിക്കാതെ വരുന്ന പരിഗണനകളെ ക്ഷമയോടെ അതിജീവിക്കുവാൻ കരുത്തു പ്രാപിക്കാൻ പരിശീലിക്കേണ്ട സവിശേഷകാലഘട്ടം. മക്കൾക്ക് അവഗണന, മരുമക്കൾക്ക് പുച്ഛം, ചുരുങ്ങിയ ചർമ്മം, നരച്ചമുടി, ഒട്ടിയ കവിൾ, ഒപ്പം ഊന്നുവടി ഇവ എല്ലാം വാർദ്ധക്യത്തിലെ അവഗണനകൾക്ക് കാരണമാകുന്നു. ട്രാൻസ്പോർട്ട് ബസ്സ്, ട്രെയിൻ തുടങ്ങിയ ഇടങ്ങളിൽ സീനിയർ സിറ്റിസൺ എന്ന പരിഗണന ലഭ്യമാണ്. പോളിംഗ് ബൂത്തിലും ഒരു പ്രത്യേക പരിഗണന രാഷ്ട്രീയക്കാരുടെ വകവേറെ. പല വൃദ്ധർക്കും സ്വന്തഭവനങ്ങളിൽ ഏറിയ അവഗണന നേരിടേണ്ടി വരുന്നത് അധികം ആരും പുറത്തു പറയാറില്ലല്ലോ. കരഞ്ഞുകൊണ്ട് ജനിക്കുകയും, കരയിച്ചുകൊണ്ട് മരിക്കുകയും ചെയ്യുന്ന മനുഷ്യന്റെ ജനനത്തിനും, മരണത്തിനുമിടയിലുള്ള ഇടവേളകൾ ആനന്ദകരമാക്കാൻ ചുരുക്കം ചിലർക്കു കഴിയുന്നു എന്നത് മൂടിവയ്ക്കാനാവാത്ത സത്യം. നരകതുല്യമായ ജീവിതം നയിക്കുന്നവരും അനേകരാണ് എന്നതും മറക്കാൻ പാടില്ല. എല്ലാം സൃഷ്ടാവിന്റെ പദ്ധതി പ്രകാരം നടക്കുന്ന ഒരു പ്രക്രിയ. ഓരോ വ്യക്തിക്കും അവനവന്റെ ജീവിതം സന്തോഷപൂരിതമാക്കുവാൻ ഏറിയ പങ്കു വഹിക്കുവാനുണ്ട്. ജീവിതം തുടക്കം മുതൽ ഒടുക്കംവരെ ഉല്ലാസകരമാക്കുവാൻ ഒരേ ഒരു വഴിമാത്രം! ദേ, ഞാൻ ഒന്നും കണ്ടില്ല, ഒന്നും കേട്ടില്ല, എന്നു വയ്ക്കുക. നാം ആവശ്യപ്പെടാതെ ദൈവം നമുക്ക് ദാനമായിതന്ന ജീവിതം സ്വയം ആസ്വദിച്ചുകൊണ്ട് അപരന് ആനന്ദം പകർന്നു നൽകിക്കൊണ്ട് ജീവിച്ച് ഈ ജന്മം സഫലമാക്കാം. അന്യനു സുഗന്ധം പരത്തുന്നതാകട്ടെ നമ്മുടെ, പ്രവൃത്തികളും, ജീവിതവും എന്ന് ആശിക്കുന്നു, ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

# The Christ and The Buddha
# ക്രിസ്തുവും ബുദ്ധനും

റിയു റോയി, മുളമൂട്ടിൽ

ലോകത്തിന്റെ ചലനങ്ങളെ തന്നെ മാറ്റി മറിച്ചിട്ടുള്ള രണ്ട് യുഗപുരുഷന്മാരാണ് യേശുക്രിസ്തുവും (Jesus Christ) ശ്രീബുദ്ധനും (Siddhartha Gautama). ഇവർ രണ്ടു പേരുടെയും പേരിൽ ഇവർ ആഗ്രഹിച്ചിട്ടാണെങ്കിലും അല്ലെങ്കിലും കൂടി രണ്ടു പ്രബലമതങ്ങൾ വ്യത്യസ്ത ആശയങ്ങളുമായി ഇന്ന് ലോകത്തു നിലകൊള്ളുന്നു. അടിസ്ഥാനപരമായി ക്രിസ്തുമതവും ബുദ്ധമതവും പഠിപ്പിക്കുന്നത് ശാന്തിയും സമാധാനവും സ്നേഹവും സമത്വവും പങ്കുവെക്കലും ആണെങ്കിലും ഇന്നുള്ള രണ്ടു മതങ്ങളുടെയും പരിണിതരൂപം യഥാർത്ഥത്തിൽ ക്രിസ്തുവും ബുദ്ധനും കാട്ടിത്തന്ന വഴികളിലൂടെ തന്നെയാണോ സഞ്ചരിക്കുന്നത് എന്നത് ഒരു പഠനവിഷയമായി അവശേഷിക്കുന്നു.

ക്രിസ്തുവിന്റെ കാലഘട്ടത്തിനും ഏകദേശം അഞ്ഞൂറ് വർഷങ്ങൾക്ക് മുമ്പാണ് ബുദ്ധന്റെ കാലഘട്ടം. ക്രിസ്തു ഇപ്പോഴത്തെ ഇസ്രയേലിന്റെ ഭാഗമായ ബെത്‌ലഹേമിൽ ആണ് ജനിച്ചതെങ്കിൽ ബുദ്ധൻ ജനിച്ചത് ഇപ്പോഴത്തെ നേപ്പാളിന്റെ ഭാഗമായ ലുംബിനി പ്രവിശ്യയിലാണ്. ഇരുവരുടെയും ദൈവത്വത്തിലേക്കും, മതപരമായ വ്യാഖ്യാനങ്ങളിലേക്കും കടക്കാതെ മനുഷ്യനായി ജനിച്ച യേശുക്രിസ്തുവും ശ്രീ ബുദ്ധനും തമ്മിലുണ്ടായിരുന്ന അത്ഭുതകരമായ ചില സാമ്യങ്ങൾ നമുക്കൊന്ന് പരിശോധിക്കാം. സാമ്യങ്ങൾ ഉള്ളതുപോലെതന്നെ ഇവർ രണ്ടുപേരും തമ്മിൽ ഒരുപാടു വ്യത്യാസങ്ങളും ഉണ്ടായിരുന്നു എന്ന് ആദ്യമേ തന്നെ പറയട്ടെ.

**അമ്മമാരും ജനനവും**

ക്രിസ്തുവിന്റെ അമ്മയായ മേരിയും (Mother Mary) ബുദ്ധന്റെ അമ്മയായ മായയും (Queen Maya) തമ്മിലുള്ള പേരിലെ ചെറിയ സാമ്യം കൂടാതെ തങ്ങൾക്കു ജനിക്കുവാൻ പോകുന്ന മക്കളെക്കുറിച്ച് അവരുടെ ജനനത്തിന് മുമ്പേ തന്നെ ഉൾക്കാഴ്ചയുള്ളവർ ആയിരുന്നു ഇവർ രണ്ടുപേരും. രാജ്ഞിയായിരുന്ന മായ അവർ ഉറങ്ങുമ്പോൾ ബുദ്ധന്റെ ജനനത്തെക്കുറിച്ചു ഒരു സ്വപ്നമാണ് കണ്ടതെങ്കിൽ കന്യകയായിരുന്ന മേരി കണ്ടത് ദൈവത്തിന്റെ ദൂതൻ നേരിൽ വന്ന് യേശുവിന്റെ ജനനത്തെക്കുറിച്ചു പറഞ്ഞ ദർശനമാണ്.

മറ്റൊരു സാമ്യം എന്തെന്നാൽ ജനിച്ച ഉടൻ തന്നെ കുഞ്ഞു ബുദ്ധൻ എഴുന്നേറ്റു ഏഴ് അടി നടന്നു ഞാൻ ഈ ലോകത്തിന്റെ അധിപനാണ് എന്ന് പറഞ്ഞിരുന്നു. എന്നാൽ ഇപ്പോഴുള്ള ബൈബിളിൽ യേശു ജനിച്ചയുടനെ സംസാരിച്ചതായി പറയുന്നില്ലെങ്കിലും ആറാം നൂറ്റാണ്ടുവരെ പ്രചാരത്തിൽ ഉണ്ടായിരുന്ന & Quot; The Infancy Gospet of James & quot; എന്ന പുസ്തകത്തിൽ തൊട്ടിലിൽ കിടന്നു ഉണ്ണിയേശു & quot; ഞാൻ ദൈവത്തിന്റെ പുത്രനാണെന്നും, ഈ ലോകത്തെ രക്ഷിക്കുവാനാണ് എന്നെ അയച്ചിരിക്കുന്നത് & quot; എന്നും മേരിയോട് സംസാരിച്ചതായി പറയുന്നുണ്ട്. അതുപോലെ ഖുറാനിൽ യേശുവായി ചിത്രീകരിക്കുന്ന ഈസാ നബിയുടെ ജനനം പരാമർശിച്ചിരിക്കുന്നിടത്ത് തൊട്ടിലിൽ കിടന്ന് ഈസാനബി സംസാരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

**അസാമാന്യ കഴിവുള്ള കുട്ടിക്കാലം -Highly Talented Childhood**

രണ്ടുപേരുടെയും കുട്ടിക്കാലത്തെക്കുറിച്ച് വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ ചരിത്രപുസ്തകങ്ങളിൽ പറയുന്നുള്ളു വെങ്കിലും തങ്ങളുടെ പ്രായത്തെക്കാൾ കൂടുതൽ അറിവുകളും കാഴ്ചവച്ചു മറ്റുള്ളവരെ ഞെട്ടിച്ചവരായിരുന്നു രണ്ടുപേരും. ആയോധന കലയിലും പല ഭാഷകളിലും ബുദ്ധനു പ്രാവീണ്യം ഉണ്ടായിരുന്നപ്പോൾ ദൈവവചനം ഗ്രഹിക്കുന്നതും അറിവ് സമ്പാദിക്കുന്നതുമായിരുന്നു യേശുവിന്റെ ഇഷ്ടം. രാജാവായിരുന്ന പിതാവിന്റെ സുഖസൗകര്യങ്ങൾ അനുഭവിക്കുന്നതിലും പിന്തുടർച്ച സ്വീകരിക്കുന്നതിലും ബുദ്ധനു താല്പര്യം ഇല്ലാതിരുന്നതുപോലെതന്നെ തന്റെ വളർത്തു പിതാവായ ജോസഫിന്റെ തൊഴിലായ തച്ചുപണിയിൽ യേശുവും താല്പര്യം കാട്ടിയിരുന്നില്ല. കൂടാതെ രണ്ടുപേരും തങ്ങളുടെ യൗവ്വനകാലത്ത് തങ്ങൾ ആയിരിക്കുന്ന തായ നിയമ വ്യവസ്ഥിതിയെയും നേതൃത്വത്തെയും എതിർത്തിരുന്നതായി കാണാം. റോമാ സാമ്രാജ്യത്തെയും, യഹൂദാപുരോഹിതരെയും യേശു എതിർത്തിരുന്നതുപോലെ ബ്രാഹ്മണമേധാവിത്വത്തെയും, വർണ്ണവിവേചനത്തെയും ബുദ്ധനും എതിർത്തിരുന്നു. തെറ്റായ മാർഗ്ഗത്തിലൂടെ യഥാർത്ഥ ദൈവത്തിൽനിന്നും മനുഷ്യരെ അകറ്റുന്ന തടസ്സമായി ഇക്കൂട്ടരെ ഇവർ രണ്ടുപേരും നോക്കി കണ്ടിരുന്നതായി ഗ്രന്ഥങ്ങൾ രേഖപ്പെടുത്തുന്നു. ധ്യാനവും, ഉപവാസവും, പരീക്ഷണവും - Meditation, Fasting & Temptation വളരെ അധികം നേരം ഉപവസിക്കുന്നതിലും തനിച്ചിരുന്നു ധ്യാനിക്കുന്നതിലും താല്പരരായിരുന്നു രണ്ടുപേരും. യേശുക്രിസ്തു നാല്പതു ദിവസം തുടർച്ചയായി ഉപവസിച്ചതു ബൈബിൾ പറയുമ്പോൾ ബോധിവൃക്ഷത്തിന്റെ അടിയിൽ 49 ദിവസം തുടർച്ചയായി ബുദ്ധൻ ഉപവസിച്ചതായി ബുദ്ധമത ഗ്രന്ഥങ്ങൾ പറയുന്നു. ഈ ഉപവാസത്തിനിടയിൽ രണ്ടുപേർക്കും നേരിടേണ്ടി വന്ന പരീക്ഷണങ്ങളെക്കുറിച്ചും രണ്ടു ഗ്രന്ഥങ്ങളും പറയുന്നുണ്ട്. യേശുവിനെ ഭക്ഷണവും, രാജ്യങ്ങളും, ബൗദ്ധിക കാര്യങ്ങളും കാട്ടി സാത്താനാണ് പരീക്ഷിച്ചതെങ്കിൽ ബുദ്ധനു ദുഷ്ടരാക്ഷസന്മാരുടെ ഭയപ്പെടുത്തലുകളും, പ്രലോഭനങ്ങളും കൂടാതെ മൂന്ന് സുന്ദരികളുടെ വശീകരണവും നേരിടേണ്ടി വന്നു. രണ്ടുപേരും ഈ പരീക്ഷണങ്ങളെ എല്ലാം ശക്തമായി തരണം ചെയ്തു മറ്റൊരു ആത്മീയ തലത്തിലേക്ക് ഉയർക്കപ്പെട്ടതായി പറയപ്പെടുന്നു.

**ശുശ്രൂഷയും, ധർമ്മോപദേശങ്ങളും, അത്ഭുതങ്ങളും– Ministry, Preaching & Miracles** രണ്ടുപേരും അവരുടെ ധർമ്മോപദേശങ്ങളും ശുശ്രൂഷയും തുടങ്ങിയത് മുപ്പത് വയസ്സുകാലഘട്ടത്തിലാണ്. ഈ ലോകത്തിന്റെ സുഖങ്ങളെയും സൗഭാഗ്യങ്ങളെയും രണ്ടു പേരും ഒരുപോലെ വെറുത്തിരുന്നത് കൂടാതെ തങ്ങളുടെ ശിഷ്യന്മാരോട് ആ മാർഗംതന്നെ പിന്തുടരുവാൻ രണ്ടുപേരും പറഞ്ഞിരുന്നു. കൂടാതെ തങ്ങളുടെ ശുശ്രൂഷയിൽ അനേകം അത്ഭുത പ്രവർത്തികൾ ഇവർ രണ്ടുപേരും ചെയ്തിരുന്നതായി പറയുന്നുണ്ടെങ്കിലും സമാനമായി ചെയ്ത ഒരു അത്ഭുതം കുരുടന് കാഴ്ച കൊടുത്തതാണ്.

ഒരിക്കൽ വളരെ പണ്ഡിതനും ജ്ഞാനിയുമായ ഒരു കുരുടൻ ബുദ്ധനോട് വാദിക്കുക എന്ന ലക്ഷ്യത്തോടെ വന്ന് താൻ കുരുടൻ ആണെന്നും യഥാർത്ഥത്തിൽ വെളിച്ചം ഉണ്ടോ എന്നും ചോദിച്ചു. ഉണ്ടെങ്കിൽ എനിക്കതിനെ കാണിച്ചു തരണം എന്നും, പറ്റില്ലെങ്കിൽ ഇവിടെ വെറും നാലു ഇന്ദ്രിയങ്ങൾ മാത്രമേയുള്ളു എന്നും മറ്റുള്ളവർ എല്ലാ കള്ളം പറയുകയാണന്നേ താൻ വിശ്വസിക്കുകയുള്ളു എന്നും പറഞ്ഞു. തിരിച്ചൊന്നും പറയാതെയിരുന്ന ബുദ്ധൻ അയാളോട് ഒരു വൈദ്യന്റെ അടുത്ത് പോകുവാൻ പറഞ്ഞു. എന്നാൽ താൻ പോകില്ലെന്നും, തന്നോട് വാദിച്ചു വെളിച്ചം ഉണ്ടെന്നു തെളിയിക്കുവാൻ അയാൾ വെല്ലുവിളിച്ചു. ഇത് മാത്രമാണ് എന്റെ വാദമെന്നും ദയവായി വൈദ്യന്റെ അടുത്തുപോകുക എന്നും ബുദ്ധൻ ക്ഷമയോടെ പറഞ്ഞു. അവസാനം വൈദ്യനാൽ കാഴ്ച ശക്തി ലഭിച്ച പണ്ഡിതൻ തിരികെ ബുദ്ധന്റെ അടുത്തു സന്തോഷത്തോടെ വന്നു നിന്റെ വാദം ജയിച്ചിരിക്കുന്നു എന്ന് പറഞ്ഞു. എന്നാൽ താൻ വാദിച്ചതല്ലെന്നും, വാദിച്ചിരുന്നുവെങ്കിൽ തോറ്റുപോയേനെ എന്നും, ചില കാര്യങ്ങൾ വാദങ്ങളിലൂടെയും തർക്കങ്ങളിലൂടെയും അല്ലാതെ അനുഭവിച്ചുതന്നെ അറിയണം എന്നും ബുദ്ധൻ പറഞ്ഞതായി ഗ്രന്ഥങ്ങൾ പറയുന്നു.

ബൈബിളിൽ യേശു കുരുടർക്ക് കാഴ്ച കൊടുത്തതായി പലയിടത്തും പറയുന്നുണ്ട്. ലേഖനം ഒരുപാട് നീണ്ടുപോകുമെന്നതിനാൽ അതിൽ ഒരെണ്ണം മാത്രം ഇവിടെ കുറിക്കുന്നു.

യോഹ. 9:1–7 അവൻ കടന്നുപോകുമ്പോൾ പിറവിയിലെ കുരുടനായൊരു മനുഷ്യനെ കണ്ടു. അവന്റെ ശിഷ്യന്മാർ അവനോടു: റബ്ബി, ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു? ഇവനോ ഇവന്റെ അമ്മയപ്പന്മാരോ എന്നു ചോദിച്ചു. അതിനു യേശു: "അവൻ എങ്കിലും അവന്റെ അമ്മയപ്പന്മാരെങ്കിലും പാപം ചെയ്തിട്ടല്ല. ദൈവപ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിനത്രേ. എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളടത്തോളം നാം ചെയ്യേണ്ടതാകുന്നു. ആർക്കും പ്രവർത്തിച്ചു കൂടാത്ത രാത്രി വരുന്നു. ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ ലോകത്തിന്റെ വെളിച്ചം ആകുന്നു" എന്നു ഉത്തരം പറഞ്ഞു. ഇങ്ങനെ പറഞ്ഞിട്ടു അവൻ നിലത്തു തുപ്പി തുപ്പൽകൊണ്ടു ചേറുണ്ടാക്കി ചേറു അവന്റെ കണ്ണിന്മേൽ പൂശി " നീ ചെന്നു ശിലോഹാം കുളത്തിൽ കഴുകുക" എന്നു അവനോട് പറഞ്ഞു. അവൻ പോയി കഴുകി, കണ്ണു കാണുന്നവനായി മടങ്ങി വന്നു. ഇത് മാത്രമല്ലാതെ വെള്ളത്തിനു മീതെ രണ്ടു പേരും നടന്നതും തങ്ങളുടെ ശിഷ്യന്മാരെ വെള്ളത്തിനുമീതെ നടത്തിച്ചതും സമാന്തര അത്ഭുതങ്ങളായി ഗ്രന്ഥങ്ങൾ പറയുന്നുണ്ട്.

**Parallel Sayings സമാന്തര വചനങ്ങൾ**

രണ്ടുപേരുടെയും പ്രസംഗങ്ങളും പഠിപ്പിക്കലുകളും സംഭാഷണങ്ങളും തമ്മിൽ ഒരുപാടു സാമ്യം ഉണ്ടായിരുന്നു. ചില ഉദാഹരണങ്ങൾ താഴെ കുറിക്കാം.

1. The Golden Rule - സുവർണ്ണനിയമം

ലൂക്കോ. 6:31– മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതുപോലെ തന്നെ നിങ്ങൾ അവർക്കും ചെയ്‌വീൻ. Dhammapada 10:1 മറ്റുള്ളവരെ നിന്നെപ്പോലെ തന്നെ കാണുക.

2. Love others- മറ്റുള്ളവരെ സ്നേഹിക്കുക. യോഹ. 15:12– ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം.

Sutta Nipata 149-150 - നിങ്ങളിലെ അതിരുകൾ ഇല്ലാത്ത സ്നേഹം ഈ ലോകം മുഴുവൻ വ്യാപരിക്കട്ടെ.

3. Love your enemies- ശത്രുക്കളെ സ്നേഹിക്കുക.

ലൂക്കോ. 6:27–28. നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ പകെക്കുന്നവർക്കു ഗുണം ചെയ്‌വീൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ.

Dharmmapada-1.5& 17:3- കോപത്തെ സ്നേഹം കൊണ്ട് കീഴടക്കുക. തിന്മയെ നന്മകൊണ്ട് ജയിക്കുക. അരിഷ്ടതയെ ദാനം ചെയ്തു പരാജയപ്പെടുത്തുക. അസത്യത്തെ സത്യത്താൽ ജയിക്കുക.

4. Turn the other cheek- മറുചെകിടം കാണിച്ചുകൊടുക്കുക.

ലൂക്കോ. 6:29– നിന്നെ ഒരു ചെകിട്ടത്തു അടിക്കുന്നവനു മറ്റേതും കാണിച്ചുകൊടുക്ക; നിന്റെ പുതപ്പ് എടുത്തു കളയുന്നവനു വസ്ത്രവും തടുക്കരുത്.

Majjhima Nikaya 21:6- ആരെങ്കിലും നിങ്ങളെ കൈകൊണ്ടോ, വടികൊണ്ടോ, കത്തികൊണ്ടോ ഉപദ്രവിച്ചാൽ, നിങ്ങളുടെ വിചാരങ്ങളാൽ തിരിച്ചു മോശമായ വാക്കുകൾ പറയരുത്.

5. Help others - മറ്റുള്ളവരെ സഹായിക്കുക

മത്താ. 25:45– ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാഞ്ഞേടത്തോളമെല്ലാം എനിക്കു ആകുന്നു ചെയ്യാഞ്ഞതു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

Vinaya, Mahavagga 8:26.3 – നിങ്ങൾ പരസ്പരം പരിചരിക്കുന്നില്ലെങ്കിൽ നിങ്ങളെ പരിചരിക്കുവാൻ ആരുണ്ട്? എന്നെ പരിചരിക്കുവാൻ ആഗ്രഹിക്കുന്നവർ ആദ്യം രോഗികളായവരെ പരിചരിപ്പിൻ.

6.Do not judge others – മറ്റുള്ളവരെ വിധിക്കരുത്.

മത്താ. 7:1–5 നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളേയും വിധിക്കും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും. എന്നാൽ സ്വന്തംകണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരടു നോക്കുന്നതു എന്ത്?

Dhammapada- 252 – മറ്റുള്ളവരുടെ തെറ്റ് എളുപ്പത്തിൽ മനസ്സിലാക്കാം. പക്ഷേ സ്വന്തം തെറ്റുകൾ മനസ്സിലാക്കാൻ പ്രയാസമാണ്. ഒരു മനുഷ്യൻ അയൽക്കാരന്റെ തെറ്റുകൾ പരിശോധിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ അവൻ സ്വന്തം തെറ്റ് മറച്ചു വയ്ക്കുന്നു.

7. Disdain wealth - സമ്പത്തിനെ വെറുക്കുക, ലൂക്കോ. 6:20– ദരിദ്രന്മാരായ നിങ്ങൾ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങൾക്കുള്ളത്.

Dhammapada- 15:4– ഒന്നും സ്വന്തമായി ഇല്ലാതെ തന്നെ

നമുക്ക് ഏറ്റവും സന്തോഷത്തോടെ ജീവിക്കാം.

8. Do not kill - കൊല ചെയ്യരുത്

മത്താ. 26:52– വാൾ ഉറയിൽ ഇടുക: വാൾ എടുക്കുന്നവർ ഒക്കെയും വാളാൽ നശിച്ചുപോകും.

Digha Nikaya 1:1-8 – ജീവൻ എടുക്കുന്നത് ഉപേക്ഷിച്ച് സന്യാസിയായ ഗൗതമൻ, വടിയോ വാളോ ഇല്ലാതെ ജീവൻ എടുക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുന്നു

9. About Charity -ദാനധർമ്മത്തെക്കുറിച്ച്

മത്താ. 19:21– സൽഗുണപൂർണ്ണൻ ആകുവാൻ ഇച്ഛിക്കുന്നു എങ്കിൽ നീ ചെന്നു നിനക്കുള്ളതു വിറ്റു ദരിദ്രർക്കു കൊടുക്ക, എന്നാൽ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു എന്നെ അനുഗമിക്ക.

Dhammapada- 13:11– ധിക്കാരികൾ സ്വർഗ്ഗത്തിലേക്ക് പോകരുത്, വിഡ്ഢികൾ ദാനധർമ്മത്തെ പ്രശംസിക്കരുത്. ജ്ഞാനിയായവൻ ദാനധർമ്മത്തിൽ ആമോദം കണ്ടെത്തുന്നു. അതുവഴി അവൻ എല്ലാത്തിനും അപ്പുറം സന്തോഷിക്കുന്നു.

10. Spread the word - വചനം പ്രചരിപ്പിക്കുക മത്താ. 28:19–20– ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്.

Vinaya Mahavaggpa 1:11.1 തുടക്കത്തിൽ മനോഹരവും, മധ്യത്തിൽ മനോഹരവും, ഒടുക്കത്തിൽ മനോഹരവുമായ ധർമ്മം നിങ്ങൾ പഠിപ്പിക്കുക. ബ്രഹ്മത്തിന്റെ രീതിയിൽ ആത്മചൈതന്യവും അക്ഷരവും ഉപയോഗിച്ച് വിശദീകരിക്കുക. ഈ രീതിയിൽ നിങ്ങൾ പൂർണ്ണമായും പൂർത്തീകരിക്കപ്പെടുകയും നിർമ്മലമാക്കപ്പെടുകയും ചെയ്യും.

11. About Truth - സത്യത്തെക്കുറിച്ച്

Jesus - നിങ്ങൾ സത്യം അറിയുകയും ആ സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും.

Budha - സത്യം മനസ്സിലാക്കുന്നവർ ഈ ലോകത്തും അതിനപ്പുറവും സന്തോഷവാന്മാരായിരിക്കും. ആദ്യമേ പറഞ്ഞതുപോലെ ക്രിസ്തുവും ബുദ്ധനും തമ്മിലുള്ള ചുരുക്കം ചില സാമ്യങ്ങൾ മാത്രമാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ഇവർ തമ്മിൽ ധാരാളം വ്യത്യാസങ്ങളും ഉണ്ടായിരുന്നു എന്ന് വായിക്കുന്നവർ മനസ്സിലാക്കണം എന്നൊരിക്കൽ കൂടി പറഞ്ഞ് അവസാനിപ്പിക്കുന്നു. ●

# വിശുദ്ധ ഗീവർഗീസ് സഹദാ- ക്രിസ്തീയ വിശുദ്ധൻ

**അഖിൽ മനോജ് മാത്യു**

ഒരു ക്രിസ്തീയ വിശുദ്ധനും, രക്തസാക്ഷിയുമാണ് വിശുദ്ധ ഗീവർഗീസ് സഹദാ. അദ്ദേഹത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ കപ്പദോക്യയിലെ ഒരു പ്രഭു കുടുംബത്തിൽ ക്രിസ്തീയ മാതാപിതാക്കളിൽ നിന്ന് ക്രിസ്തുവർഷം 283 ൽ ഗീവറുഗീസ് സഹദാ ഭൂജാതനായി എന്നാണ് വിശ്വസനീയമായ പാരമ്പര്യം. പിതാവ് ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ സൈന്യത്തിൽ സേവനമനുഷ്ഠിച്ചു. പിതാവിന്റെ മരണശേഷം മാതാവിനോടൊന്നിച്ചു പാലസ്തീനിലേക്ക് താമസം മാറ്റി. ചെറുപ്പത്തിൽ തന്നെ സൈനിക സേവനത്തിനായി സ്വയം അർപ്പിച്ചു. കർമ്മനൈപുണ്യം കൊണ്ടും, വിശിഷ്ട സേവനംകൊണ്ടും സൈന്യത്തിൽ പടിപടിയായി ഉയർച്ച നേടി. ഡയോക്ലിഷ്യൻ ചക്രവർത്തിയുടെ കീഴിൽ ഈ യുവ സൈനിക മേധാവി ഉന്നതമായ പല ഉത്തരവാദിത്തങ്ങളും വഹിച്ചു. സ്വന്തം സ്ഥാനമാനങ്ങളേക്കാൾ വലുതായി ക്രിസ്തീയ വിശ്വാസത്തെ പരിഗണിച്ച പരിശുദ്ധനാണ് ഗീവർഗീസ് സഹദാ. ക്രിസ്തീയ സാക്ഷ്യം വഹിക്കുന്നതിനുവേണ്ടി പദവികളും, ലൗകിക നേട്ടങ്ങളും അദ്ദേഹം പരിത്യജിച്ചു. കഷ്ടതയുടെയും സഹനത്തിന്റെയും പാത അദ്ദേഹം തിരഞ്ഞെടുത്തു. ചക്രവർത്തി ഗീവർഗീസിനെതിരെ തിരിഞ്ഞു. അദ്ദേഹത്തെ ബന്ധനസ്ഥനാക്കി പീഡനമുറകൾ ഒന്നൊന്നായി അഴിച്ചുവിട്ടു. പക്ഷേ ഗീവർഗീസ് പാറപോലെ ഉറച്ചുനിന്നു. അദ്ദേഹം സൈനികനായി പ്രവർത്തിച്ചിരുന്ന കാലത്ത് സംഭവിച്ചതായി പറയപ്പെടുന്ന കഥയാണ് സർപ്പത്തെ നിഗ്രഹിച്ചത്. ഒരു നാടുവാഴിയുടെ പുത്രിയെ കൊല്ലുവാൻ ഒരു സർപ്പം ഒരുമ്പെട്ടതായി അദ്ദേഹം കാണുമ്പോൾ തൽക്ഷണം കുതിരപ്പുറത്തിരുന്നുകൊണ്ട് തന്റെ കയ്യിലിരുന്ന കുന്തംകൊണ്ട് അതിനെ വകവരുത്തി, അങ്ങനെ രാജകുമാരിയെ അദ്ദേഹം രക്ഷപ്പെടുത്തി.

തിന്മയുടെ പ്രതീകമാണ് ഉഗ്രസർപ്പം. വെളിപാടു പുസ്തകത്തിൽ അപ്രകാരമുള്ള ഉഗ്രസർപ്പത്തെപ്പറ്റി പരാമർശമുണ്ട്. തിന്മയെ പരാജയപ്പെടുത്താനുള്ള ധർമ്മമാണ് ഓരോ ക്രിസ്തീയ വിശ്വാസിക്കുമുള്ളത്. വിശ്വാസത്തിന്റെയും സഹനത്തിന്റെയും ശക്തമായ ആയുധത്താൽ നാം തിന്മയെ പരാജയപ്പെടുത്തണം.


ഇന്നിന്റെ ലോകത്ത് ക്രിസ്തീയ ജീവിതവും, ക്രിസ്തീയ സാക്ഷ്യവും അസാധ്യമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അത് തിരുത്തിക്കുറിക്കുന്നതാണ് ഗീവർഗീസ് സഹദായുടെ ചരിത്രം. ഓരോ വിശ്വാസിയും അവന്റെ ഹൃദയത്തിൽ ഒരു രക്തസാക്ഷിയായി മാറണം.

ജീവിതത്തിന്റെ ഏതു തുറയിൽ പ്രവർത്തിച്ചാലും ക്രിസ്തീയ മൂല്യങ്ങളെ മുറുകെ പിടിക്കണം. ക്രിസ്തീയ സാക്ഷ്യം ധീരതയോടെ വഹിക്കാൻ കഴിയുമെന്ന് വി. ഗീവർഗീസ് സഹദാ തെളിയിച്ചു. ചക്രവർത്തിയുടെ മുമ്പിലെത്തി വിശ്വാസവും അതിനുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ സന്നദ്ധനുമാണെന്ന് തെളിയിക്കുകയും ചെയ്തു. വിശുദ്ധ സഹദായുടെ ജീവിതം രണ്ടു കാര്യങ്ങളാണ് നമ്മോട് ആവശ്യപ്പെടുന്നത്.

1). തിന്മയോടുള്ള പോരാട്ടത്തിൽ മുന്നേറി വിജയം വരിക്കണം.

2). വിശ്വാസം മുറുകെ പിടിക്കാനും ആരുടെ മുമ്പിലും അതിനു സാക്ഷ്യം നൽകാനും കഴിയണം. ●

# ഏവൻഗേലിയോൻ ദീപം



മ്സമ്രോനോ സിബിൻ എം. സാബു,
എള്ളുകാലായിൽ

## വാങ്ങിപ്പുപെരുന്നാളിനു ശേഷം ഒന്നാം ഞായർ
(വി. മർക്കോസ് 10:35-45) **20-08-2023**

ഇവിടെ ഈ വേദഭാഗത്തിന്റെ പ്രാരംഭത്തിലും സെബതിപുത്രന്മാരായ യാക്കോബും, യോഹന്നാനും യേശുക്രിസ്തു തങ്ങളുടെ യാചനകളെല്ലാം അവർക്ക് ചെയ്തു കൊടുക്കുന്നവനാണ് എന്ന ബോധ്യത്തോടെ യേശുക്രിസ്തുവിന്റെ സന്നിധിയിൽ ഒരു യാചന വെയ്ക്കുകയാണ്. അത് ഇപ്രകാരമാണ്. "അങ്ങ് മഹത്വത്തിൽ വരുമ്പോൾ ഞങ്ങളിൽ ഒരാൾ അങ്ങയുടെ വലതുഭാഗത്തും ഒരാൾ അങ്ങയുടെ ഇടതു ഭാഗത്തും ഇരിക്കുവാൻ വരം നൽകണമെ" എന്നാൽ നിങ്ങൾ എന്താണ് ചോദിക്കുന്നത് എന്നു നിങ്ങൾക്കു അറിഞ്ഞു കൂടാ എന്ന് പറഞ്ഞു കൊണ്ട് ഇവരുടെ യാചനകളെ നിരസിക്കുന്ന ഒരു ക്രിസ്തുവിനെയാണ് ഇവിടെ നമുക്ക് കാണുവാൻ സാധിക്കുന്നത്. ഞാൻ കുടിക്കുന്ന കാസായിൽ നിന്ന് കുടിക്കാനും ഞാൻ ഏല്ക്കുന്ന മാമ്മോദീസാ ഏൽക്കുവാനും നിങ്ങൾക്കു കഴിയുമോ എന്ന ചോദ്യത്തിന് കഴിയും എന്നു പറഞ്ഞിട്ടും അവരുടെ യാചനയെ ക്രിസ്തു നിരസിക്കുന്നു. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലും നമ്മുടെ അനേകം പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കുമ്പോഴും ചില പ്രാർത്ഥകൾക്ക് മറുപടി ലഭിക്കാതെ കണ്ണുനീരുകൾ മാത്രമായി മാറാറുണ്ട്. എന്താണ് അതിന്റെ കാരണം എന്ന് മനസ്സിലാക്കുവാൻ പര്യാപ്തമാണ് ഈ വേദഭാഗം.

പലപ്പോഴും നമ്മുടെ പല യാചനകൾക്കും ദൈവീക ഇടപെടൽ നമുക്ക് ലഭിക്കാതെ പോകുന്നത് അതൊന്നും നമുക്ക് അത്രയും ആവശ്യമുള്ള ഒന്നല്ലാത്തതു കൊണ്ടോ അല്ലെങ്കിൽ ആ യാചനയുടെ നേട്ടത്തിന് ഒത്തവണ്ണമുള്ള ഒരു യോഗ്യത നമുക്കില്ലാഞ്ഞിട്ടോ അതും അല്ലെങ്കിൽ ആ യാചനകൾക്ക് മറുപടി ലഭിക്കുവാനുള്ള സമയം ആവാത്തതുകൊണ്ടോ ആവാം.

ഈ വേദഭാഗത്തിൽ നിന്നും നമ്മുടെ യാചനകൾ നൽകപ്പെടുവാനായി അതിന് യോഗ്യമാക്കുന്ന വിധത്തിൽ നമ്മളിൽ നിന്ന് ഒരു 'Effort' അത്യാവശ്യമാണ് എന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. കാരണം ദൈവം നീതിമാനാണ് അതായത് സകലത്തിലും നീതി നടപ്പാക്കുന്നവൻ. ദൈവം ഇങ്ങനെ നീതിമാനായിരിക്കെ നീതി അല്ലാതൊന്നും അവൻ ചെയ്യുന്നില്ല. അതുകൊണ്ട് തന്നെ നമ്മൾ ഒരു കാര്യത്തിനു വേണ്ടി ആഗ്രഹിച്ച് പ്രാർത്ഥിക്കുമ്പോൾ അതിന് നമ്മളെക്കാൾ യോഗ്യനായ മറ്റൊരുവൻ ദൈവസന്നിധിയിൽ നില വിളിച്ച് പ്രാർത്ഥിച്ചെങ്കിൽ ഏറ്റവും അതിൽ യോഗ്യനായവന് കൊടുക്കുവാൻ ദൈവം നിർബന്ധിതനാകുന്നു. അതുകൊണ്ട് തന്നെ നമ്മുടെ പല യാചനകൾക്കും മറുപടി കിട്ടാത്തത് ദൈവം പ്രാർത്ഥന കേൾക്കാത്തവനായതുകൊണ്ടല്ല, മറിച്ച് ദൈവം നീതിമാനും സദാ നീതിപ്രവർത്തിക്കുന്നവനും ആയതുകൊണ്ടാണ് എന്ന് നാം മനസ്സിലാക്കണം.

വലിയവൻ ആകുവാൻ കാംക്ഷിക്കുന്നവൻ നിങ്ങൾക്കു ശുശ്രൂഷകനായിരിക്കണം, നിങ്ങളിൽ ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നവനോ എല്ലാവർക്കും ദാസനുമായിരിക്കണം.

വളരെ അധികം ആത്മീയ ചിന്തകൾ പ്രധാനം ചെയ്യുവാൻ പര്യാപ്തമാണ് ഈ വേദഭാഗം. ഈ വേദഭാഗത്തെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ സ്ലീബായുടെ മൂന്നാംമണി നമസ്ക്കാരത്തിലെ മോർ യാക്കോബിന്റെ ബോവൂസോയിലെ രണ്ട് വരികൾ ഇവിടെ ചേർക്കുന്നു.

ലോകരിലേവൻ മറിയാമേപ്പോൽ താഴ്ത്തിട്ടുണ്ട്
അവളൊടു തുല്യം ഉന്നതപദവിയുമാരാർജ്ജിച്ചു

ആദിമ പിതാവായ ആദാം മുതൽ ഇന്നുവരെയുള്ള സകല വംശങ്ങളിലും ഏറ്റം ഭാഗ്യം ലഭിച്ചവളായിട്ടാണ് സഭയുടെ പിതാക്കന്മാർ പരി. കന്യകമറിയാമിനെ വിശേഷിപ്പിക്കുന്നത് കാരണം അവളുടെ എളിമയും ശുശ്രൂഷാ മനോഭാവവുമാണ് എന്നത് മോർ യാക്കോബിന്റെ ബോവുസോയിൽ നിന്നുതന്നെ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. പരി. അമ്മയുടെ ജീവചരിത്രം പരിശോധിക്കുമ്പോഴും അവൾ ഏറ്റവും അധികം ശുശ്രൂഷിക്കപ്പെടുന്നതിനെക്കാൾ മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവളായിരുന്നു എന്നു നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. വി. ലൂക്കോസ് 1:39 മുതലുള്ള വാക്യങ്ങൾ പരിശോധിക്കുമ്പോൾ ഏലിശ്ബയുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയെ നമുക്ക് കാണുവാൻ സാധിക്കും. താൻ ഗർഭിണി ആയിരിക്കുമ്പോഴും വൃദ്ധയായ ഏലിശ്ബായെ ശുശ്രൂഷിക്കുവാൻ മലകൾ താണ്ടി പരി. അമ്മ യാത്രചെയ്യുന്നു. ഈ ശുശ്രൂഷാ മനോഭാവമാണ് പരി. അമ്മയെ സകലവംശങ്ങളിലും വെച്ച് വലിയവളും ഭാഗ്യവതിയും ആക്കിയത് ഇതുപോലെ മറ്റുള്ളവരെ ശുശ്രൂഷിക്കുവാൻ നാം തയ്യാറാകണം.

## വാങ്ങിപ്പു പെരുന്നാളിനുശേഷം രണ്ടാം ഞായർ
(വി. ലൂക്കോസ് 11:9-20) **27-08-2023**

പ്രാർത്ഥന എന്നാൽ പലർക്കും പലതാണ്. ആരാധിക്കാനും സ്തുതിക്കാനും നന്ദി പറയാനും സഹായം ചോദിക്കാനുമൊക്കെ നമ്മൾ പ്രാർത്ഥനകൾ ഉപയോഗിക്കുന്നു. ഒരു വിശ്വാസിയുടെ എല്ലാ പ്രാർത്ഥനകളും സർവ്വശക്തനായ ദൈവവുമായി നടത്തുന്ന സംഭാഷണങ്ങൾ തന്നെയാണ്. ദൈവവുമായുള്ള മൂന്നു തരം സംഭാഷണങ്ങളും അവയ്ക്ക് ദൈവം നൽകുന്ന പ്രതികരണങ്ങളുമാണ് ഈ വചനഭാഗത്തിലൂടെ നാം വായിക്കുന്നത്.

**1. ചോദിക്കുവീൻ നിങ്ങൾക്ക് ലഭിക്കും**

നമുക്കെല്ലാവർക്കും പരിചിതമായ ഒരു പ്രാർത്ഥനാരീതിയാണിത്. എന്നാൽ ദൈവത്തോട് ചോദിച്ചിട്ട് ലഭിച്ചതിലും അധികം ലഭിക്കാത്തതിനെക്കുറിച്ചായിരിക്കും നമുക്ക് പറയാനുള്ളത്. നിങ്ങൾ യാചിക്കുന്നുണ്ട്. പക്ഷേ, നിങ്ങളുടെ മോഹങ്ങളിൽ ചെലവിടേണ്ടതിന് തിന്മയായി യാചിക്കുന്നതുമൂലം ഒന്നും നിങ്ങൾക്ക് ലഭിക്കുന്നില്ല (യാക്കോബ് 4:3).

പെന്തിക്കോസ്തിയുടെ ശുശ്രൂഷയിൽ സെദ്റായിൽ ഇപ്ര

കാരം ചൊല്ലുന്നു 'റൂഹ' ആഗ്രഹിക്കുന്നതെല്ലാം പ്രവർത്തിക്കുന്നവരും എന്നാൽ യോഗ്യരായ വിധത്തിൽ മാത്രം ആഗ്രഹിക്കുന്നവനാകുന്നു.

നന്മയായിട്ടുള്ളത് നൽകണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവഹിതമനുസരിച്ച് ചോദിക്കാനും നന്മയായിട്ടുള്ളവ സ്വീകരിക്കുവാനും നാം പഠിക്കണം.

**2. അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും**

പ്രാർത്ഥനയിലൂടെ ചോദിക്കുക മാത്രമല്ല എന്തോ അന്വേഷിക്കുവാനും കൂടി യേശു നമ്മോട് ആവശ്യപ്പെടുന്നതാണ്. 'എന്റെ ഹൃദയം നിന്നെക്കുറിച്ച് സംസാരിക്കുകയും എന്റെ മുഖം തിരുമുഖത്തെ അന്വേഷിക്കുകയും ചെയ്യുന്നു' (സങ്കീ. 27:8).

നമ്മുടെ എല്ലാ പ്രാർത്ഥനകളുടെയും അത്യന്തിക ലക്ഷ്യം സർവ്വ മഹത്വത്തിന്റെയും ഉടയവനായ ദൈവത്തെ നേടുക എന്നുള്ളതായിരിക്കണം, 'എന്നെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹിക്കും, എന്നെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും (സദൃ.8:17).

ആദ്യമെ ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിപ്പിൻ. ഇവയെല്ലാം അതോടു ചേർത്ത് നിങ്ങൾക്കായി നൽകുമെന്ന് (വി. മത്തായി 6:33) യേശു തമ്പുരാൻ നമ്മോട് പറഞ്ഞിട്ടുണ്ട്.

ഇപ്രകാരം നാം ചെയ്യുമ്പോൾ സങ്കീ.34:10 ൽ പറയുന്നതുപോലും കർത്താവിനെ അന്വേഷിക്കുന്നവർക്ക് ഒരു നന്മയ്ക്കും കുറവു വരികയുമില്ല എന്ന് ദൈവത്തിന്റെ വചനം ഉറപ്പ് നൽകുന്നു.

**3. മുട്ടുവീൻ നിങ്ങൾക്ക് തുറന്നു കിട്ടും.**

ദൈവത്തോട് ചോദിക്കുകയും ദൈവത്തെ അന്വേഷിക്കുകയും ചെയ്യുന്ന ഒരാൾ ദൈവരാജ്യത്തിന്റെ പടിവാതിൽ കണ്ടെത്തുമ്പോൾ അവിടെച്ചെന്നു മുട്ടുകയും വേണം.

ശ്ലീഹാ നമസ്കാരത്തിൽ വ്യാഴാഴ്ച സന്ധ്യയിൽ ഇപ്രകാരം ചൊല്ലുന്നു.

അൻപുടയോനെ നിൻ വാതിലടച്ചെന്നാൾ
മുട്ടിവിളിപ്പാനില്ലയ്യോ – മറ്റൊരു വാതിൽ

ചോദിച്ചാൽ നൽകുമെന്നും, അന്വേഷിച്ചാൽ കണ്ടെത്തുമെന്നും, മുട്ടിയാൽ തുറക്കപ്പെടുമെന്ന ദൈവത്തിന്റെ വാഗ്ദാനം നമ്മിൽ പൂർത്തീകരിക്കുവാനായി നമ്മുടെ ഹൃദയങ്ങളെ വിശുദ്ധീകരിക്കുകയും ആഗ്രഹങ്ങളെ ക്രമപ്പെടുത്തുകയും ജീവിതത്തെ നവീകരിക്കുകയും ചെയ്യുന്ന ദൈവകൃപയ്ക്കായി പ്രാർത്ഥിക്കാം.

## വാങ്ങിപ്പു പെരുന്നാളിനു ശേഷം മൂന്നാം ഞായർ
(വി. മത്തായി 17: 22 –27) **03 – 09 – 2023**

രണ്ട് വ്യത്യസ്ത സ്ഥലങ്ങളിൽവച്ചുള്ള കർത്താവിന്റെ പരസ്യശുശ്രൂഷയെയാണ് നമുക്ക് ഇവിടെ ദർശിക്കാൻ ആകുന്നത്. രണ്ട് സ്ഥലങ്ങളിലും രണ്ട് വ്യത്യസ്തങ്ങളായ അനുഭവങ്ങളും തിരുമൊഴികളുമാണ് കർത്താവ് തന്റെ ജനത്തിന് കൊടുക്കുന്നത്. ആദ്യഭാഗത്ത് 22–23 ഭാഗങ്ങളിൽ യേശു ഗലീലയിൽ വച്ച് തന്റെ മരണത്തെക്കുറിച്ചും ഉയിർപ്പിനെക്കുറിച്ചും ശിഷ്യന്മാരോട് അരുളി ചെയ്യുകയാണ്. ഇത് രണ്ടാം പ്രാവശ്യമാണ് കർത്താവ് ഈ സൂചന ശിഷ്യന്മാർക്ക് കൊടുക്കുന്നത്.

വീണ്ടും നാം പരിശോധിക്കുമ്പോൾ കർത്താവ് കഫർന്നഹൂമിൽ എത്തുമ്പോൾ നികുതി കൊടുക്കൽ, വാങ്ങൽ എന്നീ സംഭവങ്ങളെപ്പറ്റി പത്രോസിന് വ്യക്തമാക്കി കൊടുക്കുന്ന സാഹചര്യമാണ് 17:24–27 വരെയുള്ള ഭാഗങ്ങളിൽ നമുക്ക് കാണുവാൻ സാധിക്കുന്നത്. നികുതി പിരിക്കുന്നവർ കർത്താവിന്റെ ശിഷ്യനായ പത്രോസിന്റെ അടുക്കൽ വന്ന് നിന്റെ ഗുരു നികുതി കൊടുക്കുന്നുണ്ടോ എന്ന് ചോദിച്ച് മനസ്സിലാക്കുകയാണ്. ദൈവാലയ നികുതി എന്നതിനെപ്പറ്റി പഴയനിയമം പരിശോധിച്ചാൽ പുറപ്പാട് 30:12–16 വരെയുള്ള ഭാഗങ്ങളിൽ കൃത്യമായി എഴുതിയിട്ടുണ്ട്. ദൈവാലയ നികുതി പിരിച്ചിരുന്നത് ഇസ്രായേൽ മക്കളെ മിസ്രയിമിലെ അടിമത്വത്തിൽ നിന്ന് വിടുവിച്ചതിന്റെ മോചനദ്രവ്യം ആയിട്ടായിരുന്നു എന്നും 20 വയസ്സിനു മുകളിലുള്ള എല്ലാവരും കൊടുക്കണം എന്നുമുള്ള ഒരു നിയമവും നിലനിന്നിരുന്നു. എന്നാൽ പുതിയനിയമകാലത്ത് ഈ നിയമം യെരുശലേം ദൈവാലയത്തിന്റെ സംരക്ഷണത്തിന് വേണ്ടി വേണം ദൈവാലയ നികുതി കൊടുക്കുവാൻ എന്ന പുതിയനിയമം നിലവിൽ വന്നു. എന്നാൽ പഴയനിയമത്തിലെ മോചനദ്രവ്യം അഥവാ വീണ്ടെടുപ്പ് വിലയെ പുനർവിചിന്തനം ചെയ്താൽ സാക്ഷാൽ ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു ഇതാ മനുഷ്യരുടെ പാപങ്ങൾക്ക് വേണ്ടിയുള്ള മറുവിലയായി തന്നെത്താൻ ഏൽപ്പിച്ച് കൊടുക്കുകയും ഭൂതലത്തിലുള്ള സകല മനുഷ്യരുടെയും പാപങ്ങൾ അവന്റെ യാഗത്താൽ മോചിപ്പിക്കപ്പെട്ടിരിക്കുന്നു എന്നുള്ള വസ്തുതയാണ് കർത്താവ് ഈ വേദഭാഗത്തിന്റെ ആദ്യഭാഗത്തിൽ ചൂണ്ടിക്കാട്ടുന്നത്. ഗലീലായിലെയും കഫർന്നഹൂമിലെയും രണ്ടു വേദഭാഗങ്ങൾ നാം ചേർത്ത് വായിക്കുമ്പോൾ ഒറ്റ നിമിഷത്തിൽ അതിന്റെ ബന്ധം നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിലും ക്രിസ്തു ഗലീലയിൽ വച്ച് പറഞ്ഞ് ഇനി വരാനുള്ളതും താൻ കൊടുക്കാനിരിക്കുന്നതുമായ മോചനദ്രവ്യമായ തന്റെ ജീവനെക്കുറിച്ചാണെന്നും കഫർഹൂമിൽ വച്ച് ഉണ്ടായത് പുതിയനിയമ ദൈവാലയ നികുതിയെന്നത് തന്റെ യാഗത്തെ തന്നെയാണ്. ഓരോ ദിവസവും നാം ഈ ബലിയിൽ സംബന്ധിക്കുമ്പോൾ അത് അനുഭവിക്കുന്നതിലൂടെ ക്രിസ്തു നമുക്കുവേണ്ടി കൊടുത്ത ആ നികുതി അഥവാ മോചനദ്രവ്യമായ തന്റെ ജീവനെ ഓർക്കേണ്ടതും അതിനെ ശ്രേഷ്ഠതയോടെ വണങ്ങേണ്ടതുമാണ്. ഒരു വിശുദ്ധമായ കൈമാറ്റം അവിടെ അതിലൂടെ നടത്തപ്പെടുന്നു. നമ്മുടെ പാപങ്ങൾ നമ്മൾ സമർപ്പിക്കുന്നതിലൂടെ തിരികെ ബലിയായ മോചനം നമുക്ക് ലഭിക്കുന്നു എന്നുള്ള ബോധ്യം നമുക്ക് ഉണ്ടാകണം. അതിന് ദൈവം നമ്മെ ശക്തരാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## വാങ്ങിപ്പു പെരുന്നാളിനു ശേഷം നാലാം ഞായർ
(വി. മർക്കോസ് 6: 1 –6) **10 – 09 – 2023**

വളരെ ഹ്രസ്വമായ എന്നാൽ ഒരുപാട് ചിന്തകൾക്ക് വഴി തുറക്കുന്ന ഒരു വേദഭാഗം വി. മർക്കോസ് 6:1–6 ൽ ഉള്ളതായ ഏവൻഗേലിയോൻ ഭാഗം. വി. മർക്കോസിന്റെ വേദപുസ്തക പശ്ചാത്തലം പരിശോധിക്കുമ്പോൾ നമുക്ക് കാണുവാൻ സാധിക്കുന്ന ചില പ്രത്യേകതകൾ ഉണ്ട്. സുവിശേഷങ്ങളിൽ വച്ച് ഏറ്റവും ചെറിയ സുവിശേഷം അത്രമേൽ മർമ്മപ്രധാനം എന്നു തോന്നുന്ന പ്രധാനപ്പെട്ട സംഭവവികാസങ്ങൾ മാത്രമാണ് ഈ സുവിശേഷത്തിൽ ഉൾക്കൊള്ളിക്കുന്നുള്ളൂ. വിജാതികളുടെ ഇടയിൽ യേശു ദൈവപുത്രൻ എന്ന് വരച്ചു കാണിക്കുകയാണ് മർക്കോസിന്റെ സുവിശേഷത്തിന്റെ പ്രത്യേക മുഖമുദ്ര. അത്തരത്തിൽ ജാതികളുടെ ഇടയിൽ യേശുവിനെ ദൈവപുത്രൻ എന്ന് വെളിപ്പെടുത്തുന്നതിൽ ഇന്നത്തെ ഏവൻഗേലിയോനും ഒരു പങ്കുണ്ട് എന്നത് ഇതിനാൽ വ്യക്തമാണ്.

ഈ വേദഭാഗം നമ്മോടു സംസാരിക്കുന്ന ചിന്തകൾ

**1. പരിചിതയുടെ അപകടം**

ഈ വേദഭാഗം നമ്മോട് സംസാരിക്കുന്ന ചിന്തകൾ ഈ

വേദഭാഗത്തിന്റെ തുടക്കത്തിൽ തന്നെ നാം കാണുന്നത് പരിചയബന്ധങ്ങളുടെ അപകടമാണ്. നസ്രേത്തിലെ ജനത്തിന് യേശുവിന്റെ അസ്ഥിത്വത്തെക്കുറിച്ച് വ്യക്തമായ അറിവുണ്ടായിരുന്നു. ഭൗമികമായ ചിന്തയിൽ മുഴുകുന്ന ജനത്തിന് യേശുവിലെ ദൈവസ്വഭാവത്തെ തിരിച്ചറിയാൻ സാധിക്കുന്നില്ല അതുപോലെ ലോകകാഴ്ചകളുടെ പരിമിതിയിൽ ക്രിസ്തുവിനെ നോക്കിയാൽ യേശുവിലെ ലോകരക്ഷിതാവിനെയും ദൈവപുത്രനെയും തിരിച്ചറിയുവാൻ നമ്മളും പരാജയപ്പെടും.

**2. വിശ്വാസത്തിന്റെ ശക്തി**

യേശുവും നമ്മളും തമ്മിലുള്ള ബന്ധത്തിൽ 'വിശ്വാസം' വലിയ പങ്കുവഹിക്കുന്നു. 'വിശ്വാസം' ഇല്ലായെങ്കിൽ നമ്മുടെ ജീവിതത്തിൽ ദൈവത്തിനുള്ള പദ്ധതിയും ദൈവത്തിന്റെ വർണ്ണനാതീതമായ ശക്തിയും തിരിച്ചറിയുവാൻ നമ്മൾ പരാജയപ്പെടും. ജനത്തിന്റെ 'വിശ്വാസക്കുറവ്' മൂലം ക്രിസ്തുവിന് നസ്രേത്തിൽ അത്ഭുതം പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. "ദൈവത്തിന്റെ ഇടപെടലുകൾക്കും കരുതലിനും സൗഖ്യത്തിനുമുള്ള ഭാഗ്യം ലഭിക്കുന്നതിനുള്ള താക്കോലാണ് 'വിശ്വാസം'. തുറന്ന ഹൃദയങ്ങളുടെ മനസ്സുകളും ജനങ്ങളുടെ സങ്കുചിതവും സങ്കീർണ്ണവുമായ ഹൃദയവും മനസ്സും ദൈവകൃപ സ്വീകരിക്കുന്നതിൽ നിന്ന് അവരെ പിന്നോട്ട് വലിക്കുന്നത് നമുക്ക് കാണുവാൻ സാധിക്കും. മുൻവിധികളും പക്ഷപാതങ്ങളും മാറ്റിവെച്ചുകൊണ്ട് ദൈവത്തിന്റെ വചനത്തോടും അവൻ നമുക്കായി കരുതിയിരിക്കുന്ന പദ്ധതികളോടും തുറന്ന മനസ്സ് കാണിച്ചാൽ മാത്രമാണ് യേശുവിന് നമ്മളിൽ പരിവർത്തിക്കുവാൻ സാധിക്കുകയുള്ളൂ.

ഈ ഏവൻഗേലിയോൻ നാം ചിന്തിക്കുമ്പോൾ വിശ്വാസത്തിന്റെ പ്രാധാന്യവും അവിശ്വാസത്തിന്റെ അപകടവും കാണുവാൻ സാധിക്കും. നമ്മുടെ പരിമിതമായ അറിവിൽ നിന്നുകൊണ്ട് യേശുവിനെ അറിയുന്നതിൽ നിന്ന് ഒഴിഞ്ഞ് തുറന്ന മനസ്സോടെ അവനെ മനസ്സിലാക്കുവാൻ ശ്രമിക്കണം. വിശ്വാസത്തിലൂടെ, നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിനെ അനുഭവിക്കുവാനും അതിലൂടെ അവന്റെ സാക്ഷികൾ ആകുവാനും ശ്രദ്ധിക്കണം. നാം പൂർണ്ണമനസ്സോടും ഹൃദയത്തോടും, വിശ്വാസത്തോടും അവനെ സ്വീകരിക്കുവാൻ തയ്യാറായാൽ അവന് നമ്മളെക്കുറിച്ചുള്ള പദ്ധതികൾ തിരിച്ചറിയുവാൻ നമുക്ക് സാധിക്കും.

# ദൈവമാതാവായ വി. കന്യക മറിയാം

ബിജു ഇ. പി, ബാംഗ്ളൂർ

എന്റെ കർത്താവിന്റെ അമ്മയെ പറ്റി പറയുന്നതിനു മുമ്പ് ഈ അമ്മ ആരായിരുന്നു എന്നു നാം അറിയണമല്ലോ. ലൂക്കോസിന്റെ സുവിശേഷം 1:26–ാം വാക്യം മുതൽ താഴോട്ട് വായിച്ചാൽ നമുക്ക് മനസ്സിലാകും നസ്രേത്ത് എന്ന ഗലീല പട്ടണത്തിൽ ദാവീദ് ഗ്രഹത്തിൽ ഉള്ള ജോസഫ് എന്ന പുരുഷന് വിവാഹം നിശ്ചയിച്ചിരുന്ന ഒരു സാധാരണക്കാരിൽ സാധാരണയായ എന്നാൽ ദൈവഭയമുള്ള മറിയ എന്ന പേരുള്ള ഒരു കന്യക ആയിരുന്നു. അവർ ദൈവത്തിന്റെ ഇഷ്ടപുത്രി ആയിരുന്നു. അതുകൊണ്ടാണല്ലോ ഗബ്രിയേൽ മാലാഖ കൃപ ലഭിച്ചവളെ നിനക്ക് വന്ദനം, കർത്താവ് നിന്നോട് കൂടെ എന്ന് അഭിസംബോധന ചെയ്തത്. മാലാഖ മറിയത്തോട് ഇപ്രകാരം പറഞ്ഞു നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും അവന് യേശു എന്ന് പേർ വിളിക്കണം. തുടർന്നുള്ള ഗബ്രിയേൽ മാലാഖയുടെ അരുളപ്പാട് കേട്ട കന്യക മറിയം ഇപ്രകാരം പറഞ്ഞു ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്ക്പോലെ എനിക്ക് ഭവിക്കട്ടെ. ഇവിടെ കന്യക മറിയത്തിനെ നാം എളിമയുടെ നിറകുടീരം എന്നു വിശേഷിപ്പിക്കുന്നു. അങ്ങനെ കർത്താവിനാൽ തെരെഞ്ഞെടുക്കപ്പെട്ട കന്യാവൃതമുദ്രയ്ക്ക് ഭംഗം വരാതെ തന്റെ ഏകജാതനായ പുത്രനെ വെടിപ്പോടെ ഉദരത്തിൽ വഹിച്ചു മുലപ്പാൽ കൊടുത്തു വളർത്തിയ സർവ്വ ശക്തന്റെ മാതാവ്. ആ മാതാവിനെ വർണ്ണിക്കുവാൻ എന്റെ നാവുകൾ അപ്രാപ്തമാണ്. എങ്കിലും എന്റെ പൈതൽ പ്രായം മുതൽ എന്റെ മാതാപിതാക്കളിൽനിന്നും ഗുരുഭൂതന്മാരിൽ നിന്നും കേട്ടറിഞ്ഞ എന്റെ രക്ഷിതാവിന്റെ അമ്മ, ആകാശം ചായിച്ചു മണ്ണിലേക്ക് ഇറങ്ങി വന്ന ദൈവത്തെ ഉദരത്തിൽ ഉൾക്കൊണ്ട വാഴ്ത്തപ്പെട്ട മാതാവ്, രോഗികളുടെ ഔഷധവും ദാവീദിന്റെ ഗോപുരവും ജ്ഞാനത്തിന്റെ സിംഹാസനവും ശോഭയുള്ള ശൂശാന പുഷ്പവും മഹത്വത്തിന്റെ റാണിയുമാണ്. ആ കന്യകമറിയാമിനെപ്പറ്റി പാട്ടുകാർ വിശേഷിപ്പിച്ചു ഇപ്രകാരം പാടുന്നു.

കുറവിന്നുറവിടം ഉൾക്കണ്ണാൽ
കാനാവിൽ കണ്ടുവളർന്നു
ചെന്നവൾ തൻസുത സവിധത്തിൽ
മധ്യസ്ഥതയായി മാറിയവൾ

നമ്മുടെ കുറവുകൾ മനസ്സിലാക്കി നമുക്കുവേണ്ടി തന്റെ പുത്രസന്നിധിയിൽ എപ്പോഴും മധ്യസ്ഥയാകുന്ന ഒരു അമ്മയാണ് വി. കന്യക മറിയം അമ്മ. തന്റെ കൈകളിൽ താൻ താലോലിച്ചു വളർത്തിയ പുത്രന്റെ മരണം ക്രൂശിൽ കണ്ട് കണ്ണുനീർ വാർത്ത ആ അമ്മയുടെ മധ്യസ്ഥത എപ്പോഴും തുണയാകട്ടെ.

കവിത

# പാപവും, പാപമോചനവും, അനന്തരഫലവും

ജയ്നമ്മ മർക്കോസ്, നടുവിലേപറമ്പിൽ, കുഴിമറ്റം

കോപിഷ്ഠൻ സാത്താന്റെ തോഴനാണ്
അസൂയ മരണത്തിൻ ശവക്കുഴിയാണ്
കർത്തൻ, ഒട്ടും പൊറുക്കാത്ത പാപം
റൂഹായ്ക്കെതിരായ പാപമല്ലോ
ജഡിക പാപത്തിൽ മുങ്ങിക്കുളിച്ച്
ആടിത്തിമിർക്കുന്ന ജീവിതമേ
ഒരു നാൾ നിന്റെ കണക്കു കൊടുക്കാൻ
കർത്തന്റെ കോടതിയിലെത്തിടേണം
പോരാടി ജീവിതം നയിച്ചിടാതെ
സഹനത്തെ സന്തോഷമാക്കിടുവാൻ
അന്യോന്യം സ്നേഹം പങ്കു വെയ്ക്കാൻ
മത്സരബുദ്ധി ഒഴിവാക്കിടൂ!
മാരക പാപം ചെയ്തവരിൽ
സാത്താൻ അധികാരം ഏറ്റെടുക്കും
കണ്ണും കാതും കൊട്ടിയടച്ച്
ഹൃദയത്തെ കഠിനമാക്കിടുമേ
നീതിമാനായ കർത്തനേശു
പാപങ്ങൾക്കെല്ലാം ശിക്ഷ നൽകും
കുമ്പസാരക്കൂട്ടിലെത്തിക്കൊണ്ട്
ഏറ്റു പറഞ്ഞു മോചനം നേടു
ഏറ്റു പറയാൻ സമയമുണ്ട്
മരണംവരെയും സമയമുണ്ട്
അവസരം നഷ്ടമാക്കിക്കളഞ്ഞാൽ
തലമുറയിലേക്ക് പാപം ഇറങ്ങും
സാത്താന്റെ കെണിയിൽപ്പെട്ടിടാതെ
പരാതിക്കാരിയായി തീർന്നിടാതെ
എളിമയാം പുണ്യം കൈവരിക്കാൻ
കാരുണ്യവാനേ വേലികെട്ടു!
മാരകപാപങ്ങൾ ഏറ്റുപറയാതെ
ചെയ്തുമടങ്ങിയ പൂർവ്വികർക്ക്
സ്വർഗ്ഗീയ സന്തോഷം കിട്ടിടാതെ
നിത്യ നരകത്തിലെത്തിടുമേ
ലഘു പാപങ്ങളും മാരകപാപങ്ങളും
വിട്ടുപിരിഞ്ഞു നാം, ഓടിടുക
സാത്താന്റെ വലയിൽപ്പെട്ടിടാതെ
കർത്തന്റെ പാദത്തിൽ ചേർന്നിരിപ്പൂ!
സത്യത്തിന്റെ പാതയിൽ സഞ്ചരിക്കാൻ
സ്വർഗ്ഗീയ ജ്ഞാനം നിറഞ്ഞിടുവാൻ
വിശുദ്ധ ജീവിതം നയിച്ചിടുവാൻ
കാരുണ്യവാനേ കനിഞ്ഞിടുക
പരിശുദ്ധ അമ്മേ, പരിശുദ്ധന്മാരേ
പാപത്തിൽനിന്നും മുക്തിനേടി
ഈ ലോക ജീവിതം ജയിച്ചു മടങ്ങാൻ
ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണേ.
ബോധപൂർവ്വം ഏറ്റു പറയാതെ
കടന്നുപോയ പൂർവ്വികർക്ക്
തലമുറയെ കഷ്ടത്തിലാക്കിക്കൊണ്ട്
നിത്യനരകം ഏറ്റുവാങ്ങും
അനുതാപത്തോടെ ഏറ്റുപറഞ്ഞാൽ
ലജ്ജകൂടാതെ ഏറ്റു പറഞ്ഞാൽ
അന്ത്യദിനത്തിൽ പേർവിളിച്ച്
തന്നുടെ കാന്തയായി ചേർത്തിടുമേ
എന്നുടയോനേ, കാരുണ്യവാനേ
നിന്നുടെ രക്തത്താൽ എന്നെ കഴുകി
വചനത്താൽ എന്നെ നിറച്ചുകൊണ്ട്
ഞാൻ നിന്റെ സുഗന്ധമായി തീർന്നിടട്ടെ.

# കുറിച്ചി സെന്റ് മേരീസ് സണ്ടേസ്ക്കൂൾ ശതാബ്ദി നിറവിൽ

ചിങ്ങവനം പുത്തൻപള്ളി ഇടവകയിലെ കുറിച്ചി നിവാസികളുടെ ആഗ്രഹപ്രകാരം അന്നത്തെ വികാരി ബഹു. കരോട്ട് തോമസ് കശ്ശീശായുടെ അനുവാദത്തോടുകൂടി 1923-ൽ ആരംഭിച്ച ഈ സണ്ടേസ്കൂൾ മുക്കാട്ട് ഇട്ടിയവിര ഏബ്രഹാമിന്റെ വസതിയിൽ ഒരു താൽക്കാലിക ഷെഡ്ഡിലാണ്. ആയതിന്റെ പ്രധാന അദ്ധ്യാപകനായി കൊച്ചുപള്ളത്ര ശ്രീ. ചാക്കോ പുന്നൂസും സഹ അദ്ധ്യാപകരായി ഇട്ടിയവിര ഏബ്രഹാം കോയിത്ര, പുന്നൂസ് പൈനംമൂട്ടിൽ, ഇട്ടിയവിര ഏബ്രഹാം മുക്കാട്ട് ചാക്കുണ്ണി പുന്നൂസ് കോയിത്ര, പി.പി. ഫിലിപ്പ് പള്ളത്ര തൊമ്മൻ സ്കറിയ ചതുരതുണ്ടിയിൽ മുതലായവരെ വികാരി നിയമിച്ച് ക്ലാസ്സുകൾ നടത്തിക്കൊണ്ടിരുന്നു. 8 വർഷം കഴിഞ്ഞ് 1931 ൽ അന്നത്തെ പാത്രിയർക്കീസ് ആയിരുന്ന ഏലിയാസ് തൃതിയൻ ബാവ സ്ത്രീകൾക്കായി ഒരു വനിതാ മന്ദിരം സ്ഥാപിക്കാനായി ഇന്ന് കാണുന്ന സമുദായംവക പുരയിടത്തിൽ ശിലാസ്ഥാപനം നടത്തുകയും 1935 ൽ മന്ദിരത്തിൽ ഗേൾസ് ഹൈസ്കൂൾ കെട്ടിടം നിർമ്മിച്ചപ്പോൾ സണ്ടേസ്കൂൾ ക്ലാസ്സുകൾ മന്ദിരത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു.

ആഗസ്റ്റ് 26,27 എന്നീ ദിവസങ്ങളിൽ ശതാബ്ദി കൊണ്ടാടുകയും ചെയ്യുന്നു.




## പൂച്ചയ്ക്ക് ആര് മണികെട്ടും

വലിയ വീട്, വേണ്ടുവോളം തിന്നാൻ വകയുണ്ട്. എലികൾ തട്ടിൻപുറത്ത് പുളച്ചുമറിഞ്ഞു. അവർക്ക് ഒരു ദുഃഖം മാത്രമേ ഉണ്ടായിരുന്നുള്ളു. അത് അല്പം കാര്യമായ ദുഃഖവുമാണ്.

അവിടെ ഒരു കാലൻപൂച്ചയുണ്ട്. ഓർക്കാപ്പുറത്താണ് അത് ചാടിവീഴുക പിന്നെ ഒന്നോ രണ്ടോ ദീനരോദനം കേൾക്കാം. യാത്ര പറച്ചിലാണോ? മറ്റുള്ളവർ എവിടെയെങ്കിലും ഓടി രക്ഷപെട്ടു കിതയ്ക്കുന്നു.

എന്തിന്റെ കുറവുകൊണ്ടാണ് ഈ പൂച്ച തങ്ങളെ ആക്രമിക്കുന്നത്? വീട്ടുകാർ എന്നും അതിന് ചോറും കറിയും നൽകാറുള്ളതാണ്. അവർ എന്തു കഴിക്കുമ്പോഴും അതിൽ ഒരോഹരി പൂച്ചയ്ക്കും ലഭിക്കാറുണ്ട്. എന്നിട്ടും വേണോ, ഈ കൊലപാതകം! ഇങ്ങനെ തുടർന്നാൽ തങ്ങളുടെ വംശംതന്നെ ഇല്ലാതാകുമല്ലോ എന്ന് എലികളുടെ നേതാക്കൾ ആലോചിച്ചു. ഒരു പോംവഴി കാണണം. അതിന് അവർ ഒരു പൊതുയോഗം വിളിച്ചുകൂട്ടി.

പലതരത്തിലുള്ള അഭിപ്രായങ്ങൾ യോഗത്തിൽ കേൾക്കാറായി. പക്ഷേ, അവയൊന്നും ആർക്കും സ്വീകാര്യമായി തോന്നിയില്ല. ഇനി എന്തു ചെയ്യും? യോഗത്തിൽ നിശ്ശബ്ദത പരന്നു.

'എനിക്ക് ഒരു നിർദ്ദേശം വെക്കാനുണ്ട്.' ചെറുപ്പക്കാരനായ ഒരു എലി എഴുന്നേറ്റുനിന്നു പറഞ്ഞു. എവിടെ നിന്നെങ്കിലും ഒരു മണി കൊണ്ടുവന്നു പൂച്ചയുടെ കഴുത്തിൽ കെട്ടുക. അപ്പോൾ പൂച്ച വരുന്നേ എന്ന താക്കീത് നൽകിക്കൊണ്ട് മണി ശബ്ദിക്കും. നമുക്ക് ഉടനെ രക്ഷപെടുകയും ചെയ്യാം.

സകലരും കൈയടിച്ച് ആ നിർദ്ദേശത്തെ സ്വാഗതം ചെയ്തു. 'മഹാബുദ്ധിമാൻ'. പലരും അഭിപ്രായപ്പെട്ടു സദസ്സ് പതുക്കെ ശാന്തമായപ്പോൾ ഒരു വൃദ്ധൻ എഴുന്നേറ്റ് പറഞ്ഞു.

'ചെറുപ്പക്കാരന്റെ നിർദ്ദേശം വളരെ നല്ലതുതന്നെ അദ്ദേഹം അനുമോദനം അർഹിക്കുകയും ചെയ്യുന്നു. പക്ഷേ, ഇത്രയും നേരം നിങ്ങൾ ആരും ചിന്തിച്ചില്ലെന്നു തോന്നുന്ന ഒരു ചോദ്യം ഓർമ്മയിൽ വന്നതുകൊണ്ട് ഞാൻ ചോദിക്കട്ടെ'. കിഴവൻ തൊല്ലൊന്നു നിർത്തി സദസ്സിന്റെ മുഴുവൻ ശ്രദ്ധയും പിടിച്ചു പറ്റിയ ശേഷം തുടർന്നു.

'നിങ്ങളിൽ ആരാണ് പൂച്ചയുടെ കഴുത്തിൽ മണികെട്ടാൻ പോകുന്നത്? ആ ചോദ്യം കേട്ടപ്പോൾതന്നെ എലികളെല്ലാം പകുതി മരിച്ചതുപോലെയായി.

*നിർദ്ദേശങ്ങൾ മുന്നോട്ടു വെക്കാൻ ധാരാളം പേർ കാണും. അത് നടപ്പിലാക്കാൻ ആരും കാണുകയുമില്ല.*

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. കൂദാശകൾ എത്ര? ഏതെല്ലാം?
2. വി. കുർബാന ആരംഭിച്ച് ത്രോണോസ് വലംവയ്ക്കുമ്പോൾ ശുശ്രൂഷക്കാരൻ മെഴുകുതിരി പിടിച്ചിരിക്കുന്നത് ആരെ അനുസ്മരിക്കാനാണ്?
3. ധൂപകലശം വാഴ്ത്തുന്നത് എന്തിനെ സൂചിപ്പിക്കുന്നു?
4. വി. കുർബാനയുടെ പ്രധാന മൂന്നു ഘട്ടങ്ങൾ ഏതെല്ലാം?
5. അഞ്ചാം തൂബ്ദേൻ ആരെ അനുസ്മരിക്കുന്നു?
6. മിശിഹായുടെ മനുഷ്യാവതാരത്തെ സ്പഷ്ടമായി തെളിയിച്ചതാര്?
7. മലങ്കര സഭ ഇന്നുപയോഗിക്കുന്ന മാമ്മോദീസ ക്രമത്തിന്റെ രചയിതാവ് ആര്?
8. വി. മാമ്മോദീസായിലെ കർമ്മ സാധനങ്ങൾ ഏവ?
9. വി. മാമ്മോദീസ സ്വീകരിക്കുന്ന ശിശു ദൈവത്തിനായി വേർതിരിക്കപ്പെട്ടിരിക്കുന്നു എന്ന് അർത്ഥം വരുന്ന ശുശ്രൂഷ ഏത്?
10. വി. മൂറോൻ കൂദാശ ചെയ്യാവുന്ന ദിവസം ഏത്?

---

**ജൂലൈ മാസത്തിലെ ഉത്തരങ്ങൾ**

1. കാതോലികം, ശ്ളൈഹീകം, ഏകം, വിശുദ്ധം
2. പൊതുവായത്, സാർവത്രികമായത്
3. വി. മാമോദീസാ.
4. സുവിശേഷം പ്രസംഗിക്കുക
5. 1. പ്രാർത്ഥന (കൗമ), 2. അപേക്ഷ, 3. ഗീതം, 4. വായന, 5. പ്രസംഗം, 6. ധ്യാനം, 7. വി. കുർബ്ബാന,
6. ശുദ്ധീകരിക്കുന്നത്.
7. വി. മാമോദീസ, വി. മൂറോൻ, വി. പട്ടത്വം
8. വി. മാമോദീസായും, വി. കുമ്പസാരവും
9. വി. കുർബ്ബാന
10. 1) പുത്രസ്വീകാര്യം, 2) പാപമോചനം, 3) വിശുദ്ധാത്മദാനം, 4) സഭയിലെ അംഗത്വം, 5) മായാത്ത മുദ്ര, 6) പുതിയ ജീവൻ


**സ്ഥലം വില്പനയ്ക്ക്**

കോട്ടയം കാരിത്താസ് സെന്റ്തോമസ് ചർച്ച് ക്നാനായ പള്ളിക്ക് സമീപം 4 ഏക്കർ സ്ഥലവും ഇരുനില വീടും വില്പനയ്ക്ക്.

**Ph. 00393313577221, 9496702883**
**9447909831**

## 40 – ാം ചരമദിനം

14 – 08 – 2023



Advt -R

# Mrs. THANKAMMA SIMON

## Kunnumpurathu, New Jersy

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 26 – ാം ചരമവാർഷികം

05 – 08 – 2023



Advt -O

# C. Zachariah

## (ചിറയിൽ, കറിയാച്ചൻ), ഈര

ഭൂമിയിലുള്ള നമ്മുടെ ശരീരമാകുന്ന ഈ ഭവനം അഴിഞ്ഞുപോയാൽ, ദൈവനിർമ്മിതമായ, കൈപ്പണിയല്ലാത്ത, ഒരു ഭവനം സ്വർഗ്ഗത്തിൽ എന്നെന്നേക്കുമായി ഞങ്ങൾക്കുണ്ട് എന്ന് ഞങ്ങൾ അറിയുന്നു. ഇതു നിമിത്തം ഞങ്ങൾ നെടുവീർപ്പിടുകയും, സ്വർഗീയമായ ഞങ്ങളുടെ ഭവനത്തെ ധരിക്കണം എന്നു പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുന്നു.

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

25 – 08 – 2023

## 12 – ാം ചരമവാർഷികം

30 – 08 – 2023



Advt -O

# എം.എസ്. കുറിയാക്കോസ്    മറിയാമ്മ ജോസഫ്

മണക്കാട്ട്, പള്ളം

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

## വേർപാടിന്റെ 26 – ാം വർഷം

01 – 08 – 2023



## Ittiyavera Abraham

**(Kunjumon)**

## വേർപാടിന്റെ 4 – ാം വർഷം

18 – 08 – 2023



## Mariamma Ittiyavera

**(Mariammakutty)**

**Manimaleth House**
**Nellickamon P. O, Ranny**

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 7 – ാം ചരമവാർഷികം

21 – 08 – 2023



## Sabu Mathew

**(Asst. Commandant of Police)**

**Kulachankal, Velloothuruthy**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## *12th Year of Demise*

21 – 08 – 2023



## Lt.Col.M.C.Abraham (Retd.)

**(Kunjavarachen), Bangalore,**
**Vellayampallil House, Kattode**

*'For if we believe that Jesus died and rose again, even so them also which sleep in Jesus will God bring with him' (1 Thessalonians 4:14)*

*Deeply missed and lovingly remembered by:*
*Wife, Daughters,Sons-in-law, Grand Children,*
*Great Grand Children, Relatives & Friends*

Advt -G

## 4th Birthday In Heaven

21-08-2023



Advt -G

## K.A. JOSEPH (Rtd. KSEB Overseer)

**Kadavumpara Puthenveedu, Kuttoor**

Wife- Valsamma Joseph

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

## 40 – ാം ചരമദിനം

13 – 08 – 2023



Advt -O

## അമ്മിണി എബ്രഹാം

(W/o എൻ. എ. എബ്രഹാം)

**നെടുവേലിൽ, കല്ലിശ്ശേരി**

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 2nd Birthday in Heaven

18 – 08 – 2023



## Jose Thomas

**Kunnumpurathu House**
**Ettumanoor, Kottayam**

Advt -G

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

## 6 – ാം ചരമവാർഷികം

03 – 08 – 2023




Advt -O

## (Retd.) Nb. Sub/Clk ജോസ് മാത്യു

**മധുകുഴിയിൽ വീട്, പടിഞ്ഞാട്ട് ഓതറ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*



1 –ാം ചരമവാർഷികം

22–08–2023

# K.J. ABRAHAM

## (SHAJI)

**Rtd. RBI Asst. Manager**



10 –ാം ചരമവാർഷികം

07–08–2023

# K.A. JOSEPH

**Rtd. FACT**

**Kuniyadath,**
**Ernakulam**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"


Sorrowing Family

Advt - G




## 2nd Death Anniversary In Heaven

**28-08-2023**



## I. P. ITTIAVIRAH

**Edasseril (H),**
**Thottamon, Ranny P.O.**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1 – ാം ചരമവാർഷികം

02 – 08 – 2023



## മറിയാമ്മ ആൻഡ്രൂസ്

**ചെറുനാട്ടായ പല്ലാട്ട്, ചെങ്ങളം**

ഞങ്ങളുടെ മാർഗ്ഗദീപമായിരുന്ന അമ്മയുടെ
ഓർമ്മകൾക്കു മുമ്പിൽ പ്രാർത്ഥനയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 1 – ാം ചരമവാർഷികം

09 – 08 – 2023



## മറിയാമ്മ ഏബ്രഹാം (പെണ്ണമ്മ)

**മറ്റത്തിൽ, വെള്ളുത്തുരുത്തി**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

# 40 – ാം ചരമദിനം

02 – 08 – 2023



# Thomas V. Abraham
## (Excel Sabu)
### Valanjanthuruthil, Ranni

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*പ്രാർത്ഥനയോടെ സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1st Death Anniversary

11-08-2023



# K.U.BABU

**Karottekuttu, Olassa, (Velloothuruthy)**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 5th Death Anniversary

21-08-2023



# Dr. M I Kuriakose

**Malathusseril House, Edavanna, Nilambur**

Sorrowing Family

Advt - O

## 40-ാം ചരമദിനം

29-07-2023



# BIJU SKARIA (Biju Vazhiyil)

(ക്നാനായ അസ്സോസിയേഷൻ മെമ്പർ)

**Kochuparambil, Chingavanam**

By Sorrowing Family

Advt -O

## 12-ാം ചരമവാർഷികം

26-08-2023

## 6-ാം ചരമവാർഷികം

06-09-2023



**സ്കറിയ മർക്കോസ്   അച്ചാമ്മ മർക്കോസ്**

പുതുവീട്, എസ്.പുരം പി.ഒ.
കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt -O

## 12 – ാം ചരമവാർഷികം

09 – 09 – 2023



Advt -R

# Col. M. K. Abraham

## (Thankachen)

### മൂഴിപ്പെരുമേത്ത്, ഐത്തല, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

ഭാര്യ: Saramma Abraham (Molly),
മക്കൾ: Sunu Joseph, Col. Vinoo Abraham, Anu James
മരുമക്കൾ: A/Com. Joseph Manacherry, Lesya Vinoo,
Brigadier Jim James

സന്തപ്ത കുടുംബാംഗങ്ങൾ

## വേർപാടിന്റെ 10 – ാം വാർഷികം

10-09-2023



Advt -R

# സോജി ജെയ്ക്കബ്

### തേമ്പാറ, കുറിച്ചി

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

## 10 – ാം ചരമവാർഷികം

26 – 08 – 2023



Advt -R

# N.P. ജോസുകുട്ടി

### നെടുംപറമ്പിൽ, നീലംപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

## 40 – ാം ചരമദിനം

7 – 8 – 2023



Advt -O

# കുഞ്ഞൂഞ്ഞമ്മ സ്ക്കറിയാ (79)

### പാറേക്കുന്നുപുറം, ഒളശ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

ഫാ. ഡോ. ജയിംസ് തോടത്തിൽ
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

കഴിഞ്ഞ ലക്കം തുടർച്ച

**കുട്ടികളിലെ ശാരീരിക മാനസിക വെല്ലുവിളികൾ**

കാപ്പിയും സ്നാക്സും കഴിച്ചശേഷം എല്ലാവരും Conference hall ൽ എത്തി.

"ഈ സെഷനിൽ കുട്ടികൾ അഭിമുഖീകരിക്കുന്ന ശാരീരിക-മാനസിക വെല്ലുവിളികളെ ശ്രദ്ധിക്കാം"

അച്ചൻ തുടർന്നു.

പിറവിയിലെ തന്നെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുണ്ട്. ചിലർക്ക് ജനനശേഷം ഇങ്ങനെ സംഭവിക്കാം. ഇംഗ്ലീഷിൽ ഇങ്ങനെയുള്ളവരെ Differently Abled എന്നാണ് പറയാറുള്ളത്. ഇങ്ങനെയുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണനയും പരിചരണവും ആവശ്യമാണ്. അവരും അവരുടെ മാതാപിതാക്കളും മാനസികമായി തകർന്ന അവസ്ഥയിലായിരിക്കും ആദ്യകാലങ്ങളിൽ. പിന്നീട് അവർ ഈ അവസ്ഥയോട് താദാത്മ്യം പ്രാപിക്കും. ദൈവം തന്ന മക്കളെ അവരുടെ വിവിധ പ്രശ്നങ്ങളോടുകൂടി സ്വീകരിക്കുക എന്നത് ഒരു വലിയ വെല്ലുവിളിയാണ്. ഈ കുഞ്ഞുങ്ങളെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയുണ്ടെന്ന ബോധ്യത്തിലേയ്ക്ക് മാതാപിതാക്കൾ എത്തിച്ചേരണം. കുട്ടികളുടെ ശാരീരിക വൈകല്യങ്ങൾ, മാനസിക വളർച്ചയില്ലായ്മ, സെറിബ്രൽ പൾസി, ഓട്ടിസം, ചുഴലിദീനം തുടങ്ങിയ അനേക പ്രശ്നങ്ങൾ ഇങ്ങനെയുള്ള കുട്ടികളിൽ കണ്ടെത്താം.

വൈകല്യമുള്ള കുഞ്ഞിനെ വളർത്തിയെടുക്കുന്നത് വലിയ ഒരു ഉദ്യമമാണ്. ശരിയായ പിന്തുണ, ശരിയായ ആസൂത്രണം, അനുയോജ്യമായ സഹായകേന്ദ്രങ്ങൾ, നിരന്തരമായ പ്രാർത്ഥന, ധ്യാനം, സെമിനാറുകൾ തുടങ്ങിയ അനേക ഘടകങ്ങളുടെ സഹായത്തോടെ മാത്രമെ ഇത്തരം വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ കഴിയൂ. എല്ലാ മാതാപിതാക്കളും ആരോഗ്യമുള്ള കുട്ടികൾക്കായി ആഗ്രഹിക്കുന്നവരാണ്. എന്നാൽ ചിലർക്കെങ്കിലും വെല്ലുവിളികളുള്ള കുട്ടികളെ ദൈവം നൽകിയെന്നു വന്നേക്കാം. അത് വലിയ ആഘാതമായിരിക്കും സൃഷ്ടിക്കുക. ഇങ്ങനെയുള്ള കുഞ്ഞിനെ വളർത്തുവാനുള്ള ദൈവവിളി തങ്ങൾക്കുണ്ടെന്ന് കരുതുകയാണ് ഏറ്റവും വലിയ ദൗത്യം. ഒരിക്കൽ ഒരു അമ്മ പറഞ്ഞു

"എന്റെ കുഞ്ഞിന് വൈകല്യമുണ്ടെന്നുള്ള യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടാൻ എനിക്കു കുറച്ചുസമയം വേണ്ടി വന്നു. പിന്നീട് ഞാൻ ചിന്തിച്ചു; ഈ കുഞ്ഞ് ഭൂമിയിൽ ജനിക്കുവാൻ ദൈവം പദ്ധതി ഇട്ടപ്പോൾ ഈ കുഞ്ഞിനെ വളർത്തുവാൻ യോഗ്യതയുള്ള മാതാപിതാക്കളെ ദൈവം അന്വേഷിച്ചു. ആ അന്വേഷണം ഞങ്ങളിലെത്തിച്ചേർന്നു. അതുകൊണ്ട് ഞങ്ങൾ ഈ കുഞ്ഞിനെ തന്ന ദൈവത്തിന് നന്ദി പറയുന്നു".

ഇത്രമാത്രം പോസിറ്റീവ് ആയി പ്രതികരിക്കുവാൻ ആ അമ്മയ്ക്ക് സാധിച്ചത് ദൈവത്തിന്റെ അനുഗ്രഹമാണ്. 'ദൈവം അറിയാതെ ഒന്നും ഭവിക്കയില്ല' (സങ്കീ.139:13-16). ആയതിനാൽ അവയെ അതിജീവിക്കാനുള്ള മനസ്സൊരുക്കം മാതാപിതാക്കൾക്ക് ദൈവം നൽകും.

മാതാപിതാക്കൾ ശാരീരികവും മാനസികവുമായി തയ്യാറെടുക്കേണ്ടിയിരിക്കുന്നു ഇത്തരത്തിലുള്ള കുഞ്ഞുങ്ങളെ വളർത്തുവാൻ. ഒരു പരിധിവരെ ചിലപ്പോൾ മുഴുവൻ സമയവും ആ കുഞ്ഞിനോടൊപ്പം മാതാപിതാക്കൾ ആയിരിക്കേണ്ടി വരുന്നു. ചിലപ്പോൾ മാതാപിതാക്കളിൽ ഒരാൾ ജോലി രാജിവച്ച് കുഞ്ഞിനോടൊപ്പം മുഴുവൻ സമയവും ഇരിക്കണം. കുഞ്ഞുങ്ങളുടെ ശാഠ്യവും കരച്ചിലും ഒരു പക്ഷെ മാതാപിതാക്കളെ നിസ്സഹായത, കോപം, നിരാശ, സങ്കടം തുടങ്ങിയ വികാരങ്ങളിലൂടെ കൊണ്ടുപോയേക്കാം. അത്തരം സാഹചര്യങ്ങളിൽ പ്രാർത്ഥനയിലൂടെയും വചനധ്യാനത്തിലൂടെയും വികാരങ്ങളെ നിയന്ത്രിക്കുവാൻ കഴിഞ്ഞേക്കും. തങ്ങളുടെ കഴിവിന്റെ പരമാവധി ഈ കുട്ടിയെ വളർത്തിയെടുക്കുക എന്ന വെല്ലുവിളി അഭിമുഖീകരിക്കുവാൻ മാതാപിതാക്കൾ തയ്യാറാകണം. അവരുടെ ജീവിതത്തിൽ പലപ്പോഴും അവരുടെ ആഗ്രഹങ്ങളെ മറന്ന് കുഞ്ഞിനോടൊപ്പം ഇരിക്കേണ്ടി വരുന്നു. നല്ല കരിയർ സ്വപ്നം കാണുന്നവർക്ക് ജോലിയിൽ ശ്രദ്ധിക്കാനുള്ള സമയമില്ലാതെ വന്നേക്കാം. കൂട്ടുകാരോടൊത്ത് പിക്നിക്കിനോ, സിനിമയ്ക്കോ പോകാൻ കഴിയാതെ

വന്നേക്കാം. കുഞ്ഞുമായി എവിടെയെങ്കിലും പോയാൽ ആളുകളുടെ അനാവശ്യമായ കമന്റുകൾ സഹിക്കേണ്ടി വന്നേക്കാം.

ഇത്തരം സാഹചര്യങ്ങളുടെ നടുവിൽ മാതാപിതാക്കൾ ഒരു positive attitude മായി മുന്നോട്ട് പോകണം. ദൈവം തന്ന കുഞ്ഞിനെ വളർത്തിയെടുക്കുക എന്നതാണ് തങ്ങളുടെ നിയോഗം എന്ന് തിരിച്ചറിയണം. അയൽക്കാരും ബന്ധുക്കളുമൊക്കെ negative comments പറയുമ്പോൾ അതിനെ അവഗണിക്കണം. കുട്ടിയുടെ ഉത്തമ വക്താവായി ത്തീരണമെങ്കിൽ അവന്റെ വൈകല്യത്തെക്കുറിച്ചുള്ള വിപുലമായ അറിവ് നമുക്കുണ്ടാകണം. വൈദ്യശാസ്ത്രപരമായ അറിവുകൾ മാത്രമല്ല വിവിധ സംഘടനകളുടെ സഹായം, കുട്ടികൾക്കാവശ്യമായ ഉപകരണങ്ങൾ, സർക്കാർ പദ്ധതികൾ, അവർക്ക് നൽകേണ്ട വിദ്യാഭ്യാസം, അവൾക്കുള്ള പ്രത്യേക തൊഴിൽ പദ്ധതികൾ എന്നിവയെക്കുറിച്ചും ഒരു ശരിയായ ധാരണ മാതാപിതാക്കൾ കൈവരിക്കണം. പരിശീലന ക്ലാസ്സുകളിലും സെമിനാറുകളിലും സംബന്ധിക്കുവാനും മാതാപിതാക്കൾ ശ്രദ്ധിക്കണം. അവരുടെ സഹിഷ്ണുതയും ആത്മനിയന്ത്രണവും വർദ്ധിപ്പിക്കുവാൻ ഇവയൊക്കെ സഹായിക്കും. മനസ്സൊരുക്കത്തോടെ കുട്ടികളെ സമീപിക്കണം.

വെല്ലുവിളികൾ നേരിടുന്ന കുഞ്ഞുങ്ങൾക്ക് പരിചരണം മാത്രം പോരാ വളരാനുള്ള അവസരം കൂടി നൽകണം. അവന്റെ വൈകല്യത്തെ ലഘൂകരിക്കാനുതകുന്ന ശാസ്ത്രീയ മാർഗ്ഗങ്ങളെക്കുറിച്ച് സദാ അറിയുവാൻ ശ്രമിക്കുക. രാഷ്ട്രീയ സാമൂഹിക മേഖലകളിൽ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകളുടെ സഹായം തേടണം. അങ്ങനെയുള്ള സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും അതിന്റെ വക്താക്കളാവുകയും വേണം. കുട്ടികളെ സാധാരണ കുട്ടികളോടൊപ്പം കളിക്കാൻ അയക്കുകയും സാധാരണ സ്കൂളിൽ പഠിപ്പിക്കുകയും ചെയ്യുമ്പോൾ അവരുടെ വളർച്ചയെ അവ സഹായിക്കും. മാതാപിതാക്കൾ അവന്റെ വക്താക്കളാകണം. അതൊടൊപ്പം തന്നെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് അവരെ കൊണ്ടുവരണം. അവരിൽ ആത്മവിശ്വാസവും കാര്യശേഷിയും വർദ്ധിപ്പിക്കണം.

ദൈവം ഓരോ മനുഷ്യനെയും സൃഷ്ടിച്ചിരിക്കുന്നത് അതുല്യമായിട്ടാണ്. കുറവുണ്ടെന്ന് നാം കരുതുന്ന കുട്ടികൾക്ക് ദൈവം എന്തെങ്കിലും പ്രത്യേക കഴിവ് കൊടുത്തിട്ടുണ്ടാകും. അവ തിരിച്ചറിയുന്നതിനുള്ള സാമർത്ഥ്യം മാതാപിതാക്കൾ കൈവരിക്കണം. അത് ശ്രമകരമായ ദൗത്യമാണ്. അത് കണ്ടെത്തിക്കഴിഞ്ഞാൽ അവരെ പ്രോത്സാഹിപ്പിക്കുകയും ആ കഴിവ് വളർത്തിയെടുക്കുവാൻ അവരോടൊപ്പം എത്രമാത്രം വേണമെങ്കിലും കഠിനാദ്ധ്വാനം ചെയ്യുവാനും തയ്യാറാകണം. അത് അവരെ സമൂഹത്തിൽ തലയുയർത്തി നിൽക്കുവാൻ മാതാപിതാക്കൾ ആണ് അവരുടെ ഏറ്റവും വലിയ അത്താണി. അവർ കൂടെയുണ്ടെന്ന് കുട്ടികൾ തിരിച്ചറിയുമ്പോൾ അവരുടെ ആത്മവിശ്വാസം ഉയരും. അവരോടൊപ്പം ആയിരിക്കുക എന്നത് മാതാപിതാക്കൾ ഒരു നിയോഗമായി തിരിച്ചറിയണം.

**പഠനവൈകല്യം** (Learning Disability)

സാധാരണ കുട്ടിയെന്ന് തോന്നുമെങ്കിലും പഠനത്തിൽ പിന്നോട്ട് പോകുന്ന കുട്ടികളെക്കുറിച്ച് മാതാപിതാക്കളുടെ അഭിപ്രായം എന്തായിരിക്കാം?

അച്ചൻ ചോദിച്ചു. ലിസി ഉടനെതന്നെ മറുപടി പറഞ്ഞു.

"മടി, ഉത്സാഹക്കുറവ്, തന്റേടം, അഹങ്കാരം ഇങ്ങനെ പല ഉത്തരങ്ങൾ ഞങ്ങൾക്കുണ്ട്"

ശരിയാണ്. ചെറിയപ്രായത്തിൽ എടുത്താൽ പൊങ്ങാത്ത പഠനഭാരം സാധാരണ കുട്ടികളെപ്പോലും വല്ലാതെ വിഷമിപ്പിക്കാറുണ്ട്. എങ്കിൽ പഠനവൈകല്യം ഉള്ള കുട്ടികൾക്ക് എത്രമാത്രം ബുദ്ധിമുട്ടുണ്ടാകുമെന്ന് നാം ചിന്തിക്കാറുണ്ടോ? നമ്മുടെ പഠന സമ്പ്രദായത്തിന് ധാരാളം പോരായ്മകളുണ്ട്. അതോടൊപ്പം പഠനവൈകല്യം നേരിടുന്ന കുട്ടിയാണെങ്കിൽ അവനും അവന്റെ മാതാപിതാക്കളും അദ്ധ്യാപകരും എത്രമാത്രം പ്രയാസപ്പെടേണ്ടിയിരിക്കുന്നു. അതിനാൽ പഠനവൈകല്യമുള്ള കുട്ടിയെ തിരിച്ചറിയാൻ നാം പഠിക്കണം.

വായന, എഴുത്ത്, വിദ്യാഭ്യാസപരമായ മറ്റ് കഴിവുകൾ എന്നിവ ആർജ്ജിക്കുന്നതിൽ കാണിക്കുന്ന പ്രകടമായ ബുദ്ധിമുട്ടുകളിലൂടെയാണ് പഠനവൈകല്യം പലപ്പോഴും വെളിവാകുന്നത്. കുട്ടികൾ മന:പൂർവ്വം പഠിക്കാതിരിക്കുന്നതല്ല. അവർ ആഗ്രഹിക്കുന്നുണ്ടാകും. പക്ഷേ വിവിധങ്ങളായ കാരണങ്ങളാൽ പഠനം അവൾക്ക് അസാദ്ധ്യമാകുന്നു. അല്ലെങ്കിൽ തന്നെ ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന അദ്ധ്യാപകൻ പഠിപ്പിക്കുമ്പോൾ പേടികൊണ്ടെങ്കിലും പഠിക്കേണ്ടതല്ലെ. മനഃശാസ്ത്രം വളർന്ന് പഠനവൈകല്യങ്ങൾ എന്ന മേഖല പഠന വിധേയമായപ്പോഴാണ് നമ്മുടെ കുഞ്ഞുങ്ങൾ മനഃപൂർവ്വം പഠിക്കാതിരിക്കുന്നതല്ല എന്ന് നാം തിരിച്ചറിയുന്നത്. ഇപ്രകാരമുള്ള കുഞ്ഞുങ്ങൾക്ക് പലപ്പോഴും സാധാരണ കുട്ടികളേക്കാൾ അല്ലെങ്കിൽ ശരാശരിയിലും ഉയർന്ന ബുദ്ധിസാമർത്ഥ്യം കാണും. കേൾക്കുമ്പോൾ മനസ്സിലാകുന്നുണ്ടെങ്കിലും അവ പരീക്ഷകളിൽ പ്രതിഫലിക്കാതെ പോകുന്നതിനാലാണ് മാർക്ക് കിട്ടാതെ പോകുന്നത്. അത് അവരുടെ കുറ്റമല്ല. വായിക്കാനും എഴുതുവാനും പഠിക്കുവാനുമുള്ള പ്രയാസം പലവിധത്തിലായി ഇത്തരം കുട്ടികളിൽ കാണുന്നു. മാതാപിതാക്കൾ കുട്ടികളെ കഴിവതും നേരത്തെ മനസ്സിലാക്കണം. ഓരോ വാക്കും പെറുക്കിപ്പെറുക്കി വായിക്കുക, വായനയിൽ വാക്കുകൾ വിട്ട് പോകുക. ഇല്ലാത്ത വാക്കുകൾ സൗകര്യപൂർവ്വം കൂട്ടിച്ചേർക്കുക, അക്ഷരങ്ങളിൽ കൃത്യമായി കണ്ണ് പതിയാതെ വരിക, വരികൾ വിട്ടുപോകുക, അക്ഷരങ്ങളും അക്കങ്ങളും തലതിരിച്ചെഴുതുക, ക്രമം തെറ്റി വായിക്കുക, അക്ഷരങ്ങൾ മാറിപ്പോകുക. (eg: 9,6, b,d) ദിവസങ്ങളുടെയും മാസങ്ങളുടെയും പേരുകൾ ക്രമമായി പറയാൻ കഴിയാതെ വരിക, ഇപ്രകാരം വിവിധ ലക്ഷണങ്ങൾ പഠനവൈകല്യത്തിന്റെ കാരണങ്ങളാണ്. ചെറുപ്പത്തിൽ തന്നെ ഇവയിൽ ഏതെങ്കിലും തന്റെ കുട്ടിക്കുണ്ടെങ്കിൽ ഒരു മനഃശാസ്ത്രജ്ഞനെ കാണേണ്ടതും പ്രശ്നപരിഹാരം കണ്ടെത്തേണ്ടതുമാണ്. ഈ പ്രശ്നം അവരുടെ പെരുമാറ്റം, വികാരപ്രകടനങ്ങൾ എന്നിവയിലും പ്രശ്നങ്ങൾ സൃഷ്ടിക്കാൻ കാരണമായേക്കും.

ഈ സെഷൻ ഇവിടെ അവസാനിക്കുന്നില്ല. കാരണം പഠനവൈകല്യങ്ങളെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യുന്നതിനായി അടുത്ത ഒരു അവധി ദിവസം നമുക്കു ഒരുമിച്ചു കൂടാം. ഇന്നത്തെ പ്രോഗ്രാം അവസാനിച്ചു മടക്കയാത്രയ്ക്കുള്ള സമയമായി. ഇപ്പോൾ തിരിച്ചാൽ മാത്രമേ 10 മണിക്കു മുൻപ് വീട്ടിലെത്തുകയുള്ളൂ. അച്ചൻ സമാപന പ്രാർത്ഥനയും ആശീർവാദവും പറഞ്ഞു. എല്ലാവരും സന്തോഷത്തോടെ ബസിൽ കയറി.

(തുടരും)




# വിശ്വാസപ്രമാണം എങ്ങനെ രൂപീകൃതമായി

(തുടർച്ച)

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ ശേഷം താൻ വേഗം വരുമെന്ന് സഭ പ്രത്യാശയോടെ കാത്തിരുന്ന ആദ്യദശകങ്ങളിൽ ഇപ്രകാരമുള്ള വിശ്വാസപ്രമാണങ്ങൾക്ക് ആവശ്യമില്ലായിരുന്നു. എന്നാൽ പുനരാഗമനം മാനുഷിക കണക്കുകൂട്ടലുകൾക്കനുസരിച്ച് വൈകുകയും കർത്താവിന്റെ നേരിട്ടുള്ള ശിഷ്യന്മാർ രക്തസാക്ഷികളാകുകയും പിൽക്കാലത്ത് സഭ ഒരു സമൂഹമായി വളരുകയും ചെയ്ത സാഹചര്യത്തിൽ വിശ്വാസ സത്യങ്ങൾക്ക് നിർവ്വചനവും വ്യക്തമായ ഒരു ചട്ടക്കൂടും ആവശ്യമായി വന്നു. കർത്താവിന്റെ പുനരാഗമനം മാനുഷിക കണക്കുകൾക്കനുസരിച്ചല്ലെന്നും ദൈവത്തിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയാകാമെന്നും എല്ലാവരും മാനസാന്തരപ്പെടുവാൻ ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുകയാണെന്നും വി. പത്രോസ്ശ്ലീഹാ തന്റെ ലേഖനത്തിൽ വിശ്വാസികളെ പ്രബോധിപ്പിക്കുന്നുണ്ട്. (2 പത്രോ. 3:8-10)

വി. അപ്പോസ്തോലന്മാരുടെ കാലശേഷം അവരാൽ പ്രഖ്യാപിക്കപ്പെട്ട വിശ്വാസ സത്യങ്ങൾക്ക് പലവിധത്തിലുള്ള തെറ്റായ വ്യാഖ്യാനങ്ങൾ ഉടലെടുക്കുകയും വിശ്വാസ വിപരീതമായ പഠിപ്പിക്കലുകൾ സഭയിൽ ഉടലെടുക്കുകയും ചെയ്ത സാഹചര്യങ്ങളിലാണ് വിശ്വാസപ്രമാണങ്ങൾ രൂപീകൃതമായത്. കൂടാതെ പരി.സഭ വളരെ പീഡനങ്ങളെ നേരിട്ട കാലങ്ങളിൽ വിശ്വാസം ഉറപ്പിച്ച് പ്രഖ്യാപിക്കുന്നതിനായി വിശ്വാസപ്രമാണം ഉപയോഗിച്ചു വന്നു. മിക്ക രക്തസാക്ഷികളും വീരമരണം പ്രാപിക്കുന്നതിനു മുമ്പ് ന്യായാധിപന്മാരുടെ മുമ്പിൽ വച്ച് വിശ്വാസം ഏറ്റു പറഞ്ഞിരുന്നു.

ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവുമായി ഏകദൈവത്തെ നാം ആരാധിക്കുന്നു എന്നുള്ളതാണ് കാതോലികവിശ്വാസം. അതായത് പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും വ്യത്യസ്തമായ ആളത്വം ഉണ്ടെന്നും എന്നാൽ സാരാംശത്തിൽ അഥവ ദൈവത്വത്തിൽ അവർ ഒന്നാണെന്നും നാം വിശ്വസിക്കുന്നു. പിതാവെങ്ങനയോ അങ്ങനെ പുത്രനും അങ്ങനെ പരിശുദ്ധ റൂഹായും ആകുന്നു. ഇതു മൂന്നും സൃഷ്ടിക്കപ്പെടാത്തതും അപ്രമേയവും നിത്യവുമാണ് എങ്കിലും മൂന്ന് നിത്യന്മാരില്ല, ഒരു നിത്യനേയുള്ളൂ. അതുപോലെ പിതാവ് സർവ്വശക്തനാണ്, പുത്രനും പരിശുദ്ധ റൂഹായും സർവ്വശക്തനാണ് എങ്കിലും മൂന്ന് സർവ്വശക്തന്മാരില്ല. ഒരു സർവ്വശക്തനേയുള്ളൂ. പിതാവും പുത്രനും പരിശുദ്ധ റൂഹായും ദൈവമാകുന്നു എങ്കിലും മൂന്നു ദൈവങ്ങളില്ല. ഒരു ദൈവമേയുള്ളൂ. അങ്ങനെ ഓരോ ആളത്വവും (Person) അവനിൽ തന്നെ ദൈവവും കർത്താവുമാകുന്നു എന്ന് വിശ്വസിക്കുന്നു എന്നതാണ് ത്രിത്വവിശ്വാസം. ഈ ത്രിത്വത്തിൽ ഒന്ന് മുമ്പോ, മറ്റൊന്ന് പിമ്പോ അല്ല. ഒന്നു വലുതോ മറ്റൊന്ന് ചെറുതോ അല്ല. പിന്നെയോ മൂന്ന് ആളത്വങ്ങളും ഒരുപോലെ നിത്യവും ഒരുപോലെ സമവുമത്രേ.

**ഒന്നാം ഖണ്ഡിക**

വിശ്വാസ പ്രമാണത്തിന്റെ ഒന്നാം ഖണ്ഡികയിൽ നാം വിശ്വസിക്കുന്ന ദൈവം ആരാകുന്നു എന്ന പ്രഖ്യാപനമാണ്. **അവൻ ഏകനാണ് - പിതാവാണ് -സൃഷ്ടാവാണ്.** എല്ലാറ്റിന്റെയും ഉറവിടവും ശ്രോതസ്സും (origin & source) ദൈവമാണ്.

**1. ദൈവം പിതാവാണ്**

പഴയനിയമത്തിൽ ദൈവം മനുഷ്യന് അടുത്തു കൂടാൻ പാടില്ലാത്തവനും, കോപിഷ്ഠനും, വിധിക്കുന്ന ന്യായാധിപതിയും ഒക്കെയാണ്. എന്നാൽ പുതിയ നിയമത്തിൽ യേശു വെളിപ്പെടുത്തിയ ദൈവം സ്നേഹമുള്ള പിതാവാണ്. ധൂർത്തപുത്രന്റെ പിതാവിനെപ്പോലെ അകന്നുപോയ മകന്റെ തിരിച്ചു വരവിനുവേണ്ടി കാത്തിരിക്കുന്ന, ശിക്ഷിക്കുകയോ ശാസിക്കുകയോ ചെയ്യുന്നതിനു പകരം വാരിപ്പുണരുന്ന, ദാസത്വം ചോദിച്ചവന് പുത്രത്വം നൽകുന്ന പിതാവാണു ദൈവം. അപ്പം ചോദിക്കുന്ന മകന് കല്ലോ, പാമ്പോ, തേളിനേയോ കൊടുക്കാതെ ചോദിച്ചത് അധികമായി നൽകുന്ന ഒരപ്പൻ (ലൂക്കോ.11:9-13). അബ്ബാ പിതാവേ എന്നു വിളിക്കുവാനുള്ള പുത്രത്വത്തിന്റെ ആത്മാവിനെ നൽകിയവൻ (റോമ. 8:15)

**2. ദൈവം സൃഷ്ടാവാണ്**

ഒരു സൃഷ്ടിയും താനേ ഉളവായതല്ല. സൃഷ്ടി ഉണ്ടെങ്കിൽ അതിന്റെ പിന്നിൽ ഒരു സൃഷ്ടിതാവുണ്ട്. ഒന്നും പരിണാമത്തിലൂടെ ഉളവാകുന്നതല്ല. സൃഷ്ടികളിൽ മനുഷ്യന്റെ ബാഹ്യനേത്രങ്ങളാൽ കാണപ്പെടുന്നവയും കാണപ്പെടാത്തവയുമുണ്ട്. നമ്മുടെ ശരീരത്തിലെ ആന്തരിക അവയവങ്ങളെ നാം കാണുന്നില്ല. എന്നാൽ അവ ഉള്ളതുകൊണ്ടാണ് ബാഹ്യ അവയവങ്ങൾ നിലനിൽക്കുന്നത്. അതുപോലെ മനുഷ്യന്റെ ബാഹ്യനേത്രങ്ങൾക്ക് അഗോചരമായവയേയും സൃഷ്ടിക്കുന്നവനാണു ദൈവം.

**3. ദൈവം ഏകനാണ്**

പഴയ നിയമത്തിൽ അബ്രഹാമിലൂടെ ദൈവം തിരഞ്ഞെടുത്ത ഇസ്രായേൽ ജനം ഏകദൈവത്തിലാണ് വിശ്വസിച്ചത്. മനുഷ്യരുടെ ഇടയിൽ ബഹു ദൈവവിശ്വാസം ഉണ്ടായിരുന്ന കാലത്ത് അബ്രഹാമിനെ വിളിച്ച് വേർതിരിച്ച ദൈവം തന്റെ ഏകത്വം വെളിപ്പെടുത്തിക്കൊടുത്തു. ഇസ്രായേൽ ജനം ഏക ദൈവവിശ്വാസം ഏറ്റു പറഞ്ഞിരുന്ന പ്രാർത്ഥന 'ഷേമ' എന്ന പേരിൽ അറിയപ്പെടുന്നു. പുതിയ നിയമത്തിൽ യേശു വെളിപ്പെടുത്തിയ ദൈവവും ഏകനാണ്. നാം ദൈവത്തെയല്ല ദൈവത്തിലാണ് വിശ്വസിക്കുന്നത്.

(തുടരും)

# വിജയം

അഞ്ചു ലിജോ (M.S.W.) ഇലവൻകളം, വാലടി

ബുദ്ധൻ ഒരു ഗ്രാമത്തിലൂടെ സഞ്ചരിക്കുകയായിരുന്നു. ബുദ്ധനെ കണ്ട് ഗ്രാമവാസികൾ കുറെപ്പേർ ഓടിക്കൂടി കളിയാക്കാനും, ശകാരിക്കാനും തുടങ്ങി. അവർക്കറിയാവുന്ന മോശം പദങ്ങളെല്ലാം അവർ ഉപയോഗിച്ചു. ഇതു കേട്ടു ബുദ്ധൻ പറഞ്ഞു: 'നിങ്ങൾ എന്റെയടുത്തേക്കു വന്നതിൽ സന്തോഷം. പക്ഷെ ഞാൻ അടുത്ത ഗ്രാമത്തിലേക്കുള്ള യാത്രയിലാണ്. അവിടെ കുറെപ്പേർ എന്നെ കാത്തിരിക്കുന്നു. നാളെ തിരിച്ചു വരുമ്പോൾ കൂടുതൽ സമയം ഉണ്ടാവും. ബാക്കി കാര്യങ്ങൾ നാളെ പറയാം'. ഗ്രാമവാസികൾ അന്തം വിട്ടുപോയി. അവർ ചോദിച്ചു 'നിങ്ങൾ ഞങ്ങൾ പറഞ്ഞതൊന്നും കേട്ടില്ലേ. ഞങ്ങൾ നിങ്ങളെ ചീത്ത പറഞ്ഞതാണ്. നിങ്ങളെന്താണ് ഒന്നും മറുപടി പറയാഞ്ഞത്'?

ബുദ്ധൻ പറഞ്ഞു: 'നിങ്ങൾക്ക് ഒരുത്തരമാണ് വേണ്ടിയിരുന്നതെങ്കിൽ വളരെ വൈകിപ്പോയി. പന്ത്രണ്ട് വർഷം മുമ്പായിരുന്നെങ്കിൽ ഞാൻ ഉത്തരം നൽകിയേനേ. എന്നാൽ ഇപ്പോൾ മറ്റുള്ളവരാൽ സ്വാധീനിക്കപ്പെടുന്നത് ഞാൻ അവസാനിപ്പിച്ചു' ഇപ്പോൾ ഞാൻ ആരുടെയും അടിമയല്ല. എന്റെ തന്നെ യജമാനനാണ്. നിങ്ങൾക്കെന്നെ ശകാരിക്കണമായിരുന്നു. ശകാരിച്ചു. നിങ്ങൾക്ക് തൃപ്തിയായി. എന്നാൽ ഇതൊന്നും എന്നെ ബാധിക്കുന്നില്ല. നിങ്ങളുടെ നിന്ദയെയും സ്തുതിയെയും ഒന്നും തന്നെ ഞാൻ സ്വീകരിക്കുന്നില്ല. ഞാൻ അത് സ്വീകരിക്കാത്തിടത്തോളം അതെല്ലാം നിരർത്ഥകങ്ങളാണ്.

ഇതാണ് ജ്ഞാനിയായ ഗുരുവിന്റെ ശ്രേഷ്ഠത. സ്തുതിയിലും, നിന്ദയിലും, മൗനത്തിലും, അപമാനത്തിലും എല്ലാം ഒരുപോലത്തെ മനോഭാവം.

ഉള്ളിലുള്ള ദൈവത്തെ തിരിച്ചറിയുന്നവർക്ക് ആത്മനിന്ദ ഉണ്ടാവില്ല. ദൈവവിശ്വാസം മാറ്റുരച്ചു നോക്കുന്നത് ആത്മവിശ്വാസത്തിലാണ്. ദൈവസ്നേഹം ഉറപ്പിക്കുന്നത് ആത്മസ്നേഹത്തിലാണ്. സ്വയം അവനവനെ തന്നെ സ്നേഹിച്ചു വിശ്വസിക്കുന്നവൻ അപരനെയും സ്നേഹിച്ചു വിശ്വസിച്ചുകൊള്ളുന്നു. സ്വയം നിന്ദിക്കാത്തവൻ അപരനെയും നിന്ദിക്കില്ല. ആത്മനിന്ദയാണ് പരനിന്ദ. ക്രിസ്തു നിന്ദ്യമായ സ്ലീബാമരത്തെ ജീവവൃക്ഷമാക്കി ഉയർത്തിയതുപോലെ ക്രിസ്തു ഉള്ളിലുള്ളവൻ ഏതു നിന്ദ്യമായ പ്രതികൂല സാഹചര്യത്തെയും വന്ദനീയമായി ഉയർത്തുന്നു. പൈശാചികവും പ്രാകൃതവും മൃഗീയവുമായ പാതാളതുല്യമായ അനുഭവങ്ങളുടെ അധമബോധത്തെ പറുദീസായുടെ പരിശുദ്ധിയിലുയർത്തി പവിത്രബോധമാക്കിത്തീർക്കുന്നു ക്രിസ്തുവിനെ ഉള്ളിന്റെ ഉള്ളിൽ അനുഭവിച്ചു രുചിച്ചറിയുന്നവർ. ദൈവവുമായുള്ള ബന്ധത്തിൽ നിന്നും വേർപെട്ട് അപകർഷതയുടെ അധമപാതാളക്കുഴികളുടെ തരം താഴ്ന്ന ഊർജ്ജവലയങ്ങളുടെ പൈശാചിക ബന്ധത്തിലകപ്പെട്ടു കഷ്ടത അനുഭവിക്കുന്നവരെ, ക്രിസ്തുവിന്റെ ദിവ്യബലിയെന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ 'പ്രജാപതി യാഗത്തിലൂടെ' സത്യബോധമുള്ള ക്രിസ്ത്യാനികൾ സ്വന്തം ജീവിതത്തിലും ക്രിസ്തുവിന്റെ ബലി പിൻതുടർന്ന് പരിശുദ്ധാത്മാവിന്റെ ഊർജ്ജ വലയങ്ങളുടെ ശക്തിയിൽ, ദൈവീകമായ പരമപുണ്യത്തിന്റെ പവിത്രമായ ഉയർന്ന ബോധത്തിലേയ്ക്കുയർത്തുന്നു. സത്യക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ 'ശുദ്ധീകരണ കർമ്മം' ഇന്നും തുടരുന്നു. പാപത്തെ സഹിച്ചു, പാപത്തെ വെറുത്ത്, പാപിയെ സ്നേഹിച്ചു, പാപിയെ പരിശുദ്ധനാക്കിയ ക്രിസ്തുവിന്റെ കർമ്മം പിന്തുടരുന്നവരാണ് യഥാർത്ഥ ക്രിസ്ത്യാനി. അവർ സമൂഹത്തിൽ വ്യാപരിക്കുന്ന അധർമ്മത്തിന്റെ മർമ്മങ്ങളെ തിരിച്ചറിഞ്ഞു, തരം താഴ്ന്ന നെഗറ്റീവ് ഊർജ്ജങ്ങളെ ക്രിസ്തുവിന്റെ ദിവ്യബലിക്കു തുല്യമായ മാനസിക അവസ്ഥയിൽ അതിജീവിച്ച്, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഉയർന്ന സംശുദ്ധമായ സ്വർഗ്ഗീയ ഊർജ്ജതലങ്ങളിലേയ്ക്ക് ഉയർത്തുന്നു. താൻ ആരെയും നിന്ദിക്കുന്നില്ല. ആരുടെയും നിന്ദകളാൽ ബാധിക്കപ്പെടുന്നുമില്ല. കല്ലേറുകളെ പൂമാലകളാക്കി കഴുത്തിലണിയും. വിവാദങ്ങളെ ആത്മവാദത്തിന്റെ ഉന്നതിയിൽ 'പരബ്രഹ്മ' സംവാദമാക്കുന്നു. മറ്റുള്ളവരുടെ വിമർശനങ്ങളെ, ആത്മവിമർശനങ്ങളിലൂടെ ആത്മാവബോധത്തിന്റെ ഊർജ്ജമാക്കുന്നു. അപമാനങ്ങളെ പുതിയ ആത്മീയ മാനങ്ങളിലേയ്ക്കുയർത്തി മാനമാക്കുന്നു. തന്നിലേയ്ക്ക് എറിയപ്പെടുന്ന കല്ലുകളെ, ആത്മീയ അനുഗ്രഹങ്ങളുടെ ലക്ഷ്യത്തിലേക്കുയർത്തുന്ന ചവിട്ടുപടികളാക്കി (ഗോവണി) മാറ്റിയെടുക്കുന്നു. മുൾക്കിരീടങ്ങൾ രാജരത്നകിരീടങ്ങളാക്കുന്നു. മുറിവുകളിൽ സ്വർഗ്ഗീയ അനുഭൂതികളുടെ പൂക്കളുണർത്തുന്നു. വേദനകളിൽ ബ്രഹ്മവിദ്യ ഉണരുന്നു. ഭക്തിയോഗം കർമ്മയോഗമാക്കിയ നിസ്വാർത്ഥരായ ഒന്നും പ്രതീക്ഷിക്കാതെ ജീവിതം യാഗമാക്കി പരോപകാര പുണ്യത്തിലൂടെ സമൂഹത്തിനെ മോക്ഷപഥത്തിലേയ്ക്കുയർത്തുന്ന ദൈവമക്കളുടെ ജീവിതം തന്നെ അമൃതാണ്, നിത്യജീവന്റെ അപ്പമാണ് സ്വർഗ്ഗീയ മന്ന. സ്വയം കുർബ്ബാനയായിത്തീരേണ്ട ദിവ്യബലിയാവണം ഓരോ ക്രിസ്ത്യാനിയും. അവനു മാത്രമേ 'ക്രിസ്ത്യാനി' എന്ന അനുഭവത്തിനു അർഹതയുള്ളൂ.

ഉള്ളിന്റെയുള്ളിൽ ഉജ്ജ്വലിക്കുന്ന ദൈവാത്മപ്രകാശം വ്യക്തിത്വങ്ങളിൽ പ്രതിഫലിക്കണം. 'അവങ്കലേയ്ക്കു നോക്കിയവർ പ്രകാശിതരായി അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല' (ബൈബിൾ). സ്വന്തം ബോധകേന്ദ്രത്തിൽ ഉണരുന്ന പരിശുദ്ധാത്മാവിനെ ഉത്തേജിപ്പിച്ചുണർത്തി ഊർജ്ജം വലിച്ചെടുത്ത് പരിശുദ്ധാത്മ സ്വരൂപമായി മാറുന്നവർ ഒരിക്കലും ലജ്ജിക്കേണ്ടി വരാത്ത ആത്മധൈര്യവും, ആത്മവിശ്വാസവും, ആത്മബലവും സ്വന്തമാക്കുന്നു. പരിശുദ്ധമായ ആത്മാവിന്റെ ശക്തിയെ ഒരിക്കലും ആർക്കും തോൽപ്പിക്കുവാനോ വ്രണപ്പെടുത്തുവാനോ സങ്കടപ്പെടുത്തുവാനോ, ബലഹീനമാക്കുവാനോ കഴിയില്ല. സകല ബുദ്ധിയെയും കവിയുന്ന ദൈവിക സമാധാനം ഉള്ളിലുള്ളവരുടെ സ്വസ്ഥത കെടുത്തുവാൻ ഒരു ക്ഷുദ്രശക്തിക്കും കഴിയുകയില്ല.



അവനെ ബഹുമാനിക്കുന്നവൻ (Self respect) എല്ലാവരെയും ബഹുമാനപൂർവ്വം അംഗീകരിക്കുകയും, മറ്റുള്ളവരാൽ ബഹുമാനിക്കപ്പെടുകയും ചെയ്യും. അവനവനെ ഇഷ്ടപ്പെടുന്നവർ (Self Love) എല്ലാവരാലും സ്നേഹിക്കപ്പെടുകയും, തന്നെപ്പോലെ തന്നെ അയൽക്കാരനെയും സ്നേഹിക്കുകയും ചെയ്യും. പാകമായ പക്വമായ ദൈവവിശ്വാസമാണ് ആത്മവിശ്വാസം. എന്തിനെയും നേരിടുവാനുള്ള ധൈര്യവും. ചങ്കൂറ്റവും ലഭിക്കുന്നത് അവനവനെ വിശ്വസിച്ച് (Self trust) അംഗീകരിക്കുമ്പോഴാണ് (Self acceptance) ഒന്നിനാലും ആരാലും ബാധിക്കപ്പെടാതെ സ്വയം ഉള്ളിലുള്ള പരിശുദ്ധാത്മാവിനാൽ ബലപ്പെടുന്നത് (Self Motivation) ആത്മശക്തിയുടെയും, ഉയർന്ന ആത്മീയ ഊർജ്ജനിലവാരങ്ങളുടെയും ഉൾബലം. നിരന്തരം ആവർത്തിക്കപ്പെടുന്ന ധ്യാനം, പാട്ട്, വചനം, പ്രാർത്ഥനയുടെ ഈരടി, വാക്യം, മന്ത്രം തുടങ്ങിയവ മനസ്സിന്റെ ഊർജ്ജത്തിന്റെ ഭാഗമായി ആത്മബോധത്തെ ഉണർത്തുന്നു. ഹൃദയമിടിപ്പുപോലെ ശ്വാസോച്ഛ്വാസം പോലെ പ്രാർത്ഥനയും ഉള്ളിലുണർന്നു ജീവന്റെ താളമായി മാറുമ്പോൾ 'നിത്യജീവന്റെ' സുകൃതം ഭൂമിയിൽ ജീവനോടിരിക്കുമ്പോൾ തന്നെ അനുഭവിക്കാം. പോസിറ്റീവ് ധ്യാന ചിന്തകളാൽ, നെഗറ്റീവ് ചിന്തകളെ കീഴടക്കി മനസ്സിനെ ജയിക്കുക, ആത്മാവിനെ ബലപ്പെടുത്തുക.

ആയിരം വിദ്യ ആയിരം തവണ അഭ്യസിക്കുന്നതിനെക്കാൾ, ഒരു വിദ്യ ആയിരം തവണ അഭ്യസിക്കുന്നവനെ ഒരിക്കലും ആർക്കും തോൽപ്പിക്കുവാനാകില്ല എന്നു മഹാൻമാർ പറയുന്നുണ്ട്. മനസ്സിൽ ആവർത്തിക്കപ്പെടുന്ന 'വചന ധ്യാന മന്ത്രം' നമ്മുടെ ശക്തിയായി, നമ്മളായി മാറുന്നു.

ശാന്തമായ സ്ഥലത്തു സ്വസ്ഥമായിരുന്നു ഏകാന്തതയിൽ മൗനമായി ദൈവവചനം, ദൈവസംഗീതം ഉള്ളിൽ ആവർത്തിച്ചു നിരന്തരം ധ്യാനിച്ചുറപ്പിക്കണം.ചിന്തയിൽ പരിശുദ്ധാത്മാവിനെ ഊട്ടി വളർത്തണം.

മനുഷ്യന്റെയുള്ളിലെ പാപചിന്തകളെ, വികാരവിചാരങ്ങളെ സ്തംഭിപ്പിച്ച് അകറ്റി സംശുദ്ധമാക്കി യേശുക്രിസ്തുവിന്റെ ജീവിതവും മരണവും ഉയിർപ്പും വിധി മുതൽ വധം വരെയുള്ള മൗനവും പിതാവിന്റെ ഇഷ്ടത്തിനായി സ്വയം വിട്ടുകൊടുത്തു പിതാവിൽ തന്നെത്തന്നെ ഉറപ്പിച്ച്, പിതാവിന്റെ പവിത്രമായ ബോധകേന്ദ്രത്തിൽ ശക്തമായി ശ്രദ്ധിച്ചു നിലയുറപ്പിച്ച ക്രിസ്തുവിനെ പിന്തിരിപ്പിക്കുവാനൊ തകർക്കുവാനൊ ഒരു വാദപ്രതിവാദത്തിനൊ ന്യായവിധിക്കൊ, പീഡാസഹനങ്ങൾക്കൊ സാത്താന്റെ പരീക്ഷണങ്ങൾക്കൊ, ക്രൂശുമരണത്തിനൊ കഴിഞ്ഞില്ല. യേശു നന്മയാൽ തിന്മയെ ജയിച്ചു. ജീവിതം തന്നെ പുണ്യമാക്കി. പാപത്തെ കീഴടക്കി, സ്വന്തം നൈർമല്യത്തിൽ മനുഷ്യവംശത്തിന്റെ പാപങ്ങളെ കഴുകിക്കളഞ്ഞു വെണ്മയാക്കി.

കല്ലേറുകളിൽ പീഡിപ്പിക്കപ്പെടുമ്പോഴും സ്തേഫാനോസ് ശെമ്മാശൻ മുകളിലേക്കു നോക്കിയപ്പോൾ തുറന്ന സ്വർഗ്ഗത്തിൽ ദൈവപുത്രൻ കരുണയോടെ തന്നെത്തന്നെ ഉറ്റുനോക്കുന്ന ദൈവദൃഷ്ടിയിൽ ഭക്തിയോടെ ശ്രദ്ധാപൂർവ്വം നോക്കി നിന്ന് മരണത്തെ ജയിച്ചു നിത്യജീവനും ഉയരത്തിലുള്ള കൃപകളും പ്രാപ്തമാക്കി.

ഏതു പ്രതികൂല ഘട്ടങ്ങളിലും സ്വന്തം വിശ്വാസത്തിലും, ഏറ്റെടുത്ത ദൗത്യത്തിലും എടുത്ത നിലപാടിൽ തന്നെ ഉറച്ചു നിന്നു ലക്ഷ്യം നേടുന്നവരാണ് നിത്യവിജയികൾ. മരണത്തിനുപോലും അവരെ തോൽപ്പിക്കുവാനാവില്ല. അവർക്കു മരണംപോലും ഒരു ആഘോഷമാണ്. നിത്യ ആനന്ദത്തിന്റെ കവാടമാണ്.

നിഷ്കളങ്കരായ മനുഷ്യർ എപ്പോഴും ചൂഷണം ചെയ്യപ്പെടുന്നതിനു കാരണം അവർക്ക് നെഗറ്റീവ് അറിയില്ല. ഏതു ദുഷ്ട മനുഷ്യനും ഒരു നല്ല ഹൃദയമുണ്ടെന്ന് അവർ അന്ധമായി വിശ്വസിക്കുന്നു. അങ്ങനെ അവർ 'ശത്രുക്കളെ സ്നേഹിക്കുക, ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കു' എന്ന ക്രിസ്തുവിന്റെ മൊഴികൾ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നു. ദുഷ്ടൻമാരോട് പലരും ക്ഷമിക്കുന്നത് ദുഷ്ടൻമാരുടെ അർഹത കൊണ്ടല്ല, മറിച്ച് സ്വന്തം സ്വസ്ഥത ഭദ്രമാക്കുവാനാണ്. വെറുപ്പ്, അസ്വസ്ഥത, രോഗങ്ങൾ പ്രശ്നങ്ങൾ ഉളവാക്കുന്നു. സ്നേഹം, ക്ഷമ സർവ്വരോഗത്തിനും ഉത്തമ മരുന്നാണ്. സന്തുഷ്ട ഹൃദയം നല്ലൊരു ഔഷധം. സന്തോഷത്തിനു സൗഹൃദവും ശുദ്ധമായ ബന്ധങ്ങളും അത്യാവശ്യമാണ്. സ്നേഹിക്കുവാനും, സ്നേഹിക്കപ്പെടുവാനും ക്ഷമ, സഹനം, ത്യാഗം അത്യാവശ്യമാണ്. സ്വയം അവനവനെ ബഹുമാനിക്കുന്നവർ അപരന്റെ ആരോപണങ്ങളെ വകവയ്ക്കാതെ, സ്വയം വിശ്വസിച്ച് സ്വന്തം സത്യത്തിൽ ഉറച്ചുനിന്ന് (Self trust) ആത്മവിശ്വാസത്തോടെ, ആത്മധൈര്യത്തോടെ, പുറം ലോകത്താൽ ബാധിക്കപ്പെടാതെ (Detachment) അകം ലോകത്തിലേയ്ക്ക് ദൈവികമായ ശുദ്ധബോധത്തിന്റെ കേന്ദ്രത്തിലേക്കു സ്വസ്ഥമായെത്തിച്ചേർന്നു മോക്ഷം പ്രാപിക്കുന്നു.

"In the war of ego,only 1ooser wins" അഹങ്കാരത്തിന്റെ അടർക്കളത്തിൽ അഹങ്കാരം നഷ്ടപ്പെടുന്നവൻ മാത്രമാണ് വിജയിക്കുന്നത്. ശാശ്വതമായ വിജയത്തിനു 'അഹം കേന്ദ്രീകൃത വ്യക്തിത്വം' ഒരു തടസ്സം തന്നെയാണ്. സ്വാർത്ഥത, അസൂയ, പക, വെറുപ്പ്, അത്യാഗ്രഹങ്ങൾ, മത്സരബുദ്ധി, അംഗീകാരത്തിനുവേണ്ടിയുള്ള ദാഹം, ആഡംബര ഭ്രമങ്ങൾ, സ്വയം പ്രദർശന കമ്പങ്ങൾ, വാശി, വൈരാഗ്യം, ദുരഭിമാനം തുടങ്ങിയവയൊക്കെത്തന്നെ അഹങ്കാരബോധത്തിന്റെ ഉല്പന്നങ്ങളാണ്. ഇവയെ കീഴടക്കി തോൽപ്പിക്കുന്നതാണ് യഥാർത്ഥ 'ജീവിത വിജയം'. ഒരുവൻ അവനവനോടു തന്നെയാണ് യുദ്ധം ചെയ്ത്, ഉള്ളിലെ നെഗററീവുകളെ പോസിറ്റീവുകളാൽ കീഴടക്കേണ്ടത്. അങ്ങനെയുള്ളവരെ ആർക്കും ഒന്നിനാലും തോൽപ്പിക്കുവാനാകില്ല. പ്രശ്നങ്ങളോട് പ്രതികരിക്കാതെ, എപ്പോഴുമൊരു പുഞ്ചിരിയിൽ ബലപ്പെട്ട് ഉള്ളിൽ സ്വസ്ഥമായിരിക്കുന്നതാണ് യഥാർത്ഥ വിജയം.

●



എബി

# മാർഗരി വില്യംസ്

## മുയലിനെ കഥാപാത്രമാക്കിയ എഴുത്തുകാരി

കേട്ടാൽ അത്ഭുതം തോന്നും. ഒരു മുയൽപാവയുടെ കഥയെഴുതി പ്രശസ്തയായി തീർന്നു. ആ രചനയുടെ പ്രതികൾ ദശലക്ഷക്കണക്കിന് വിറ്റഴിയുന്നു. ഇപ്പോഴും പുതിയ പതിപ്പുകൾ ഇറങ്ങുന്നു. ലോകമെമ്പാടും വായിക്കപ്പെടുന്നു. അത് ബാലസാഹിത്യത്തിലെ അനശ്വര ക്ലാസ്സിക്കുകളിൽ ഒന്നായി മാറുന്നു. ഇതെഴുതിയ അമേരിക്കൻ എഴുത്തുകാരിയാണ് മാർഗരി വില്യംസ്. അവരെഴുതിയ പുസ്തകത്തിന്റെ പേരാണ് 'ദി വെൽ വെറ്റീൻ റാബിറ്റ്' ഇതെഴുതിയിട്ട് ഒരു നൂറ്റാണ്ടിലേറെയാകുന്നു.

1881 ജൂലൈ 22 ന് ലണ്ടനിലാണ് മാർഗരി വില്യംസ് ജനിച്ചത്. റോബർട്ട് വില്യംസിന്റെയും ഫ്ളോറൻസ് വില്യംസിന്റെയും രണ്ടാമത്തെ മകളാണ്. റോബർട്ട് വില്യംസ് നല്ലയൊരു ബാരിസ്റ്ററായിരുന്നു. മാർഗരിയുടെ ഭർത്താവ് ഫ്രാൻസെസ്ക്കോ ബിയാൻകൊ. അവർ 1904 ൽ വിവാഹം കഴിച്ചു. ആ ദാമ്പത്യത്തിൽ രണ്ടു മക്കളുണ്ടായി, ഒരാണും ഒരു പെണ്ണും. മകന്റെ പേര് സെക്കോ, മകൾ പമേല.



മാർഗരി ഷാരോൺ ഹഗില്ലിലെ കോൺവെന്റ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടി. 17 വയസ്സുവരെ അവിടെ പഠിച്ചു. 19-ാം വയസ്സു മുതൽ എഴുതാൻ തുടങ്ങി. പിന്നീട് 1907 ൽ പാരീസിലേക്കു പോയി. അവിടെയിരുന്നും എഴുത്തു തുടർന്നു. പിന്നീട് 1921 ൽ അമേരിക്കയിൽ തിരിച്ചെത്തി ഗ്രീൻവിച്ച് വില്ലേജിൽ സ്ഥിരതാമസം തുടങ്ങി.

1922-ൽ ദി വെൽ വെറ്റീൻ റാബിറ്റ് എന്ന കൃതി രചിച്ചു. അതിനുള്ള ചിത്രങ്ങൾ വരച്ചത് മകളായ പമേലയാണ്. അതിന്റെ കഥയിങ്ങനെ:-

ക്രിസ്തുമസ് കാലത്ത് കുട്ടികൾക്കു കിട്ടിയ ഒരു സമ്മാനം മുയൽപാവയായിരുന്നു. കുറെനേരം അതിനോടൊപ്പം കളിച്ചശേഷം അതിനെ മറ്റു പാവകളുടെ കൂട്ടത്തിൽ തള്ളി. കളിപ്പാട്ടങ്ങളുടെ കൂട്ടത്തിലുണ്ടാകുന്ന തുകൽ കുതിര അവനോടു പറഞ്ഞു.

ഒരു കുട്ടി നിന്നെ വളരെക്കാലം സ്നേഹിച്ചാൽ നീ യഥാർത്ഥ മുയലായി മാറും. ജീവനുള്ള ഒരു യഥാർത്ഥ മുയലായി മാറാൻ അവൻ കൊതിച്ചു. കുട്ടി ഉറങ്ങാൻ കിടക്കുമ്പോഴും കളിപ്പാട്ടങ്ങൾ അരികിൽ തന്നെയുണ്ടായിരുന്നു. പതിവുള്ള കളിപ്പാട്ടം കണ്ടുകിട്ടാതെ ഒരു ദിവസം 'നേഴ്സറി നോക്കിയിരുന്ന നാന' അവന്റെ കൈയ്യിൽ വച്ചുകൊടുത്തത് മുയൽ പാവയെ ആയിരുന്നു. അങ്ങനെ സമയം കിട്ടുമ്പോഴൊക്കെ അതിനോടൊപ്പം കളിച്ച് അവർ വലിയ കൂട്ടുകാരായി.

ക്രമേണ പാവയുടെ പുറത്തെ ഉടുപ്പുകൾ മുഷിഞ്ഞുവന്നു. അകത്തുള്ളതെല്ലാം പൊളിഞ്ഞ് പുറത്തേക്കു വരാൻ തുടങ്ങി. മുയൽ കരുതി: കുട്ടിക്കെന്നെ ഇഷ്ടമാണ് ഞാൻ ജീവനുള്ള മുയലാകും.

ഇതിനിടയിൽ കുട്ടിക്ക് അസുഖമായി - സ്കാർ ലെറ്റ് ഫിവർ' (സാംക്രമിക വിഷജ്വരം). അണുബാധയുള്ള പാവകളെല്ലാം കത്തിച്ചു കളയണമെന്ന് ഡോക്ടർ പറഞ്ഞു. ആ കൂട്ടത്തിൽ മുയൽപാവയും പെട്ടു. അവിടെ പനിപിടിച്ചു വിറച്ചുകിടക്കുമ്പോൾ മുയൽപാവ ഓർത്തു. ഇതെല്ലാം എന്തിനുവേണ്ടിയായിരുന്നു. സങ്കടം കൊണ്ട് കണ്ണു നിറഞ്ഞു. ശരിക്കും ഒരു തുള്ളി കണ്ണുനീർ ഇറ്റുവീണു. ആ കണ്ണുനീർ തുള്ളിയിൽ നിന്നും ഒരു പൂവ് വിരിഞ്ഞു. പൂവിൽ നിന്ന് ഒരു മാലാഖ പുറത്തുവന്ന് മുയലിന് ജീവൻ പകർന്നു കൊടുത്തു. മുയൽപാവ അങ്ങനെ തനി മുയലായി.

നീ എങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതല്ല യഥാർത്ഥമായത്. ഒരു കുട്ടി നിന്നെ ഒരുപാടുകാലം സ്നേഹിച്ചു കൊണ്ടിരിക്കുമ്പോൾ നിനക്കു സംഭവിക്കുന്ന മാറ്റമാണ് പ്രധാനം. വെറുതെ ഒപ്പം കളിക്കാനല്ലാതെ യഥാർത്ഥമായി നിന്നെ സ്നേഹിക്കുമ്പോൾ നീ യഥാർത്ഥത്തിലുള്ളതായി മാറുന്നു എന്ന തുകൽ കുതിരയുടെ വാക്കുകളാണ് ഇതിലെ മെസ്സേജ്.

സങ്കടവും പ്രതീക്ഷയും അതിജീവനവുമെല്ലാം നിറഞ്ഞ ഈ പുസ്തകം ഇറങ്ങിയിട്ട് ഒരു നൂറ്റാണ്ടിലേറെയായി. 1922 ൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ പുസ്തകത്തിന് ഇപ്പോഴും പുതിയ പതിപ്പുകൾ ഇറങ്ങുന്നു. ഇത് ബാലസാഹിത്യത്തിലെ ക്ലാസിക്കുകളിൽ ഒന്നായി കരുതപ്പെടുന്നു.

ഈ പുസ്തകം എഴുതുന്നതിനു മുമ്പ് മാർഗരി എഴുത്തുകാരിയെന്ന നിലയിൽ പ്രശസ്തയായിരുന്നില്ല. അപ്പോഴേക്കും മകൾ പമേല ഒരു നല്ല ചിത്രകാരിയായി പേരെടുത്തിരുന്നു. മാർഗരി കഥയെഴുതി പമേല ചിത്രങ്ങൾ വരച്ചു. അങ്ങനെ 'ഹാർപേഴ്സ് ബസാർ' എന്ന പ്രസിദ്ധീകരണം പ്രസിദ്ധീകരിച്ച പുസ്തകമാണ് 'ദി വെൽ വെറ്റീൻ റാബിറ്റ്'. ബാലസാഹിത്യത്തിൽ അതൊരു തരംഗമായി മാറി. മുയൽ പാവയുടെ കണ്ണീരിനൊപ്പം മാർഗരി എന്ന എഴുത്തുകാരിയും അനശ്വരയായി.

മാർഗരി 25 നോവലുകൾ എഴുതിയിട്ടുണ്ട്. IRA/CBC Children Choice എന്ന അവാർഡ് നേടി.

63-ാം വയസ്സിലായിരുന്നു മാർഗരി വില്യംസിന്റെ അന്ത്യം. മൂന്നു ദിവസത്തെ ആശുപത്രി വാസത്തിനു ശേഷം 1944 സെപ്റ്റംബർ നാലിന് ന്യൂയോർക്കിൽ വച്ച് അന്തരിച്ചു. അങ്ങനെ മുയൽ പാവയുടെ കണ്ണീരിന് ജീവൻ പകർന്ന ആ അമേരിക്കൻ എഴുത്തുകാരി കാലയവനികയ്ക്കുള്ളിൽ മറഞ്ഞെങ്കിലും ലോകമെമ്പാടുമുള്ള ബാലമനസ്സുകളിൽ ഇന്നും ജീവിക്കുന്നു.




## വരനെ ആവശ്യമുണ്ട്

**M. 828**

B.Tech Computer Science & Engineering കഴിഞ്ഞ് Bangalore ൽ M.N.C. Company ൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/161cm) ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9645703423, 9645782584

**M. 829**

Knanaya parents invite proposals for their daughter (25/5'4") brought up and studied (MBA) in Dubai, now working in a reputed firm in Dubai. Seeking suitable alliance from parents of professisonally qualified boys below 30. Boys brought up outside Kerala preferred.

Ph: 7736931243, 8089160889

**M. 830**

Knanaya parents invite proposals for their daughter (25/150cm). She is completed her Bachelors in Cardio vascular Technology and currently working as Cardiac Physiologist in NHS Trust Hospital, United Kingdom. Seeking alliance from parents of professisonally qualified and God fearing boys (Boys from medical field are highly preferred). Ph:+91 9447914624, +91 8138871666

**M. 831**

Knanaya parents invite proposals for their daughter (26/156 cm) M.Com, B.Ed, SET currenty working as Assistant Professor in a reputed self financing College. Seeking suitable alliance from parents of professionally qualified and God fearing boys. Ph: 9446288045, 9400517570

**M. 832**

B.C.A. കഴിഞ്ഞ് Front Office Manager ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (24/158 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9497224149, 9846502851

**M. 833**

Knanaya parents invite proposals for their daughter (29) Masters in Human Resource Management, currently working as officer recruitments in MNC, seeking alliance from parents of professionally qualified boys.

Ph: 09445687880

**M. 834**

MBA കഴിഞ്ഞ് Bangalore ൽ Multinational Bank ൽ Financial Analyst ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (28/152 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 6235229607 (Whatsapp) 7025648631

**M. 835**

M.Sc Physics കഴിഞ്ഞ ക്നാനായ യുവതിയ്ക്ക് (26/160 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 7025774 189, 7909131407

**M. 836**

Knanaya parents inviting proposal for their daughter (28/160 cm)- Fair, B.Sc nurse in UK (processing to go to Australia). Seeking suitable alliances from only professionally qualified boys preferably Engineers / B.Sc Nurses / Para medical / Management experts working in Australia / New Zealand / USA. The girl is expected to come to Kerala in September 2023 for one month leave.

Mob. 8209954044, 8113060046

## വധുവിനെ ആവശ്യമുണ്ട്

**M. 837**

കുവൈറ്റിൽ റിഗ്ഗ് ഓഫീസിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/175 cm) ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 9526236171

**M. 838**

Dubai -ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/164 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 9446858772

**M. 839**

Knanaya parents invite proposals for their son (29/165cms) BCA, MBA, working as Asst. Manager ICICI Bank Ernakulam. Ph: 9446739307

**M. 840**

Knanaya parents invite proposals for their son MBA (27/6'3" ) currently working as Financial Consultant in MNC, seeking alliance from parents of professionally qualified girls. Ph: 09445687880

**M. 841**

B.Tech (Mechanical Engineer) ബിരുദധാരിയും ഇപ്പോൾ Southen Railway ൽ ജോലി ചെയ്യുന്നതുമായ ക്നാനായ യുവാവ് (29/169 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9497613646, 9496827923

**M. 842**

B.Tech കഴിഞ്ഞ് തിരുവനന്തപുരത്ത് ഒരു പ്രശസ്ത കമ്പനിയിൽ Software Engineer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/167 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9415691377

**M. 843**

സ്വിറ്റ്സർലൻഡിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നതും സിറ്റിസൻഷിപ്പുള്ളതുമായ ക്നാനായ യുവാവിന് (32/178 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. ഐ.ടി. മേഖലയിലുള്ളവർക്കും അമേരിക്കയിലുള്ള ആർ.എൻ. പാസ്സായവർക്കും മുൻഗണന.

Ph: 0041764110560(Whatsapp), 9446200007 (Whatsapp)

**M. 844**

M.B.A. കഴിഞ്ഞ് ഇപ്പോൾ ദുബായിൽ MNC-യിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/175 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 8075088173

**M. 845**

ഹൈദരാബാദിൽ ഹൈസ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/160 cm, BA, B.Ed, Dialisis Technician Course Result waiting) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

9562481234

**M. 846**

സെൻട്രൽ ഗവൺമെന്റിൽ (CISF) ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/177 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 8304915268

**M. 847**

B.Com with Talley കഴിഞ്ഞ് ദുബായിൽ Five Star ഹോട്ടലിൽ അക്കൗണ്ട്സിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/167 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 7510902668

**M. 848**

Seeking proposals for our son raised in the middle east (29/177cm), MBA graduate possessing professional certification from the Govt. of South Korea currently employed as an IT Co-ordinator with an MNC in Bengaluru. Feel free to contact +9173068 01715, +13368495767 (Whatsapp).

**M. 849**

മസ്ക്കറ്റിൽ നേഴ്സായി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (34/175 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (നേഴ്സുമാർക്ക് മുൻഗണന) Ph. 9497775437

**M. 850**

B.Tech (Mechanical Engineer) ആയി അബുദാബിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/5'8") അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. ആഗസ്റ്റ് മാസം നാട്ടിൽ വരുന്നു.

Ph: 9744522291

**M. 851**

B.Sc MRIT പഠിച്ച് ഡൽഹിയിൽ ഒരു പ്രശസ്തമായ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/5'5") അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph:+ 91 8606141376

**M. 852**

Knanaya Parents invites proposals for their son B.Tech Mechanical (29/178 cm) doing own business. From parents of professionally qualified or employed girls. Mob. 9847672171, 8547552456

**M. 853**

Parents of a Knanaya boy (28/172cm) raised and working as a doctor in the UK are seeking proposals from the parents of well educated Knanaya girls. Preferably Doctors / BDS / MDS, CA etc...

Mob. 00447707623885 (Whatsapp)/ 00447877758677

**M. 854**

B.Com പാസ്സായി ഷാർജയിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/165cm) ഓഗസ്റ്റ് മാസം 15-നു മുൻപായി അവധിയ്ക്ക് വരുന്നതാണ്. അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph:8943220935, 8301002209

**M. 855**

B.Tech (EEE) കഴിഞ്ഞ് നാട്ടിൽ Export Business ചെയ്യുന്നതും, നിലവിൽ UK -ൽ MBA പഠിക്കുന്നതും, പഠനശേഷം നാട്ടിൽ settle ചെയ്യുന്നതുമായ ക്നാനായ യുവാവ് (28/170cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph:9447472905, 9447129518

**M. 856**

Knanaya parents employed in Qatar invite marriage proposals for their Son, age 28, 182 cm ht, B.Com, MBA in Logistics and supply chain management, currently working as a project Co-Ordinator in a multinational company in Qatar. Proposals are welcome from parents of professionally qualified girls, preferably working abroad.

Ph: 9496706881, 9846132629,
0097466159289 (Qatar)

## പുനർവിവാഹം

### വധുവിനെ ആവശ്യമുണ്ട്

**M. 857**

തന്റേതല്ലാത്ത കാരണത്താൽ നിയമപരമായി വിവാഹ ബന്ധം വേർപെടുത്തിയ B.Com കഴിഞ്ഞ് ബഹറിനിൽ Accounts ൽ ജോലി ചെയ്യുന്നതുമായ ക്നാനായ യുവാവിന് (29/5'7") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

WhatsApp + 91 8547795746, + 91 9495136937

**M. 858**

നിയമപരമായും സഭാപരമായും വിവാഹബന്ധം വേർപിരിഞ്ഞതും, U.K. പൗരത്വമുള്ളതും ജൂലൈ മാസം ആദ്യം നാട്ടിൽ അവധിക്ക് വരുന്നതുമായ ക്നാനായ യുവാവിന് (43/175cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph. 8547226526, 9605169681


### വരനെ ആവശ്യമുണ്ട്

**M. 859**

കുവൈറ്റിൽ നേഴ്സായി ജോലിചെയ്യുന്ന (ഭർത്താവ് മരിച്ചുപോയ) ക്നാനായ യുവതിയ്ക്ക് (35/160 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 8714876505

**M. 860**

GNM കഴിഞ്ഞ് കുവൈറ്റ് മിനിസ്ട്രി ഓഫ് ഹെൽത്തിൽ ജോലി ചെയ്യുന്ന 10 വയസ്സുള്ള ആൺകുട്ടിയുള്ള ക്നാനായ യുവതിയ്ക്ക് (38/152 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (OET പഠിച്ചുകൊണ്ടിരിക്കുന്നതിനാൽ യൂറോപ്യൻ കൺട്രിയിൽ ഉള്ളവർക്ക് മുൻഗണന) WhatsApp No. 00965-50471417`



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

പരിശുദ്ധാത്മാവിന് സമർപ്പണം
ഒരു വിശ്വാസി, വടശ്ശേരിക്കര
ഒരു വിശ്വാസി, കുമ്പളത്താംമൺ

പരി. ദൈവമാവിന് ഉപകാരസ്മരണ
ഒരു വിശ്വാസി, റാന്നി

യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ
ഒരു വിശ്വാസി, വടശ്ശേരിക്കര
ഒരു വിശ്വാസി, കുമ്പളത്താംമൺ

യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ
സെൻവി റിബിൻ, വാകത്താനം
ഒരു വിശ്വാസി, മാമ്പുഴക്കരി
ഒരു വിശ്വാസി, റാന്നി
ഒരു വിശ്വാസി, കുറിച്ചി
ഒരു വിശ്വാസി, കല്ലിശ്ശേരി
ഒരു വിശ്വാസി, കല്ലിശ്ശേരി

## S.S.L.C., C.B.SE., ICSE, +2 എല്ലാവിഷയത്തിനും A+ ലഭിച്ചവർ

### + 2



**Heleny Susan Binoj**
D/o ഫാ.ബിനോജ് കുറിയാക്കോസ്
തുണ്ടിയിൽ (മലകുന്നം)
മാർ ഇഗ്നാത്തിയോസ് ക്നാനായ പള്ളി, കുറിച്ചി



**Naveena Abraham**
D/o ഏബ്രഹാം പി. പുന്നൂസ്
ചക്കാലയിൽ
മാർ ഇഗ്നാത്തിയോസ് ക്നാനായപള്ളി, കുറിച്ചി



**Meekha Manesh**
D/o മനീഷ് മാത്യു
നായിക്കമഠത്തിൽ
മാർ ഇഗ്നാത്തിയോസ് ക്നാനായപള്ളി, കുറിച്ചി



**Jesna Joseph**
D/o ജോസഫുകുട്ടി ഉണ്ണിട്ടൻ
ഇടയാടിയിൽ
സെന്റ് ജോർജ് ക്നാനായപള്ളി
അഞ്ചാനി




**Yamema Robin**
D/o റോബിൻ
ആലുംമൂട്ടിൽ (കുഴിമറ്റം)
സെന്റ് ജോൺസ് പുത്തൻപള്ളി
ചിങ്ങവനം



**Hanna Binoy**
D/o ബിനോയി പി. ഏലിയാസ്
പാലക്കുടിയിൽ (തിരുവനന്തപുരം)
സെന്റ് ജോൺസ് ദയറാപള്ളി,
ചിങ്ങവനം



**Aghia Susan Jiji**
D/o ജിജിമോൻ ജോസഫ്
മാമലത്താഴത്ത്
സെന്റ് ജേക്കബ്സ് ക്നാനായ വലിയപള്ളി, രാമമംഗലം



# S.S.L.C., C.B.S.E., ICSE, +2 എല്ലാവിഷയത്തിനും A+ ലഭിച്ചവർ

## S.S.L.C



**Josh Punnoose Jijy**
S/o ഫാ. ജിജി പുന്നൂസ്
പുത്തൻപുരയ്ക്കൽ
സെന്റ് ജോർജ് ക്നാനായ
കുരിശുപള്ളി, മടന്തമൺ



**Adhin Joby**
S/o ജോബി പി. കുറിയാക്കോസ്
പുതുവാളേട്ട്
സെന്റ് മേരീസ് ക്നാനായപള്ളി
ഇരവിപേരൂർ



**Edwin Thomas**
S/o സിബി തോമസ്
മണലേൽചിറയിൽ
സെന്റ് മേരീസ് സെഹിയോൻപള്ളി
ചെങ്ങളം



**Melvin C. Thomas**
S/o തോമസുകുട്ടി സി.സി.
ചാണ്ടിപണിക്കരേടത്ത്
മാർ ഇഗ്നാത്തിയോസ്പള്ളി
കുറിച്ചി



**Irene Mariya Manoj**
D/o മനോജ്
നൊച്ചുമണ്ണിൽ
സെന്റ് മേരീസ് കുരിശുപള്ളി
ഇട്ടിയപ്പാറ,റാന്നി



**Ashmi Elsa Andrews**
D/o ആൻഡ്രൂസ് പി. ജോർജ്
പ്ലാത്തോടത്തിൽ
സെന്റ് മേരീസ് ക്നാനായ വലിയ
പള്ളി, കല്ലിശ്ശേരി (വെസ്റ്റ് ഓതറ)



**Hanna Santhosh**
D/o സന്തോഷ് ഫിലിപ്പ്
തുണ്ടിയിൽ
സെന്റ് മേരീസ് ക്നാനായപള്ളി
വെള്ളുത്തുരുത്തി



**Joana Jain Jerry**
D/o ജെറി ജോസഫ്
പ്ലാംകൂട്ടത്തിൽ
സെന്റ് മേരീസ് ക്നാനായ
വലിയപള്ളി, കോട്ടയം



**Mariya Johnson**
D/o ജോൺസൺ
പള്ളിത്താഴത്ത്
സെന്റ് ജേക്കബ്സ് ക്നാനായ
വലിയപള്ളി, രാമമംഗലം



**Aurora Achu Elbin**
D/o എൽബിൻ ഏബ്രഹാം
പുന്നവേലിൽ തുണ്ടിയിൽ
സെന്റ് കുറിയാക്കോസ് പള്ളി
ഐത്തല



**Joel Joby**
S/o ജോബി ജോർജ്
മങ്ങച്ചാലിൽ മുത്തേടത്ത്
സെന്റ് ജേക്കബ്സ് ക്നാനായ
വലിയപള്ളി, രാമമംഗലം




**Mehida Bino**
D/o ഡോ. ബിനോ ജോയി
പടിഞ്ഞാറേ മഠത്തിൽ
സെന്റ് മേരീസ് ക്നാനായപള്ളി
കറ്റോട്



**Elen Smiju**
D/o സ്മിജു ജേക്കബ്
മറ്റയ്ക്കാട്ട്
സെന്റ് കുറിയാക്കോസ് പള്ളി
ഐത്തല, റാന്നി



**Alfiya Elza Santhosh**
D/o സന്തോഷ് വി.സി.
കടവിൽ
സെന്റ് മേരീസ് ക്നാനായ
വലിയപള്ളി, കോട്ടയം



# കുശവനും കളിമണ്ണും

സീമ തോമസ്, കന്നിയേൽ, റാന്നി

കുശവനും കളിമണ്ണും തമ്മിലുള്ള അഭേദ്യമായ ബന്ധം നമുക്കേവർക്കും അറിയാം. കുശവന്റെ കൈയ്യിലൂടെ കടന്നു പോകുന്ന കളിമണ്ണിന്റെ രൂപാന്തരവും നമുക്കറിയാം. ഈ ബന്ധം ഊട്ടിയുറപ്പിക്കുന്ന അദ്ധ്യായമാണ് യെശയ്യാവിന്റെ പുസ്തകം 45:9-10 വാക്യങ്ങൾ.

"നിലത്തിലെ കലനുറുക്കുകളുടെ ഇടയിൽ ഒരു കലനുറുക്കായിരിക്കെ, തന്നെ നിർമ്മിച്ചവനോട് തർക്കിക്കുന്നവന് അയ്യോ കഷ്ടം. മനയുന്നവനോട് കളിമണ്ണ് നീ എന്തുണ്ടാക്കുന്നുവെന്നും കൈപ്പണി അവനു കൈ ഇല്ല എന്നും പറയുമോ?" നിലത്തിലെ കലനുറുക്കുകളാണ് നാം ഓരോരുത്തരും. സൃഷ്ടാവിന്റെ കൈകളിലിരുന്ന് ഓരോ ദിവസവും രൂപാന്തരം സംഭവിക്കുന്ന കലനുറുക്കുകൾ. ദൈവം സൃഷ്ടിച്ച കലനുറുക്കായിരിക്കുമ്പോൾ തന്നെ നാമും നമ്മുടെ സൃഷ്ടാവിനോട് തർക്കിക്കാറില്ല..? ജീവിതത്തിൽ സംതൃപ്തപ്പെടുവാൻ ഒരു പാട് കാര്യങ്ങൾ ഉണ്ടായിരുന്നിട്ടും ഇല്ലായ്മകളിലേക്ക് മാത്രം നോക്കി വിധിച്ചിട്ടില്ലേ?

കളിമണ്ണ് മനോഹരമായ ഒരു കളിമൺ പാത്രമായി തീരണമെങ്കിൽ അത് പലതരത്തിലുള്ള വേദനാജനകമായ അവസ്ഥയിലൂടെ കടന്നുപോയേ മതിയാകൂ. ഞെരുക്കങ്ങൾ ഉണ്ടാകും, ഉലച്ചിലുകൾ ഉണ്ടാകും, പൊട്ടലുകളും കൂട്ടിച്ചേർക്കലുകളും ഉണ്ടാകും. എന്നാൽ Ultimate result അതിമനോഹരമായ പാത്രങ്ങൾ നിർമ്മിച്ചെടുക്കുക എന്നതാണ്. ഈ അവസ്ഥയിലൂടെ കടന്നുപോകുമ്പോൾ മൺപാത്രം കുശവനോട് തർക്കിച്ചിട്ടെന്തു കാര്യം? അതുപോലെയാണ് നമ്മുടെ ജീവിതവും. നമ്മുടെ പിതാവിന്റെ കരങ്ങളിലിരിക്കുന്ന കലനുറുക്കുകളാണ് നാമോരോരുത്തരും. പിതാവിനോട് തർക്കിക്കാനോ നമുക്ക് അവകാശമില്ല. ജീവിതത്തിൽ താളംതെറ്റലുകൾ ഉണ്ടാകുമ്പോൾ നമ്മുടെ പ്രാർത്ഥനകൾപോലും ദൈവത്തിന് എന്തോ തെറ്റുപറ്റിയിട്ടുണ്ട്, അത് തിരുത്തണമെന്ന് ദൈവത്തെ ഓർമ്മിപ്പിക്കുന്ന രീതിയിലല്ലേ? ദൈവത്തിന് ഒരിക്കലും തെറ്റ് പറ്റുകയില്ല.

ജീവിതത്തിൽ നാം നേരിടുന്ന ഓരോ പ്രശ്നങ്ങളും ദൈവത്തിന്റെ പ്ലാനിൽപെട്ടവ തന്നെയാണ്. പക്ഷെ ആ ദു:ഖങ്ങൾ എല്ലാം നന്മയായി ഭവിക്കേണ്ടതിന് ദൈവം നമ്മോട് ചേർന്നു തന്നെ പ്രവർത്തിക്കുന്നു. നമ്മുടെ ജീവിതത്തിൽ പതിനായിരം അർത്ഥരാത്രികൾ ഒരുമിച്ച് ചേർന്നാലുണ്ടാകുന്ന ഇരുട്ടും പേമാരിയും കൊടുങ്കാറ്റും നിറഞ്ഞതുമായ രാത്രികൾ ഉണ്ടാകാം. കാർമേഘാവൃതമായ കൂരിരുട്ടിൽ ഒരു മിന്നാമിനുങ്ങിന്റെ ഇത്തിരി വെട്ടമായല്ല അന്ധകാരാവൃതമായ ഇന്നലെകളെ ആയിരം സൂര്യൻ ഒന്നിച്ചുദിക്കുന്ന ശക്തിയോടെ പ്രകാശപൂരിതമായ നാളുകളായി രൂപാന്തരപ്പെടുന്ന ഒരു കരം നമ്മോടൊപ്പമുണ്ടെന്ന് വിശ്വസിക്കുക. അവൻ യിസ്രയേലിന്റെ പരിപാലകൻ, നിന്റെ വലത് ഭാഗത്ത് നിനക്ക് തണൽ.

ജീവിതത്തിൽ ഉയർച്ചയും മനസ്സമാധാനവും സന്തോഷവും ഉണ്ടാകുമ്പോൾ ദൈവത്തെ സ്തുതിച്ചു പാടുവാനും ദൈവം ചെയ്ത നന്മകളേയോർത്ത് നന്ദിപറയുവാനും നമുക്ക് കഴിയും. കാരണം എല്ലാ നന്മകളും നാം അനുഭവിക്കുകയാണ്. പക്ഷെ ജീവിതമാകുന്ന നൗക മുന്നോട്ടു പോകുമ്പോൾ, വഴിയിൽ കാറ്റും കോളും പ്രതിസന്ധികളും നമ്മെ വലയ്ക്കുമ്പോൾ ദൈവസ്തുതി പാടുവാൻ നമുക്ക് കഴിയാറുണ്ടോ? കുറ്റപ്പെടുത്താനും വിധിക്കാനും കലമുറുക്കായിരിക്കുന്ന മനുഷ്യൻ സൃഷ്ടാവിനു നേരെ തിരിയുന്നു.

"മരണത്തിന്റെ ഇരുൾവീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ" (സങ്കീ. 23:4) എന്ന് പറയാൻ നമുക്ക് കഴിയണം. അത്രമാത്രം നമ്മുടെ വിശ്വാസം ആഴമുള്ളതായിരിക്കണം. എന്റെ ദൈവത്തിന്റെ കരങ്ങളിൽ ഞാൻ എന്നും സുരക്ഷിതനാണെന്നും ഒരു കാറ്റിനോ, കോളിനോ, മരുഭൂമിക്കോ, ഇരുട്ടിനോ എന്നെ തൊടുവാൻ കഴിയില്ല എന്ന സത്യം നാം ഓരോരുത്തരും മനസ്സിലാക്കേണ്ടതാണ്.

അതുകൊണ്ട് സ്വയം ദൈവസന്നിധിയിൽ താഴ്ത്തി ഏല്പിച്ചുകൊണ്ട് ദൈവംതന്ന ദാനങ്ങൾക്കുവേണ്ടി സ്തോത്രം ചെയ്യുകയാണ് നമ്മുടെ അനുഗ്രഹം. ഓരോ കലനുറുക്കുകളുടേയും ഭാവി അവിടുന്ന് അറിയുന്നുണ്ട്. തർക്കിക്കാതെ, കലഹിക്കാതെ നമ്മുടെ ദൈവത്തിന്റെ കൈകളിലേക്ക് നമ്മെത്തന്നെ നമുക്ക് സ്വയം ഏൽപ്പിച്ചു കൊടുക്കാം. യേശുവിന്റെ കുരിശുമരണത്തിനു മുമ്പ് കർത്താവ് തമ്പുരാൻ ആഗ്രഹിച്ചിരുന്നു "കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നും നീക്കണമേ എന്ന്." എന്നാൽ ദൈവത്തിന്റെ പദ്ധതിയിൽനിന്നും ആ പാനപാത്രം നീക്കുവാൻ നിവൃത്തി ഉണ്ടായിരുന്നില്ല. അതിന്റെ മട്ടുവരെ ഊറ്റിക്കുടിക്കേണ്ടിയിരുന്നു. പക്ഷെ അതൊരു പരാജയമായിരുന്നില്ല. കുരിശിൽ മരിച്ചതിന്റെ മൂന്നാം ദിവസം കല്ലറ പിളർന്ന് മരണത്തെ തോൽപ്പിച്ച് ഉത്ഥിതനായ ക്രിസ്തു വിളിച്ചുപറയുന്ന ഒരു സത്യമുണ്ട്. ഞാൻ കുടിച്ച പാനപാത്രം എന്നെ കൂടുതൽ കരുത്തനാക്കുകയായിരുന്നു. മരണത്തെ തോൽപ്പിക്കാൻ എന്നെ ശക്തനാക്കുകയായിരുന്നു എന്നുള്ളതാണ് ആ മഹാസത്യം.

നമ്മുടെ ജീവിതത്തിലെ കഷ്ടതകളും നമ്മെ ശക്തരാക്കുകയാണ്. ദൈവമാകുന്ന സൃഷ്ടാവിന്റെ കരങ്ങളിലിരിക്കുന്ന ഓരോ കലനുറുക്കുകളും മനോഹരമായ കളിമൺ പാത്രങ്ങളായി തീരാനുള്ളവയാണ്. ഉടഞ്ഞാലും, പൊട്ടിയാലും പതറരുത്. നമ്മുടെ സൃഷ്ടാവ് അതിനെ പണിയുക തന്നെ ചെയ്യും. "അവൻ ചതഞ്ഞ ഓട ഒടിച്ചുകളയുകയുമില്ല." വിശ്വസിക്കൂ.. മുന്നേറൂ ദൈവം അനുഗ്രഹിക്കട്ടെ..!!

# ക്വട്ടേഷൻ നോട്ടീസ്

ക്നാനായ സമുദായം വക നാട്ടകം വില്ലേ ജിൽപ്പെട്ട കരികുന്നം കാടത്തറ പാടശേഖരത്തിലെ ഏഴ് ഏക്കർ പുഞ്ചനിലത്തും വെളിയനാട് വില്ലേജിൽ കുന്നംങ്കരി മുറിയിൽപ്പെട്ട കരിമീൻതട പാടശേഖര ത്തിലെ രണ്ട് ഏക്കർ എഴുപത് സെന്റ് പുഞ്ചനിലത്തും 2023-24 വർഷം നെൽകൃഷി ചെയ്ത് ആദായം എടു ക്കുന്നതിനുവേണ്ടി പ്രത്യേകം പ്രത്യേകമായുള്ള ക്വട്ടേഷൻ 26-08-2023 ശനിയാഴ്ച രാവിലെ 11 മണിക്ക് മുമ്പായി സമുദായ ഓഫീസിൽ കിട്ടത്തക്ക വണ്ണം ക്ഷണിച്ചുകൊള്ളുന്നു. ഓരോ ക്വട്ടേഷനോടു കൂടിയും 5000 രൂപയുടെ നിരതദ്രവ്യം പണമായോ, ഡി.ഡി യായോ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ കവ റിന് പുറത്ത് പാടശേഖരത്തിന്റെ പേര് വ്യക്തമായി കാണിച്ചിരിക്കണം. ക്നാനായ കമ്മിറ്റിയുടെ തീരു മാനത്തിന് വിധേയമായി അവകാശമുറപ്പിക്കുന്നതു മാണ്. അംഗീകരിക്കപ്പെടുന്ന തുക മുഴുവനും ഉടനെ തന്നെ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ അംഗീകരി ക്കുന്നതിനും തള്ളിക്കളയുന്നതിനുമുള്ള അവകാശം ക്നാനായ കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. ഇതു സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെയുള്ള സമയത്ത് സമു ദായ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

Ph: 0481-2430327, 2432544

**ജേക്കബ് തോമസ് മറ്റയ്ക്കാട്ട്**

**ആക്ടിംഗ് ട്രസ്റ്റി**

ചിങ്ങവനം,

01-08-2023

**01 -ാം ചരമവാർഷികം**

**17-08-2023**



**കുഞ്ഞമ്മ ഏബ്രഹാം**

**തയ്യിൽ, തിരുവൻവണ്ടൂർ (നാക്കട)**

**നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൾ വലഭാഗത്തിൽ**

***സന്തപ്ത കുടുംബാംഗങ്ങൾ***

**01 -ാം ചരമവാർഷികം**

**03-08-2023**



**തോമസ് ഏബ്രഹാം** (അനിയൻ)

**തറമേൽക്കളം, കാവാലം (ബാംഗ്ളൂർ)**

ഭാര്യ: ബിന്ദു ഏബ്രഹാം
മക്കൾ: അനീന തോമസ്, ആൽബിൻ തോമസ്

**11 – ാം ചരമ വാർഷികം**

11 – 09 – 2023



## കെ. എ. ഏബ്രഹാം

(Rtd Dyp. Collector)

**26 – ാം ചരമ വാർഷികം**

**17-08-2023**



## അഡ്വ. അനിൽ ഏബ്രഹാം

കല്ലുവെട്ടാംകുഴിയിൽ, താഴത്തങ്ങാടി, കോട്ടയം

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

**6 – ാം ചരമവാർഷികം**

20 – 08 – 2023




## K. M. Mathew

**Kuttiyil (H), Kurichy**

An inspiring father who loved us cared us and lived for us. You will always remain alive in our hearts.

Inserted by Sorrowing Family

Advt -O



## 2 – ാം ചരമവാർഷികം

18 – 08 – 2023



# മിനി തോമസ്സ്

ഈശ്വരൻപറമ്പിലായ കാട്ടുപറമ്പിൽ, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S




*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 2 – ാം ചരമവാർഷികം

18 – 08 – 2023



# മറിയാമ്മ പുന്നൂസ്

വിളയിൽ, റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 5 – ാം ചരമവാർഷികം

06- 09 -2023



# V. P. THOMAS

VILAYIL, RANNY


"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

# 18th Death Anniversary

14-08-2023



# Chev. P. A. Mathew

## (Mathukutty)

**Palliampil, West Othera, Thiruvalla**

**POABS GROUP**

Advt -S

## 6th Death Anniversary
**8-9-2023**



Advt - S

# Anu Elias
**Chingavanam**

**തറയിൽ മുളയ്ക്കാംചിറ &**
**കാളിശ്ശേരിൽ കുടുംബാംഗങ്ങൾ**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

സന്തപ്ത കുടുംബാംഗങ്ങൾ

## വേർപാടിന്റെ 1 –ാം വർഷം
**02 – 08 – 2023**



Advt -O

# Sosamma Kuriakose
**Pazhayapeedikayil, Thuruthicad**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

സന്തപ്ത കുടുംബാംഗങ്ങൾ

## 2nd Death Anniversary
**23/08/2023**



# Annamma Thomas
**Kannathumuriyil house**
**Ranni**

## 2nd Death Anniversary
**21/11/2023**



Advt -O

# Mariyakutty Thomas
**Parayil house**
**Thuruthy**

“നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ”

With Prayers, Sorrowing Family

IN LOVING MEMORY OF



**T.M.THOMAS** **CHINNAMMA THOMAS**

**DOD 07-04-2023** **DOD 12-09-2017**

**Thevarumuriyil, West Othera**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

Advt -S

**40 – ാം ചരമദിനം**

20 – 07 – 2023



**K.A. JOSEPH (JOSE)**

**Konnathu, Eraviperoor**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

**4 – ാം ചരമവാർഷികം**

30 – 08 – 2023



**ചാച്ചിയമ്മ പുന്നൂസ് (കുഞ്ഞൂഞ്ഞമ്മ)**

**പാറയിൽ കല്ലമണ്ണിൽ, വള്ളംകുളം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാം എന്നുള്ള പ്രത്യാശയോടെ"

*സ്വന്തം കുടുംബാംഗങ്ങൾ*

Advt -O

## 1 –ാം ചരമവാർഷികം
5–9–2023



**ചാക്കോ തോമസ്** (രാജു)
ഒറ്റപ്ലാമൂട്ടിൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 5 –ാം ചരമവാർഷികം
29–08–2023



**എ. സി. ജോയി**
അമ്മനത്ത്, വള്ളംകുളം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



## 1 –ാം ചരമവാർഷികം
14–08–2023

**ചാണ്ടി ജേക്കബ്**
(ജേക്കോട്ടിച്ചായൻ)
(റിട്ട. PWD Department)
തച്ചാറച്ചിറയിൽ (H)
കിഴുമുറി (PO)
രാമമംഗലം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*ഭാര്യ– ലീലാമ്മ ജേക്കബ്*
*മക്കൾ – മരുമക്കൾ – കൊച്ചുമക്കൾ*

Advt -R

# 2nd Death Anniversary
## 07 - 09 - 2023



# Philipose Mathew (Thankachen)

**1952-2021**

Puthenparambil, Chingavanam

*Deeply missed and Lovingly Remembered by*
*Sorrowing Family*

**BEAUTY CENTRE**

Advt -R

43 – ാം ചരമവാർഷികം

9 – 10 – 2023

9 – ാം ചരമവാർഷികം

24 – 8 – 2023



**P.J. Thomas**

**Sosamma Thomas**

**Pattukalayil, Canada**

Sorrowing Family

Advt -O

## 15 – ാം ചരമവാർഷികം

30 – 08 – 2023



**കെ. എ. സ്കറിയ (സ്കറിയാകുഞ്ഞ്)**

**കണ്ണന്താനത്ത്,**
**അങ്ങാടി, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 40 – ാം ചരമദിനം

03 – 08 – 2023



**അമ്മിണി ജേക്കബ്**

വലിയപാറയിലായ – കൊച്ചുപറമ്പിൽ,നീലംപേരൂർ
(കൈപ്പുഴ, റാന്നി)

**അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ അനുകൂലത്തിന്റെ ദിവസത്തിൽ നിന്റെ സൃഷ്ടിയെ നീ പുതുതാക്കേണമേ**

*സന്തപ്ത കുടുംബാംഗങ്ങളും എല്ലാ പ്രിയപ്പെട്ടവരും*

Advt - R

## 40 – ാം ചരമദിനം

18 – 08 – 2023



**അച്ചാമ്മ തോമസ്സ് (കുഞ്ഞമ്മ)**

തട്ടാരുമണ്ണിൽ, ഇരവിപേരൂർ

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

**52 –ാം ചരമവാർഷികം**
**10-09-2023**




## N. UTHUPPAN
**PAZHAYAKALAM NEISSERIL, KURICHY**


നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

*സന്തപ്ത കുടുംബാംഗങ്ങൾ*

**32 –ാം ചരമവാർഷികം**
**25-08-2023**

**13 –ാം ചരമവാർഷികം**
**07-10-2023**





**എം. കെ. ഏബ്രഹാം**
(അവറാച്ചൻ)


**ശോശാമ്മ ഏബ്രഹാം**
(കുഞ്ഞമ്മ)

**മഴുവഞ്ചേരിൽ, കുറിച്ചി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 11th Death Anniversary
**06- 08-2023**



## M. A. Joseph (Kunjukutty)
**Mamalathazhathu, Ramamangalam**

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ

*സന്തപ്ത കുടുംബാംഗങ്ങൾ*

**12 –ാം ചരമവാർഷികം**
**04-08-2023**



**മറിയാമ്മ ചാക്കോ (മേരിക്കുട്ടി)**
**വെള്ളവന്താനത്ത്, മഴുക്കീർ**


ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

*സ്നേഹസ്മരണയ്ക്ക്*

**14 – ാം ചരമവാർഷികം**

**08-08-2023**



**ഇ. പി. ചാക്കോ (കുഞ്ഞൂഞ്ഞ്)**

**ഇളപ്പുങ്കൽ, വെണ്ണിക്കുളം**

കരുണാ നിധിയാം കർത്താവേ നിൻ ദാസനു
നൽകണമുന്നത മോഹന പറുദീസായിൽ വിജയ കിരീടം
സന്തപ്ത കുടുംബാംഗങ്ങൾ

**13 – ാം ചരമവാർഷികം**

**18-08-2023**




**അജു ഏബ്രഹാം**

**കിഴക്കേമുറിയിൽ, ഐത്തല, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

**വേർപാടിന്റെ 16 – ാം വാർഷികം**

**07-09-2023**



**ചാക്കോ സ്കറിയ** (കറിയാപ്പു)

**മണക്കാട്ട്, ചിങ്ങവനം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**10 – ാം ചരമവാർഷികം**

**11-08-2023**



**മോളികുട്ടി കുറിയാക്കോസ്**


**തടത്തിൽ, കുറിച്ചി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**22 – ാം ചരമവാർഷികം** **10 – ാം ചരമവാർഷികം**

**18-08-2023** **23-09-2023**





**മറിയാമ്മ കുറിയാക്കോസ്** **കെ.എം. കുറിയാക്കോസ്**

**കളരിക്കമുറിയിൽ, പഴവങ്ങാടി, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

**09 – ാം ചരമവാർഷികം**

**08-09-2023**




**വി.എം. രാജു**

**വാഴയിൽ, തിരുവൻവണ്ടൂർ (മഴുക്കീർ)**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്ത കുടുംബാംഗങ്ങൾ*

## പാവനസ്മരണയ്ക്ക്

**42 – ാം ചരമവാർഷികം 20-12-2023**




**എൻ.റ്റി. ലൂക്കോസ്**

**35 – ാം ചരമവാർഷികം 24-03-2023**




**സാറാമ്മ ലൂക്കോസ്**

**25 – ാം ചരമവാർഷികം 28-08-2023**



**കെ.തോമസ് (ബേബി)**

**27 – ാം ചരമവാർഷികം 15-03-2023**



**കെ.ജേക്കബ് (അനിയൻ)**

**05 – ാം ചരമവാർഷികം 16-10-2023**




**തമ്പി ലൂക്കോസ്**

**നെടിയൂഴത്തിൽ (കരോട്ട്), ചിങ്ങവനം**

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

**13 –ാം ചരമവാർഷികം**

**08-08-2023**



**ഒ. സി. കുര്യൻ**

**ഊരാക്കമണ്ണിൽ, തോട്ടപ്പുഴ, ഇരവിപേരൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

**5th Death Anniversary**

**27-08-2023**



**Marykutty Chacko**
**Kavumkal, Nellickamon, Ranny**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

**28 –ാം ചരമവാർഷികം** **37 –ാം ചരമവാർഷികം**

**19-07-2023** **04-08-2023**



**ചാച്ചിയമ്മ ജോസഫ്** **ഇടുക്കുള ജോസഫ്**

(മാന്നാർ–കൊറ്റംകുഴി കുടുംബാംഗം)

**തുണ്ടിയിൽ, ഇരവിപേരൂർ**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

**06 –ാം ചരമവാർഷികം**

**31-08-2023**



**മറിയാമ്മ ഏബ്രഹാം** (കുഞ്ഞുമോൾ)

**പുലിക്കോട്ട്, പഴവങ്ങാടി, റാന്നി**

നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

**20 – ാം ചരമവാർഷികം**
**27-08-2023**

**01 – ാം ചരമവാർഷികം**
**19-08-2023**




ജീവിതപഥസഞ്ചലനങ്ങളിലൊരു വിളക്കായ്
കർമ്മപഥങ്ങളിലെയൂർജ്ജമായ്, കൈത്താങ്ങായ്
പ്രതിസന്ധികളെ പുഞ്ചിരിയോടെതിരിടാൻ–
സർവ്വവും നാഥനുമുൻപിലർപ്പിക്കാൻ പഠിപ്പിച്ച,
കാതുകളിലഹോരാത്രം മന്ത്രിച്ച ദൈവ വചസുകളാൽ,
ഉള്ളുലയ്ക്കും ഈശാനമൂലനോടെതിരിട്ടു തളരാ–
തുൾക്കരുത്തേകുമാ സ്ഥൈര്യമായ് വിളങ്ങിയ
മാതാപിതാക്കൾക്കായ് ബാഷ്പാഞ്ജലികളാം പ്രണാമം.

ഞങ്ങളിലമരന്മാരിവരുടെ പ്രാർത്ഥനകളിലിനിയും
സുകൃതം നേടുവാനിടയാക്കണേ കൃപാകരാ......

**ബെന്നി മറ്റത്തിൽ, കുറ്റൂർ**

**എം.എം. ജോസഫ്** **പി. ടി. ചാച്ചിയമ്മ (തങ്കമ്മ )**

**മറ്റത്തിൽ, കുറ്റൂർ**

**നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ**
**സന്തപ്ത കുടുംബാംഗങ്ങൾ**


## 2nd Death Anniversary
**30-08-2023**



## Jebu Philip
## Malathusseril, Chingavanam

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ**
**തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ**
***സന്തപ്ത കുടുംബാംഗങ്ങൾ***

**25 – ാം ചരമവാർഷികം**
**15-08-2023**



## പി.എം. ഏബ്രഹാം
**പാറെകുന്നുംപുറം, ഒളശ്ശ**

**നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൻ വലഭാഗത്തിൽ**
***സ്നേഹം നിറഞ്ഞ കുടുംബാംഗങ്ങൾ***

## 06 – ാം ചരമവാർഷികം
**25- 08-2023**



**ഗ്രേസി ഏബ്രഹാം**
**ചരിവുപറമ്പിൽ, കല്ലിശ്ശേരി**

ഭർത്താവ്: സി.ഐ. ഏബ്രഹാം
മക്കൾ: റോജി, റോബി, റീന (Late)
മരുമക്കൾ: ലിൻഞ്ചു, ബിൻസി
കൊച്ചുമക്കൾ: രാഹുൽ, റോഹൻ, ലെവിൻ, ബെവൻ

## 01 – ാം ചരമവാർഷികം
**10-08-2023**



**മേരിക്കുട്ടി ജോസഫ്**
**പാറയിൽ, ഞാലിയാകുഴി, വാകത്താനം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 19 – ാം ചരമവാർഷികം
**07-08-2023**



**ഡോ. എം.സി. സ്ക്കറിയ** (കറിയാച്ചൻ)

## 1 – ാം ചരമവാർഷികം
**11-09-2023**



**മറിയാമ്മ സ്ക്കറിയ**

**തറയിൽ മുളയ്ക്കാഞ്ചിറ, ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

**07 –ാം ചരമവാർഷികം**

**02-08-2023**



**മേരി ഇടിക്കുള**


**കണിയാംപറമ്പിൽ, പുലയകുന്നിൽ, ഇരവിപേരൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

***ബേബിക്കുട്ടി ആൻഡ്രൂസ് & ഫാമിലി***

**10 –ാം ചരമവാർഷികം**

**14-08-2023**



**സി.എ. കുറിയാക്കോസ്**

**വെന്നുവെള്ളിൽ, ചാന്നാനിക്കാട് (കല്ലിശ്ശേരി)**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

സന്തപ്ത കുടുംബാംഗങ്ങൾ

**17th Death Anniversary in Heaven**

**26-08-2023**



**Mani Joseph** (Manichan)

**Puramattathu, Kuzhimattom, Chingavanam**

**By Sorrowing Family**

**40 –ാം ചരമദിനം**

**16-08-2023**



**സജിനി രാജു**

**പുള്ളുവേലിയ്ക്കൽ, വെള്ളുത്തുരുത്തി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

ഭർത്താവ്: രാജു, മകൾ: റിന്റു, മരുമകൻ: മജു

കൊച്ചുപുരയ്ക്കൽ കുടുംബാംഗങ്ങൾ

**40–ാം ചരമദിനം**



**കുഞ്ഞമ്മ ഏബ്രഹാം**
**കുന്നേൽ**
**തെങ്ങേലി, കുറ്റൂർ**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**15–ാം ചരമവാർഷികം**
**18-08-2023**



**ഉതുപ്പാൻ സ്കറിയാ**
**ഇടത്തിൽ താഴ്ചയിൽ**
**കുറിച്ചി**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**10–ാം ചരമവാർഷികം**
**31-08-2023**




**തങ്കമ്മ ഫിലിപ്പ്**
**ഇടവഴിക്കൽ**
**കോട്ടയം**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**08–ാം ചരമവാർഷികം**
**21-08-2023**



**ജേക്കബ് തോമസ്**
**ചിറപ്പുരയിടത്തിൽ**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**09–ാം ചരമവാർഷികം**
**11-08-2023**



**പൊന്നമ്മ ഐസക്ക്**
**കാവനാൽ**
**തിരുവനന്തപുരം**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**07–ാം ചരമവാർഷികം**
**11-08-2023**



**സാറാമ്മ മാത്യു**
**കുറ്റിയിൽ**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**21–ാം ചരമവാർഷികം**
**05-08-2023**



**ചിന്നമ്മ ഏബ്രഹാം**
**തെക്കേപറമ്പിൽ**
**എസ്.പുരം., കുറിച്ചി**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**ആദരാഞ്ജലികൾ**



**എ. എ. തോമസ്**
(കുഞ്ഞുമോൻ)
**അമ്പഴത്തുങ്കൽ, കുറിച്ചി**

**ക്നാനായ ദീപം**
**& ക്ലീമ്മീസ് പ്രസ്സ്**

---

**04th Year of Demise**
**04-08-2023**




**കെ.കെ. കുറിയാക്കോസ്**
(തമ്പിക്കുഞ്ഞ്)
**കാരിക്കോട്ട്, കുറിച്ചി**
**കോട്ടയം**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**02–ാം ചരമവാർഷികം**
**20-08-2023**




**അന്നാമ്മ കുഞ്ഞപ്പൻ**
**പുതുപ്പറമ്പിൽ (കരിയിൽ)**
**കുഴിമറ്റം**

*സന്തപ്ത കുടുംബാംഗങ്ങൾ*

---


**36–ാം ചരമവാർഷികം**
**30-08-2023**



**Ammini George**
**Kayyaleth**
**Kallissery**
**By Sorrowing Family**

---

**31–ാം ചരമവാർഷികം**
**28-08-2023**



**T. K. Abraham**
**Thompumannil**
**Vadasserikara, Edakulam**

*സന്തപ്ത കുടുംബാംഗങ്ങൾ*

## 5 – ാം ചരമവാർഷികം

17 – 08 – 2023



# Benny Kuriakose

## Thekkemadathil, Chingavanam


ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## Third Death Anniversary

06 – 09 – 2023



# Chev: THAMPY PHILIP

## PALLATHRA


**For To Me To Live Is Christ And To Die Is Gain (Philippians 1:21)**

By Sorrowing family

Advt - O

## 40th Day of Demise

27-08-2023



# M. P. CHACKO (82)

MANGALATHU HOUSE, KUDAPPANAKUNNU
TRIVANDRUM

"I have fought the good fight, I have finished the race, I have kept the faith. Now there is in store for me the crown of righteousness"

By sorrowing Family


## Knanayadeepam Bank Details

A/c No: [illegible]
Chief Editor & Mg. Editor,
Knanaya Deepam
SBI, Chingavanam
IFSC [illegible]

M/S Knanaya Deepam
A/c No: [illegible]
Federal Bank
Chingavanam
IFSC [illegible]

SCAN & PAY

E-mail: [illegible]
WhatsApp No: [illegible]

Registered No. KL/CHC/29/2021-23
Published on 15 August 2023

**KNANAYA DEEPAM**
Chingavanam

RNI No. KERBIL/2006/19210
Vol. 34, Issue: 8 ₹ 10




Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**